# ശുദ്ധീകരണം
# ഒരു സമഗ്ര പഠനം

## ﴿ما يجب معرفته عن الطهارة﴾

[ Malayalam – മലയാളം – مليالم ]


തയ്യാറാക്കിയത്:

**ശൈഖ് അബ്ദുറഹ്മാൻ അൽ ശീഹ**

إعداد : عبد الرحمن بن عبد الكريم الشيحة

വിവർത്തനം:

**മുഹമ്മദ് കുട്ടി കടന്നമണ്ണ**

ترجمة :محمد كوتي أبو بكر

പരിശോധന:

അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി

مراجعة :عبد اللطيف سلمي



المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

# المحتويات

## താളുകളിൽ


| | പേജ്: |
|---|---|
| വിവർത്തകക്കുറിപ്പ് | 4 |
| ആമുഖം | 6 |
| പാപങ്ങളിൽ നിന്നുള്ള ശുദ്ധീകരണം | 12 |
| വിഗ്രഹങ്ങളിൽ നിന്നുള്ള ശുദ്ധീകരണം | 14 |
| മഹത്വപ്പെടുത്തുക, ബഹുമാനിക്കുക എന്ന അർത്ഥത്തിൽ | 14 |
| അനുവദനീയം' എന്ന അർത്ഥത്തിൽ | 15 |
| സംശയങ്ങളിൽ നിന്നുള്ള ഹൃദയശുദ്ധീകരണം | 15 |
| ദുർവൃത്തികളിൽ നിന്നുള്ള ശുദ്ധീകരണം | 16 |
| വൃത്തികേടുകളിൽ നിന്നും നജസുകളിൽ നിന്നുമുള്ള ശുദ്ധീകരണം | 16 |
| ചെറിയ അശുദ്ധിയിൽ നിന്നുള്ള ശുദ്ധീകരണം | 17 |
| ശുദ്ധീകരണം: ചില പ്രത്യേകതകൾ | 21 |
| ബാഹ്യ മാലിന്യങ്ങളിൽ നിന്നുള്ള ശുദ്ധീകരണം | 32 |
| വുദ്വു എന്ത്? | 35 |
| വുദ്വു നിർബന്ധമാവുന്ന കാരണങ്ങൾ | 36 |
| വുദ്വുവിന്റെ പൂർണ്ണ രൂപം | 37 |

| | |
|---|---|
| വുദ്വുവിന്റെ ചില സുന്നത്തുകൾ | 49 |
| വുദ്വു ദുർബ്ബലപ്പെടുന്ന കാര്യങ്ങൾ | 58 |
| വുദ്വു ഉത്തമമായ കാര്യങ്ങൾ | 63 |
| വുദ്വു: ചില അനിസ്‌ലാമികതകൾ | 68 |
| വുദ്വു: ചില ഫത്‌വകൾ | 78 |
| ഖുഫ്ഫകളുടെ മേൽ തടവൽ, തടവേണ്ട സ്ഥാനം | 81 |
| ഖുഫ്ഫകളിന്മേൽ തടവുന്നതിന്റെ നിബന്ധനകൾ | 84 |
| ഖുഫ്ഫകളെ തടവുന്ന രൂപം | 87 |
| തടവാവുന്ന സമയപരിധി | 88 |
| ഖുഫ്ഫകളെ തടവൽ മുറിക്കുന്ന കാര്യങ്ങൾ | 89 |
| കുളി | 90 |
| കുളിയുടെ പൂർണ്ണ രൂപം | 94 |
| കേവലം മതിയാവുന്ന കുളി | 99 |
| സുന്നത്തായ കുളികൾ | 100 |
| ജനാബത്തുള്ളവർക്ക് നിഷിദ്ധമായ കാര്യങ്ങൾ | 104 |
| കുളി: ചില അനിസ്‌ലാമികതകൾ | 107 |
| തയമ്മും | 119 |
| തയമ്മും അനുവദനീയമാക്കുന്ന കാരണങ്ങൾ | 121 |
| തയമ്മുമിന്റെ രൂപം | 126 |

തയമ്മും മുറിയുന്ന കാര്യങ്ങൾ, ചില മുന്നറിയിപ്പുകൾ 128

തയമ്മും: ചില ഫത്‌വകൾ 132

ബാൻഡേജിന്മേൽ തടവൽ 136

ബാൻഡേജിന്മേൽ തടവൽ: ചില ഫത്‌വകൾ 139

രോഗി ശുദ്ധീകരിക്കേതെങ്ങനെ? 142

## വിവർത്തകക്കുറിപ്പ്

വിശ്വാസത്തിന്റെ പകുതിയായ ശുദ്ധി ഇസ്ലാമിന്റെ പരമ പ്രധാനമായ അധ്യാപനങ്ങളിലൊന്നാണ്. ഒരു വിശ്വാസിയുടെ ജീവിതത്തിൽ നിർബന്ധമായും തെളിഞ്ഞ് കാണേണ്ട ഗുണം. ശുദ്ധി പാലിക്കുന്നവരെ അല്ലാഹുവിന്റെ ഇഷ്ടം സമ്പാദിച്ചവരെന്നാണ് ഖുർആൻ വിശേഷിപ്പിച്ചത്.

وَيَسْأَلُونَكَ عَنِ الْمَحِيضِ قُلْ هُوَ أَذًى فَاعْتَزِلُواْ النِّسَاء فِي الْمَحِيضِ وَلاَ تَقْرَبُوهُنَّ حَتَّىَ يَطْهُرْنَ فَإِذَا تَطَهَّرْنَ فَأْتُوهُنَّ مِنْ حَيْثُ أَمَرَكُمُ اللّهُ إِنَّ اللّهَ يُحِبُّ التَّوَّابِينَ وَيُحِبُّ الْمُتَطَهِّرِينَ (سورة البقرة : ٢٢٢)

(തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു,ശുദ്ധി പാലിക്കുന്നവരെയും അവൻ ഇഷ്ടപ്പെടുന്നു) (ബഖറ: 222)

ശുദ്ധീകരണത്തെക്കുറിച്ച് ഒരു വിശ്വാസി നിർബന്ധമായും മനസ്സിലാക്കിയിരിക്കേണ്ട കാര്യങ്ങളെ അൽപ്പം വിശദമായി പ്രതിപാദിക്കുകയാണ് ഈ കൃതിയിലൂടെ. ചിതറിക്കിടന്നിരുന്ന പല സുപ്രധാന വശങ്ങളും ഗ്രന്ഥകാരൻ സമർത്ഥമായി ചേർത്ത് വെച്ചിരിക്കുന്നു. ഈ വിഷയത്തിൽ

ഒരു സമഗ്ര പഠനം ഉദ്ദേശിക്കുന്ന ഒരാൾക്ക് തീർച്ചയായും ഈ കൃതി ഉപകാരപ്പെടും.

മത പ്രബോധന രംഗത്ത് ആധുനിക സാങ്കേതിക വിദ്യകൾ ചൂഷണം ചെയ്യുന്നതിൽ ഗ്രന്ഥകർത്താവിന്റെ പങ്ക് വലുതാണ്. ഇദ്ദേഹത്തിന്റെ പല രചനകളും വിവിധ ലോക ഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്.

കൂടുതൽ സുഗ്രാഹ്യതക്ക് വേണ്ടി ആശയ വിവർത്തന ശൈലിയാണ് ഭാഷാന്തരത്തിൽ സ്വീകരിച്ചിരിക്കുന്നത്. അബദ്ധങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉണർത്തുക.ഇതിന്റെ പരിശോധന നിർവ്വഹിച്ച് കുറ്റമറ്റതാക്കിത്തന്ന മാന്യസഹോദരൻ അബ്ദുല്ല ത്വീഫ് സുല്ലമി മാറഞ്ചേരിയെ പ്രത്യേകം സ്മരിക്കുന്നു. ഇതിൽ പങ്ക്ചേർന്ന എല്ലാവരിൽ നിന്നും അല്ലാഹു സ്വീകരിക്കട്ടെ എന്ന പ്രാർത്ഥനയോടെ ഇത് വായനക്കാരുടെ കരങ്ങളിലേക്ക് സമർപ്പിക്കുന്നു.

മുഹമ്മദ്കുട്ടി കടന്നമണ്ണ.

## مقدمة

## ആമുഖം

കേൾക്കുവാൻ ഇമ്പമുള്ളതും കാതിനെ കുളിർപ്പിക്കുന്നതും സാധാരണ നിലക്ക് ഒരു മനുഷ്യൻ കേൾക്കുന്ന മാത്രയിൽ ഗ്രഹിക്കാൻ കഴിയുന്നതുമായ സുന്ദരമായൊരു പദമാണ് 'ത്വഹാറത്ത്' അഥവാ ശുദ്ധീകരണം. മാലിന്യങ്ങളിൽ നിന്നും അശുദ്ധിയിൽ നിന്നുമുള്ള ശാരീരിക ശുദ്ധി, മ്ലേച്ഛതകളിൽ നിന്നും ന്യൂനതകളിൽ നിന്നും മനസ്സിനെ വൃത്തിയാക്കുന്നതിലൂടെയും,പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും അകന്നു നിൽക്കുന്നതിലൂടെയും,വാക്കുകളും പ്രവർത്തികളുമാവുന്ന സൽക്കർമ്മങ്ങൾ പ്രവർത്തിക്കുന്നതിലൂടെയും ലഭിക്കുന്ന മാനസിക ശുദ്ധി എന്നിവയാണ് ഇതു കൊണ്ട് വിവക്ഷിക്കപ്പെടുന്നത്. അബൂഹുറൈറ(ﷺ) ഉദ്ദരിച്ച ഒരു ഹദീസ് ത്വഹാറത്ത് എന്ന പദത്തിന്റെ പൊതു ഗ്രാഹ്യതയിലേക്ക് വെളിച്ചം നൽകുന്നു. നബി(ﷺ)പറഞ്ഞു:

( أرأيتم لو أن نهراً بباب أحدكم يغتسل فيه كل يوم خمساً ، ما تقول

ذلك يبقى من درنه ؟ قالوا : لا يبقى من درنه شيئاً . قال : فـذلك مثـل الصلوات الخمس يمحو الله به الخطايا ) (متفق عليه )

'നിങ്ങൾ ചിന്തിച്ചു നോക്കൂ, നിങ്ങളിലൊരാളുടെ വീട്ടുപടിക്കലൂടെ ഒരു നദി ഒഴുകിക്കൊണ്ടിരിക്കുന്നു, അതിൽ നിന്നും അയാൾ നിത്യവും അഞ്ച് നേരം കുളിച്ചു കൊണ്ടിരിക്കുന്നു, എങ്കിൽ അയാളുടെ ശരീരത്തിൽ അഴുക്കു വല്ലതും ബാക്കിയാവുമോ? അവർ പറഞ്ഞു: ഇല്ല അയാളുടെ ശരീരത്തിൽ അഴുക്കൊന്നും തന്നെ ബാക്കിയാവുകയില്ല. നബി(ﷺ)പറഞ്ഞു: അതുപോലെയാണ് അഞ്ചു നേരത്തെ നമസ്കാരങ്ങളും,അല്ലാഹു അതുമുഖേന പാപങ്ങൾ മായ്ച്ചുകളയുന്നു.' (ബുഖാരി, മുസ്ലിം).

നമസ്കാരം ശുദ്ധിയോടുകൂടിയല്ലാതെ സ്വീകരിക്കപ്പെടുകയില്ല. അതായത് ചെറിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാവാൻ വുദു ചെയ്യുകയും വലിയ അശുദ്ധിയിൽ നിന്നും ശുദ്ധിയാവാൻ കുളിക്കുകയും ചെയ്യണമെന്നർത്ഥം. അങ്ങനെ അല്ലാഹുവും റസൂൽ(ﷺ)യും പഠിപ്പിച്ചതു പോലെ

ആരെങ്കിലും ശുദ്ധീകരിക്കുകയും,നമസ്കാരം നിർവ്വഹിക്കുകയും ചെയ്താൽ അവന്റെ നമസ്കാരം അവന്ന് പാപങ്ങളിൽ നിന്നും കുറ്റകൃത്യങ്ങളിൽ നിന്നും വീഴ്ചകളിൽ നിന്നുമുള്ള ശുദ്ധീകരണമായിരിക്കും. കാരണം ഇസ്ലാം ആന്തരികവും ബാഹ്യവുമായ ശുദ്ധിയുടെ മതമാണ്. നമസ്കാരം, ഖുർആൻ സ്പർശനം[1], പോലെയുള്ള ചില ആരാധനകളുടെ സ്വീകാര്യതക്ക് നിദാനമായ ശുദ്ധിയുടെ കാര്യത്തിൽ അലംഭാവം കാണിക്കുന്നവരുടെ കാര്യത്തിൽ വളരെ ശക്തമായ താക്കീത് വന്നിട്ടുണ്ട്. ഇബ്നു അബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'രണ്ട് ഖബറുകൾക്കരികിലൂടെ നബി(ﷺ) നടന്നു പോയി, അപ്പോൾ അദ്ദേഹം പറഞ്ഞു:

( إنهما يعذبان وما يعذبان في كبير : أما هذا فكان لا يستتره من بـوله ، وأما هذا فإنه كان يمشي بالنميمة ) ثم دعا بعسيب رطب فشقه بـإثنين فغرس على هذا واحداً وعلى هذا واحداً ثم قال : ( لعلهيخفف عنهما ما

[1] ഖുർആൻ സ്പർശനത്തിന് വുദ്വു ഉണ്ടായിരിക്കൽ ഉത്തമമാണെന്നതിൽ അഭിപ്രായാന്തരമില്ല. എന്നാൽ വുദ്വു ശർത്താണോ അല്ലെയോ എന്ന കാര്യത്തിൽ പണ്ഡിതന്മാർ ഏകാഭിപ്രായക്കാരല്ല (വിവ:)

لم ييبسا ) ( متفق عليه )

'ഇവർ രണ്ട് പേരും ശിക്ഷിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്, അവർ ശിക്ഷിക്കപ്പെടുന്നത് ഒരു വലിയ പാപത്തിനല്ലതാനും. (അതിൽ ഒരു ഖബറിനെ ചൂണ്ടി നബി(ﷺ) പറഞ്ഞു:) ഇയാൾ തന്റെ മൂത്രത്തിൽനിന്നും മറ സ്വീകരിച്ചിരുന്നില്ല,** എന്നാൽ അയാളാകട്ടെ ഏഷണിയുമായി നടക്കുന്നവനായിരുന്നു.' പിന്നീട് നബി(ﷺ)ഒരു പച്ചക്കമ്പ് കൊണ്ടു വരാൻ ആവശ്യപ്പെട്ടു.അത് അദ്ദേഹം രണ്ടായി പിളർത്തുകയും രണ്ട് ഖബറുകളിൻമേലും ഓരോന്ന് നടുകയും ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു: 'ഇത് ഉണങ്ങുന്നത് വരേക്കും അവർക്ക് ശിക്ഷ ലഘൂകരിക്കപ്പെട്ടേക്കാം' (ബുഖാരി, മുസ്ലിം)

തന്റെ സമുദായത്തെ ശുദ്ധിയെ ഇഷ്ടപ്പെടുന്നവരാക്കി വളർത്തണമെന്നാഗ്രഹിച്ച പ്രവാചക (ﷺ)ന്റെ പ്രാർത്ഥനകളിൽ ഒന്ന് ഇപ്രകാരമാണ്...

---

** മൂത്രവിസർജ്ജനം ചെയ്യുമ്പോൾ ശരീരത്തിലേക്കും വസ്ത്രത്തിലേക്കും തെറിക്കുന്നതും, ആളുകളിൽ നിന്ന് മറ സ്വീകരിക്കാതിരിക്കുന്നതും, വിസർജ്ജന ശേഷം ശുദ്ധിയാക്കാതിരിക്കുന്നതുമെല്ലാം ഇതിൽ ഉൾപ്പെടുന്നു (വിവ:).

( اللّٰهُمَّ لك الحمد ملء السموات وملء الأرض وملء ما شئت من شيء بعد، اللّٰهُمَّ طهرني بالثلج والبرد والماء البارد، اللّٰهُمَّ طهرني من الذنوب ونقني منهما كما ينقى الثوب الأبيض من الوسخ ) ( أحمد )

(അല്ലാഹുമ്മ ലകൽ ഹംദു മിൽഅസ്സമാവാത്തി വമിൽഅൽ അർദി വമിൽഅ മാ ശിഅ്ത മിൻ ശൈഇൻ ബഅ്ദഹു, അല്ലാഹുമ്മ ത്വഹ്ഹിർനീ ബിഥ്ഥൽജി വൽ ബറദി വൽമാഇൽ ബാരിദ്, അല്ലാഹുമ്മ ത്വഹ്ഹിർനീ മിനദ്ദുനൂബി വനഖ്ഖിനീ മിൻഹാ കമാ യുനഖ്ഖഥ്ഥൗബുൽ അബ്യദു മിനൽ വസഖ്)

'അല്ലാഹുവേ, ആകാശങ്ങളും ഭൂമിയും അതിനപ്പുറം നീ ഉദ്ദേശിക്കുന്നതൊക്കെയും നിറയുന്നത്ര നിനക്ക് സ്തുതി.അല്ലാഹുവേ... ഹിമം കൊണ്ടും മഞ്ഞുകൊണ്ടും തണുത്ത വെള്ളം കൊണ്ടും നീയെന്നെ ശുദ്ധീകരിച്ചാലും. അല്ലാഹുവേ.. എന്റെ പാപങ്ങളിൽ നിന്നും നീയെന്നെ ശുദ്ധീകരിച്ചാലും, വെള്ളവസ്ത്രത്തെ അഴുക്കിൽ നിന്നും ശുദ്ധീകരിക്കുന്നതു പോലെ അതിൽ നിന്നും നീയെന്നെ വൃത്തിയാക്കിയാലും' (അഹ്മദ്).

ഇസ്‌ലാമിക അദ്ധ്യാപനങ്ങൾ ശുദ്ധിക്ക് പ്രേരിപ്പിക്കുകയും അതിനായി കൽപ്പിക്കുകയും ചെയ്യുന്നു. ജാബിർ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) ഞങ്ങളുടെ അടു ൽ വന്നു, അപ്പോൾ മുടി ജഡകുത്തിയ ഒരാളെ അദ്ദേഹം കണ്ടു,അയാളുടെ മുടി വിടർന്നു നിൽക്കുന്നുണ്ട്. അപ്പോൾ നബി(ﷺ) അയാളോട് പറഞ്ഞു: ( أما كان يجد هذا ما يسكن به شعره ؟ ) തന്റെ മുടി ഒതുക്കി വെക്കാവുന്ന ഒന്നും ഇയാൾക്ക് ലഭിച്ചില്ലേ?' മറ്റൊരാളെ അദ്ദേഹം കണ്ടു. അയാളുടെ വസ്ത്രം അഴുക്ക് പുരണ്ടതാണ്. അപ്പോൾ നബി(ﷺ) ചോദിച്ചു: ( أما كان هذا يجد ماءً يغسل به ثوبه ؟) തന്റെ വസ്ത്രം കഴുകാനുള്ള വെള്ളം ഇയാൾക്ക് കിട്ടിയില്ലെന്നോ?' (അഹ്മദ്, നസാഇ, അബൂദാവൂദ്).

ഇബ്നുൽ ഖയ്യിം(ﷺ) പറയുന്നു: 'ഐഹിക ജീവിതത്തിൽ ശുദ്ധി പാലിക്കുകയും തന്റെ മാലിന്യങ്ങളിൽ നിന്നെല്ലാം മുക്തനായിക്കൊണ്ട് അല്ലാഹുവിനെ കണ്ടുമുട്ടുകയും ചെയ്യുന്ന ആരെയും യാതൊരു തടസ്സവുമില്ലാതെ അല്ലാഹു സ്വർ

ഗ്ഗത്തിൽ പ്രവേശിപ്പിക്കും. എന്നാൽ ഇഹ ലോകത്ത് ശുദ്ധി കൈവരിക്കാത്തവൻ, അവൻ അവിശ്വാസിയെപ്പോലെ ശരീരം തന്നെ അശുദ്ധനാണെങ്കിൽ അവൻ ഒരവസ്ഥയിലും സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. എന്നാൽ അശുദ്ധി അവന്റെ കർമ്മത്തിലൂടെ വെളിപ്പെട്ടതാണെങ്കിൽ നരകശിക്ഷയിലൂടെ അവന്റെ പാപം ശുദ്ധീകരിക്കപ്പെട്ടതിന് ശേഷം അവൻ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കപ്പെടും, പിന്നീട് അതിൽ നിന്നും അവൻ പുറത്താക്കപ്പെടുകയില്ല'*

ഈ പദം ഖുർആനിൽ വ്യത്യസ്ത അർത്ഥങ്ങളിൽ ഉപയോഗിച്ചിരിക്കുന്നു എന്നത് ഇസ്‌ലാമിക വീക്ഷണത്തിൽ 'ത്വഹാറത്ത്' എന്ന പദത്തിന്റെ അർത്ഥ വ്യാപ്തി വ്യക്തമാക്കുന്ന ഒന്നാണ്. ഖുർആനിൽ'ത്വഹാറത്തി'ന് പ്രയോഗിക്കപ്പെട്ട അർത്ഥങ്ങളിൽ ചിലത് ഇപ്രകാരമാണ്:

**1) പാപങ്ങളിൽ നിന്നുള്ള ശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( خذ من أموالهم صدقةً تطهرهم وتزكيهم بها ) ( التوبة : ١٠٣ )

* ( إغاثة اللهفان : ٥٧/١ )

‘അവരെ ശുദ്ധീകരിക്കുകയും അവരെ സംസ്കരിക്കാനുതകുകയും ചെയ്യുന്ന ദാനം അവരുടെ സ്വത്തുക്കളിൽ നിന്ന് നീ വാങ്ങുക’ (തൗബ: 103).

ഇബ്നുഅബ്ബാസ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:

( فرض رسول الله صلى الله عليه وسلم زكاة الفطر طهرةً للصائم من اللغو ومن الرفث وطعمةً للمسكين ، ومن أداها قبل الصلاة فهي زكاة مقبولة ومن أداها بعد الصلاة صدقة من الصدقات) ( أبو اود ، ابن ماجة )

‘നോമ്പുകാരന് തന്റെ നിരർത്ഥകങ്ങളായ വാക്ക് പ്രവർത്തികളിൽ നിന്നും (ചെറുപാപങ്ങൾ) ഉള്ള ശുദ്ധീകരണമായിക്കൊണ്ടും പാവങ്ങൾക്കുള്ള ഭക്ഷണമായിക്കൊണ്ടും നബി(ﷺ)ഫിത്വ്ർ സകാത്ത് നിർബന്ധമാക്കുകയുണ്ടായി.അത് പെരുന്നാൾ നമസ്കാരത്തിനു മുമ്പായി കൊടുക്കുന്നവരിൽ നിന്നും അത് സകാത്തായി സ്വീകരിക്കപ്പെട്ടു.എന്നാൽ നമസ്കാര ശേഷമാണ് ഒരാൾ അത് കൊടുത്തതെങ്കിൽ അത് കേവലം ധർമ്മം മാത്രമാണ്’

(അബൂദാവൂദ്, ഇബ്നുമാജ).

**2) വിഗ്രഹങ്ങളിൽ നിന്നുള്ള ശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( وطهرا بيتي للطائفين والعاكفين والركع السجود ) (البقرة : ١٢٥)

'ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജനം) ഇരിക്കുന്നവർക്കും തല കുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന (പ്രാർത്ഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങളിരുവരും ശുദ്ധമാക്കി വെക്കുക' (ബഖറ: 125).

**3) മഹത്വപ്പെടുത്തുക,ബഹുമാനിക്കുക എന്ന അർത്ഥത്തിൽ: അല്ലാഹു പറയുന്നു:**

( لم يكن الذين كفروا من أهل الكتاب والمشركين منفكين حتى تأتيهم البينة ، رسول من الله يتلو صحفاً مطهرة ) ( البينة : ١،٢ )

'വേദക്കാരിലും ബഹുദൈവ വിശ്വാസികളിലും പെട്ട സത്യ നിഷേധികൾ വ്യക്തമായ തെളിവ് തങ്ങൾക്ക് വന്നു കിട്ടുന്നതുവരെ (അവിശ്വാസത്തിൽ നിന്ന്) വേറിട്ട് പോരുന്നവരായിട്ടില്ല. പരിശുദ്ധി നൽകപ്പെട്ട ഏടുകൾ ഓതിക്കേൾപ്പിക്കുന്ന, അല്ലാ

ഹുവിങ്കൽ നിന്നുള്ള ഒരു ദൂതൻ (വരുന്നതു വരെ) (ബയ്യിന:1, 2).

**4) ‘അനുവദനീയം’ എന്ന അർത്ഥത്തിൽ: അല്ലാഹു പറയുന്നു:**

( عليهم ثياب سندس خضر وإستبرق وحلوا أساور من فضة وسقاهم ربهم شراباً طهوراً ) ( الإنسان : ١ )

‘അവരുടെ മേൽ പച്ച നിറമുള്ള നേർത്ത പട്ടു വസ്ത്രങ്ങളും കട്ടിയുള്ള പട്ടുവസ്ത്രവും ഉണ്ടായിരിക്കും. വെള്ളിയുടെ വളകളും അവർ അണിയിക്കപ്പെടുന്നതാണ്. അവർക്ക് അവരുടെ രക്ഷിതാവ് തികച്ചുംശുദ്ധമായ പാനീയം കുടിക്കാൻ കൊടുക്കുന്നതാണ്’ (ഇൻസാൻ: 21).

**5) സംശയങ്ങളിൽ നിന്നുള്ള ഹൃദയശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( وإذا سألتموهن متاعاً فاسألوهن من وراء حجاب ذلكم أطهر لقلوبكم وقلوبهن )

‘നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങള

വരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ചു കൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും സംശുദ്ധമായിട്ടുള്ളത്' (അഹ്സാബ്: 53).

**6) ദുർവൃത്തികളിൽ നിന്നുള്ള ശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( وإذ قالت الملائكة يا مريم إن الله اصطفاك وطهرك واصطفاك على نساء العالمين )

'മലക്കുകൾ പറഞ്ഞ സന്ദർഭവും(ശ്രദ്ധിക്കുക:) മർയമേ, തീർച്ചയായും അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുക്കുകയും നിനക്ക് പരിശുദ്ധി നൽകുകയും, ലോകത്തുള്ള സ്ത്രീകളിൽ വെച്ച് ഉൽകൃഷ്ടയായി നിന്നെ തെരഞ്ഞെടുക്കുകയും ചെയ്തിരിക്കുന്നു' (ആലുഇംറാൻ: 42).

**7) വൃത്തികേടുകളിൽ നിന്നും നജസുകളിൽ നിന്നുമുള്ള ശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( والذين آمنوا وعملوا الصالحات سندخلهم جنات تجري من تحتها الأنهار خالدين فيها أبداً لهم فيها أزواج مطهرة وندخلهم ظلاًّ ظليلاً )

( النساء : ٥٧ )

'വിശ്വസിക്കുകയും സൽപ്രവർത്തികളിൽ ഏർപ്പെടുകയും ചെയ്തവരാകട്ടെ, താഴ്ഭാഗത്തുകൂടി അരുവികളൊഴുകുന്ന സ്വർഗ്ഗത്തോട്ടങ്ങളിൽ നാം അവരെ പ്രവേശിപ്പിക്കുന്നതാണ്. അവരതിൽ നിത്യവാസികളായിരിക്കും.അവർക്കവിടെ പരിശുദ്ധരായ ഇണകളുണ്ടായിരിക്കും. സ്ഥിരവും ഇടതൂർന്നതുമായ തണലിൽ നാമവരെ പ്രവേശിപ്പിക്കുകയും ചെയ്യും' (നിസാഅ് : 57).

**8) ചെറിയ അശുദ്ധിയിൽ നിന്നുള്ള ശുദ്ധീകരണം: അല്ലാഹു പറയുന്നു:**

( يا أيها الذين آمنوا إذا قمتم إلى الصلاة فاغسلوا وجوهكم وأيديكم إلى المرافق وامسحوا برؤوسكم وأرجلكم إلى الكعبين ، وإن كنتم جنباً فالطهروا وإن كنتم مرضى أو على سفر أو جاء أحد منكم من الغائط أو لامستم النساء فلم تجدوا ماءً فتيمموا صعيداً طيباً فامسحوا بوجوهكم وأيديكم منه ما يريد الله ليجعل عليكم في الدين من حرج ولكن يريد ليطهركم وليتم نعمته عليكم ولعلكم تشكرون)

(المائدة:٦)

‘സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തി ന്നൊരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും മുട്ടുവ രെ രണ്ടുകൈകളും കഴുകുകയും, നിങ്ങളുടെ ത ല തടവുകയും നെരിയാണി വരെ രണ്ടു കാലുക ൾ കഴുകുകയും ചെയ്യുക. നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ നിങ്ങൾ (കുളിച്ച്) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകു കയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെ ങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം ക ഴിഞ്ഞ് വരികയോ, നിങ്ങൾ സ്ത്രീകളുമായി സം സർഗ്ഗം നടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെ ള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടി ക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മു ഖവും കൈകളും തടവുക. നിങ്ങൾക്ക് ഒരു ബു ദ്ധിമുട്ടും വരുത്തിവെക്കണമെന്ന് അല്ലാഹു ഉദ്ദേ ശിക്കുന്നില്ല. എന്നാൽ നിങ്ങളെ ശുദ്ധീകരിക്കണ മെന്നും, തന്റെ അനുഗ്രഹം നിങ്ങൾക്ക് പൂർത്തി യാക്കിത്തരണമെന്നും അവനുദ്ദേശിക്കുന്നു.നിങ്ങ ൾ നന്ദിയുള്ളവരായേക്കാം’ (മാഇദ: 6).

ആയിശ(ﷺ)യിൽ നിന്നും നിവേദനം, അവർ പറഞ്ഞു: 'അസ്മാഅ് നബി(ﷺ)യോട് ആർത്തവം കഴുകുന്നതിനെക്കുറിച്ച് ചോദിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:

( تأخذ إحداكن ماءها وسدرتها فتطهر فتحسن الطهور ، ثم تصب على رأسها فتدلكه دلكاً شديداً حتى تبلغ شؤون رأسها ( أصول شعر الرأس ) ثم تصب عليها الماء ثم تأخذ فرصة ممسكة فتطهر بها... الخ )

( متفق عليه )

'നിങ്ങളിലൊരുവൾ വെള്ളവും താളിയും (സോപ്പ് പോലെയുള്ള വസ്തുക്കൾ) കൊണ്ട് അതിനെ (ആർത്തവരക്തത്തെ) നന്നായി കഴുകി വൃത്തിയാവുക. ശേഷം തന്റെ തലയിൽ വെള്ളമൊഴിച്ച് തലയുടെ തൊലിയിൽ (തലമുടിയുടെ മുരട്ടിൽ) വെള്ളം ശരിക്ക് നനയുന്ന രൂപത്തിൽ ശക്തിയായി ഉരച്ച് കഴുകുക. ശേഷം വീണ്ടും തലയിലൂടെ വെള്ളമൊഴിക്കുക. ശേഷം ഒരു തുണിക്കഷ്ണം (അല്ലെങ്കിൽ പഞ്ഞി) എടുത്ത് അതു കൊണ്ട് വീണ്ടും വൃത്തിയാക്കുക.അപ്പോൾ അസ്മാഅ് ചോദിച്ചു:'എങ്ങനെയാണ് ഞാനതു കൊണ്ട് വൃത്തി

യാക്കേണ്ടത്?' അദ്ദേഹം പറഞ്ഞു: 'സുബ്ഹാനല്ലാഹ്! അതുകൊണ്ട് നീയങ്ങ് വൃത്തിയാക്കിയേക്ക്'. അപ്പോൾ ആയിശ പറഞ്ഞു: 'രക്തത്തിന്റെ പാടുകൾ ഉരച്ച് കളയുകയാണ് നീ ചെയ്യേണ്ടത്, ജനാബത്ത് കുളിയെക്കുറിച്ച് ഞാൻഅദ്ദേഹത്തോട് ചോദിക്കുകയുണ്ടായി. അപ്പോൾ അദ്ദേഹം പറഞ്ഞത്: 'നീ വെള്ളം എടുത്ത് നന്നായി കഴുകി ശുദ്ധിയാക്കുക, (രക്തമെല്ലാം നന്നായി കഴുകി ശുദ്ധിയാവുക) പിന്നീട് വെള്ളം തലയിലൂടെ ഒഴിക്കുകയും തലയുടെ തൊലിയിൽ വെള്ളം ചേരുന്നതു വരെ തല നന്നായി ഉരക്കുകയും ചെയ്യുക. ശേഷം വീണ്ടും തലയിലൂടെ വെള്ളം കോരിയൊഴിക്കുക' അപ്പോൾ ആയിശ(ﷺ) പറഞ്ഞു: 'അൻസ്വാരി സ്ത്രീകൾ എത്ര നല്ല സ്ത്രീകൾ, മത പാണ്ഡിത്യത്തിൽ അവഗാഹം നേടുന്നതിൽ നിന്നും ലജ്ജ അവരെ തടയാറുണ്ടായിരുന്നില്ല' (ബുഖാരി, മുസ്ലിം).

അബ്ദുർറഹ്മാൻബിൻ അബ്ദുൽകരീം അൽശീഹ
പി. ഒ. ബോക്സ് നമ്പർ: 59565. റിയാദ്: 11535.
www.islamland.org - Email: alsheha@cocg.org

****************************

من خصائص الطهارة

## **ശുദ്ധീകരണം: ചില പ്രത്യേകതകൾ**

- ശുദ്ധി വിശ്വാസത്തിന്റെ പകുതിയാണ്. നബി (ﷺ)പറയുന്നു:

( الطهور شطر الإيمان والحمد لله تملأ الميزان وسبحان الله والحمد لله تملآن أو تملأ ما بين السموات والأرض ، والصلاة نور ، والصدقة برهان ، والصبر ضياء ، والقرآن حجة لك أو عليك ، كل الناس يغدو فبايع نفسه فمعتقها أو موبقها ) ( مسلم )

'ശുദ്ധി വിശ്വാസത്തിന്റെ പകുതിയാണ്, അൽഹംദു ലില്ലാഹ് തുലാസിനെ നിറക്കുന്നു, 'സുബ്ഹാനല്ല'യും 'അൽഹംദു ലില്ലാഹിയും' ആകാശ ഭൂമികൾക്കിടയിലുള്ളതിനെയെല്ലാം നിറക്കുന്നു. നമസ്കാരം പ്രകാശമാണ്, ധർമ്മം പ്രമാണവും ക്ഷമ വെളിച്ചവുമാണ്, ഖുർആൻ നിനക്ക് അനുകൂലമായോ പ്രതികൂലമായോ ഉള്ള തെളിവുമാണ്. മുഴുവൻ മനുഷ്യരും പ്രഭാതത്തെ പുൽകുകയും തന്റെ ശരീരത്തെ അവൻ വിൽക്കുകയും ചെയ്യുന്നു. അങ്ങനെ അവൻ അതിനെ മോചിപ്പിക്കുക

യോ അതിനെ പാപപങ്കിലമാക്കുകയോ ചെയ്യുന്നു' (മുസ്‌ലിം).

- അത് അല്ലാഹുവിന്റെ സ്നേഹത്തിനും തൃപ്തിക്കും കാരണമാവുന്നു: നബി(ﷺ) പറഞ്ഞതായി അബൂഹുറൈറ(رضي الله عنه) ഉദ്ധരിക്കുന്ന ഹദീസിൽ കാണാം:

فيه رجال يحبون أن يتطهروا ( التوبة : ١٠٨ )

'ശുദ്ധി കൈവരിക്കാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ' (തൗബ: 108) 'ഈ ഖുർആൻ വചനം ഖുബാ നിവാസികളുടെ കാര്യത്തിൽ അവതരിച്ചതാണ്' നബി(ﷺ) പറഞ്ഞു:

(كانوا يستنجون بالماء فنزلت فيهم هذه الآية ) ( أبو داود والترمذي)

'മലമൂത്ര വിസർജ്ജനാനന്തരം അവർ വെള്ളം കൊണ്ട് ശൗച്യം ചെയ്യുന്നവരായിരുന്നു, അതിനാലാണ് അവരുടെ കാര്യത്തിൽ ഈ ആയത്ത് അവതരിച്ചത്' (അബൂദാവൂദ്, തുർമുദി).

- അത് വിശ്വാസികളുടെ വിശേഷണത്തിൽപ്പെട്ടതാണ്. കാരണം ശുദ്ധി വരുത്തൽ ഒരു ആരാധനയാണ്, അല്ലാഹു അല്ലാതെ അതിന്റെ നിജ

സ്ഥിതി അറിയുകയില്ല. നബി(ﷺ) പറയുന്നു:

(استقيموا ولن تحصوا ، واعلموا أن من أفضل أعمالكم الصلاة ، ولا يحافظ على الوضوء إلا مؤمن ) ( ابن ماجة ، دارمي ، البيهقي )

'നിങ്ങൾ നേരെ ചൊവ്വെ നിലക്കൊള്ളുക. (നിങ്ങൾക്കുള്ള പ്രതിഫലം) കണക്കാക്കാൻ കഴിയുന്നതല്ല. അറിയുക, നിങ്ങളുടെ കർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായത് നമസ്കാരമാണ്. വിശ്വാസിയല്ലാതെ വുദുവിൽ സൂക്ഷ്മത പുലർത്തുകയില്ല' (ഇബ്നുമാജ, ദാരിമി, ബൈഹഖി).

- സ്ഥിരമായി ശുദ്ധി പാലിക്കുക എന്നത് പ്രാർത്ഥന സ്വീകരിക്കപ്പെടാനും ഉത്തരം ലഭിക്കാനുമുള്ള കാരണങ്ങളിൽപ്പെട്ടതാണ്. അംറുബ്നുഅബസയിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി(ﷺ) പറഞ്ഞു:

(ما من مسلم يبيت على طهر ثم يتعار من الليل فيذكر الله ويسأل الله خيراً من خير الدنيا والآخرة إلا آتاه الله إياه) (أحمد ، الطبراني)

'ശുദ്ധിയോടുകൂടി രാത്രി ഉറങ്ങാൻ കിടക്കുകയും, എന്നിട്ട് ഉറക്കം വരാതെ അപ്പോൾ അല്ലാ

ഹുവിനെ ഓർമ്മിക്കുകയും അവനോട് ഐഹികവും പാരത്രികവുമായ നന്മയെ ചോദിക്കുകയും ചെയ്യുന്ന ഏതൊരാൾക്കും അല്ലാഹു അത് നൽകാതിരിക്കുകയില്ല' (അഹ്മദ്, ത്വബ്റാനി).

- ശുദ്ധിയുണ്ടാവുന്നതിൽ ശുഷ്കാന്തി കാണിക്കുക എന്നത് തന്റെ പദവികൾ ഉയർത്തപ്പെടാനുള്ള കാരണങ്ങളിലൊന്നാണ്. അബൂഹുറൈറ (ﷺ) നിവേദനം ചെയ്ത ഒരു ഹദീസിൽ അദ്ദേഹം പറയുന്നു: 'ഒരു പ്രഭാത നമസ്കാരവേളയിൽ നബി(ﷺ) ബിലാൽ(ﷺ) വിനോട് ഇപ്രകാരം പറഞ്ഞു:

( يا بلال حدثني بأرجى عمل عملته في الإسلام ، فإني سمعت دف نعليك بين يدي في الجنة ) قال : " ما عملت عملاً أرجى عندي أني لم أتطهر طهوراً في ساعة ليل أو نهار إلا صليت بذلك الطهور ما كتب لي أن أصلي " ( متفق عليه )

'ബിലാൽ, ഇസ്ലാമിൽ താങ്കൾ ചെയ്ത ഏറ്റവും ഉത്തമമായ കർമ്മം എന്താണെന്ന് എനിക്ക് പറഞ്ഞു തരൂ, കാരണം സ്വർഗ്ഗത്തിൽ എനിക്ക് മുമ്പി

ലായി താങ്കളുടെ ചെരിപ്പടി ശബ്ദം ഞാൻ കേൾക്കുകയുണ്ടായി'. അദ്ദേഹം പറഞ്ഞു: 'രാത്രിയാവട്ടെ പകലാവട്ടെ ഏതൊരു സമയത്ത് ഞാൻ ശുദ്ധി ചെയ്താലും അതുകൊണ്ട് എനിക്ക് രേഖപ്പെടുത്തപ്പെട്ട നമസ്കാരം ഞാൻ നമസ്കരിക്കാതിരിക്കുന്നില്ല എന്നതുമാത്രമാണ് ഞാൻ ചെയ്യുന്ന ഏറ്റവും മഹത്തായ കർമ്മം' (ബുഖാരി, മുസ്ലിം).

- സ്ഥിരമായി ശുദ്ധി പാലിക്കുക എന്നത് പാപങ്ങൾ പൊറുക്കപ്പെടാൻ കാരണമാക്കുന്നു. നബി(ﷺ) പറഞ്ഞു:

( ما من امرئ مسلم تحضره صلاة مكتوبة فيحسن وضوءها وخشوعها وركوعها إلا كانت له كفارة لما قبلها من الذنوب مالم يؤت كبيرة وذلك الدهر كله) (مسلم)

'മുസ്ലിമായ ഏതൊരു മനുഷ്യനും ഒരു നിർബന്ധ നമസ്കാരത്തിന്റെ സമയം ആസന്നമാവുകയും അങ്ങനെ അവൻ നന്നായി അംഗശുദ്ധി വരുത്തുകയും ഭയഭക്തിയും റുകൂഉമെല്ലാം ഉത്തമമായ രൂപത്തിൽ നിർവ്വഹിച്ച് (നമസ്കരിക്കുകയും) ചെയ്താൽ, അവൻ വൻപാപങ്ങൾ ചെയ്തിട്ടില്ലെ

ങ്കിൽ, അവന്റെ കഴിഞ്ഞുപോയ പാപങ്ങൾക്ക് എല്ലാമുള്ള പ്രായശ്ചിത്തമാണത്. ഇപ്രകാരം എന്നെന്നും ഉണ്ടായിരിക്കുന്നതാണ്‘. (മുസ്‌ലിം).

- അതുമുഖേന അല്ലാഹു പാപങ്ങൾ മായ്ച്ചു കളയുകയും അതിലൂടെ പദവികൾ ഉയർത്തുകയും ചെയ്യുന്നു. നബി(ﷺ) പറഞ്ഞു:

( ألا أدلكم على ما يمحو به الله الخطايا ويرفع به الدرجات ؟ قالوا بلى يا رسول الله قال : إسباغ الوضوء على المكاره ، وكثرة الخطا إلى المساجد ، وانتظار الصلاة بعد الصلاة ، فذلكم الرباط ) (مسلم )

‘അല്ലാഹു പാപങ്ങളെ മായ്ച്ചു കളയുകയും പദവികളെ ഉയർത്തുകയും ചെയ്യുന്ന ഒരു കാര്യം ഞാൻ നിങ്ങൾക്ക് അറിയിച്ച് തരട്ടെയോ? അവർ പറഞ്ഞു: ‘അതേ അല്ലാഹുവിന്റെ ദൂതരേ’. അദ്ദേഹം പറഞ്ഞു: ‘വിഷമാവസരത്തിൽപ്പോലും വുദുവിനെ പൂർണ്ണമാക്കി ചെയ്യുക, പള്ളികളിലേക്ക് കാലടികളെ അധികരിപ്പിക്കുക, ഒരു നമസ്കാര ശേഷം അടുത്ത നമസ്കാരത്തെ പ്രതീക്ഷിച്ചിരിക്കുക എന്നിവയാണത്. അതാണ് രിബാത്വ് (സുരക്ഷാ കവചം, പരസ്പരം ബന്ധിപ്പിക്കുന്നത് എ

ന്നൊക്കെയാണ് രിബാത്വിന്റെ അർത്ഥം)(മുസ്ലിം).

മറ്റൊരു നബിവചനം: അംറുബ്നു അബസ (ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഞാൻ ചോദിച്ചു: പ്രവാചകരേ എങ്ങനെയാണ് വുദു എടുക്കേണ്ടത്? നബി(ﷺ) പറഞ്ഞു: 'എന്നാൽ വുദുവിന്റെ കാര്യം.. അത്, വുദു ചെയ്യുമ്പോൾ നീ നിന്റെ കൈ കഴുകുകയും അതിനെ ശുദ്ധീകരിക്കുകയും ചെയ്യുന്നതിലൂടെ നിന്റെ വിരലുകൾക്കും നഖങ്ങൾക്കുമിടയിലൂടെ നിന്റെ പാപങ്ങൾ പുറത്ത് പോവുന്നു. അതുപോലെ നീ കൊപ്ലിക്കുകയും രണ്ട് മൂക്കിലും വെള്ളം കേറ്റി വൃത്തിയാക്കുകയും മുഖം കഴുകുകയും മുട്ടുൾപ്പെടെ രണ്ടു കൈകളും കഴുകുകയും തല തടവുകയും നിന്റെ രണ്ട് പാദങ്ങളും നെരിയാണിയുൾപ്പെടെ കഴുകുകയും ചെയ്യുന്നതോടെ മൊത്തത്തിൽ നിന്റെ പാപങ്ങളിൽ നിന്നെല്ലാം നീ കുളിച്ച് ശുദ്ധിയായി. അതിനു ശേഷം നീ നിന്റെ മുഖത്തെ ഉന്നതനും മഹാനുമായ അല്ലാഹുവിനു മുമ്പിൽ വെച്ചാൽ നിന്റെ ഉമ്മ നിന്നെ പ്രസവിച്ച നാളുപോലെ നീ നിന്റെ മുഴുവൻ പാപങ്ങളിൽ നി

ന്നും മുക്തമായി ക്കഴിഞ്ഞു' (നസാഇ).

- അത് പ്രകൃതിപരമായ ആവശ്യങ്ങളിൽപ്പെട്ടതാണ്. നബി(ﷺ) പറയുന്നു:

(عشرـ مـن الفطـرة : قـص الشـوارب ، وإعفـاء اللحيـة ، والسـواك ، واستنشاق الماء ، وقص الأظافر ، وغسل البراجم ، ونتف الإبط ، وحلق العانة ، وانتقاص الماء ، قال مصعب : ونسـيت العـاشرة إلا أن تكـون المضمضة) ( مسلم )

'പത്ത് കാര്യങ്ങൾ പ്രകൃതിപരമായ ആവശ്യങ്ങളിൽപ്പെട്ടതാണ്. മീശ വെട്ടൽ, താടി വളർത്തൽ, ദന്ത ശുദ്ധി വരുത്തൽ, മൂക്കിൽ വെള്ളം കയറ്റി വൃത്തിയാക്കൽ, നഖം മുറിക്കൽ, വിരലുകൾ വിടർത്തിക്കഴുകൽ, കക്ഷത്തിലെ രോമം പറിക്കൽ, ഗുഹ്യസ്ഥാനത്തെ രോമം വടിക്കൽ, മലമൂത്ര വിസർജ്ജന ശേഷം വെള്ളം കൊണ്ട് ശുദ്ധിയാക്കൽ എന്നിവയാണവ' മുസ്അബ് പറയുന്നു: 'പത്താമത്തേത് ഞാൻ മറന്നു. അത് വായിൽ വെള്ളം കൊപ്ലിക്കലാവാനേ തരമുള്ളൂ' (മുസ്ലിം)

- വുദുവിന്റെ പ്രത്യേകതയും ശ്രേഷ്ഠതയും വ്യ

ക്തമാക്കുന്നതാണ് അബൂഹുറൈറ(ﷺ) നിവേദനം ചെയ്ത നബി വചനം. അദ്ദേഹം പറയുന്നു: 'നബി(ﷺ) ശ്മശാനത്തിങ്കൽ ചെന്നുകൊണ്ട് പറഞ്ഞു: വിശ്വാസി സമൂഹത്തിന്റെ ഭവനമേ നിങ്ങൾക്ക് അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാവട്ടെ.അല്ലാഹു ഉദ്ദേശിക്കുകയാണെങ്കിൽ അടുത്തു തന്നെ ഞങ്ങളും നിങ്ങളോടൊപ്പം ചേരുന്നതാണ്. ഞങ്ങളുടെ സഹോദരങ്ങളെ കണ്ടിരുന്നെങ്കിൽ എന്ന് ഞാൻ ആശിച്ചുപോവുന്നു'.അവർ ചോദിച്ചു അല്ലാഹുവിന്റെ ദൂതരേ, ഞങ്ങൾ താങ്കളുടെ സഹോദരങ്ങളല്ലെയോ?. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ എന്റെ അനുചരരാണ്. ഇനിയും എത്തിച്ചേർന്നിട്ടില്ലാത്തവരാണ് നമ്മുടെ സഹോദരങ്ങൾ. അവർ ചോദിച്ചു: 'താങ്കളുടെ സമുദായത്തിൽപ്പെട്ട, ഇനിയും വന്നെത്തിയിട്ടില്ലാത്തവരെ താങ്കൾ എങ്ങനെ തിരിച്ചറിയും പ്രവാചകരേ?. അദ്ദേഹം ചോദിച്ചു: 'നോക്കൂ, ഒരാളുടെ പക്കൽ നെറ്റിയിൽ വെളുത്ത് പ്രകാശിക്കുന്ന അടയാളമുള്ള ഒരു കുതിരയുണ്ടെന്ന് വെക്കുക,കടുംകറുപ്പുള്ള ഒരുവലിയ കൂട്ടം കുതിരകൾക്കിടയിൽ നിന്നും

തന്റെ കുതിരയെ അയാൾ തിരിച്ചറിയുകയി ല്ലെ?. അവർ പറഞ്ഞു: 'അതേ അല്ലാഹുവിന്റെ ദൂതരെ'. അദ്ദേഹം പറഞ്ഞു: 'വുദ്വുവിന്റെ ഭാഗ ങ്ങൾ പ്രകാശിക്കുന്ന അടയാളത്തോടുകൂടിയാ ണ് അവർ വരിക.ഹൗദിന്നരികിൽ ഞാനവർക്ക് മുമ്പേ എത്തുന്നതാണ്. അറിയുക, അപ്പോൾ ചിലയാളുകൾ വഴി തെറ്റിയ ഒട്ടകം തടഞ്ഞു വെക്കപ്പെടുന്നതുപോലെ തടയപ്പെടുന്നതാണ്. അപ്പോൾ ഞാനവരെ വിളിക്കും: 'ഹേയ്, എ ന്റെ അടുക്കലേക്ക് വരൂ' എന്ന്.അപ്പോൾ പറയ പ്പെടും: 'അവർ താങ്കളുടെ കാലശേഷം (താങ്ക ളുടെ ചര്യയിൽ) മാറ്റം വരുത്തിയവരാണ്'. അ പ്പോൾ ഞാൻ പറയും: '(അത്തരക്കാർക്ക്) വി ദൂരം, വിദൂരം' എന്ന്. (മുസ്ലിം).

- ശുദ്ധി പാലിക്കൽ രോഗപ്രതിരോധത്തിനുള്ള മാർഗ്ഗങ്ങളിൽ ഏറ്റവും പ്രധാനമായ ഒന്നാണ്. ചികിൽസയെക്കാൾ പ്രധാനവും ഉത്തമവുമാ ണ് പ്രതിരോധമെന്നത് എല്ലാവർക്കും അറിയാ വുന്ന ഒരു വസ്തുതയാണ്. 'സുരക്ഷക്കുള്ള (പ്രതിരോധത്തിനുള്ള) ഒരു ദിർഹമാണ് ചികി

ൽസക്കുള്ള ഒരു കൂമ്പാരത്തേക്കാൾ ഉത്തമമെന്ന്' ഒരു പഴമൊഴിയുണ്ട്.

ബാഹ്യമായ മാലിന്യങ്ങളിൽ നിന്നുള്ള ശുദ്ധീകരണത്തെ മാത്രമാണ് ഈ പുസ്തകത്തിൽ ഞാൻ പ്രതിപാദിക്കുന്നത്, ഇൻശാഅല്ലാഹ്. ഇത് എല്ലാവർക്കും പ്രയോജന പ്രദമാവട്ടെ എന്നും ഇത് അല്ലാഹുവിന്റെ പൊരുത്തത്തിനുവേണ്ടി മാത്രമാവട്ടെയെന്നും ഞാൻ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.


അബ്ദുർറഹ്മാൻ ബിൻ അബ്ദുൽകരീം അൽശീഹ.

പി.ബി. 59565.റിയാദ്. 11535.

Email: alsheha@cocg.org - www.islamland.org


*****************

الطهارة من النجاسات الحسية

## ബാഹ്യ മാലിന്യങ്ങളിൽ നിന്നുള്ള ശുദ്ധീകരണം

നമസ്കാരം നിർവ്വഹിക്കുന്നവന് വുദ്വു ഉണ്ടായിരിക്കൽ നിർബന്ധമാണ്. കാരണം വുദ്വു നമസ്കാരത്തിന്റെ സ്വീകാര്യതക്കുള്ള നിബന്ധനകളിൽ ഒന്നാണ്.അതുകൊണ്ട് തന്നെ നമസ്കാരം ഉദ്ദേശിക്കുന്നവൻ തനിക്ക് വലിയ അശുദ്ധിയുണ്ടെങ്കിൽ കുളിക്കലും ചെറിയ അശുദ്ധിയുണ്ടെങ്കിൽ വുദ്വു എടുക്കലും നിർബന്ധമാണ്.എന്നാൽ മലമൂത്ര വിസർജ്ജന ദ്വാരത്തിലൂടെ കാഷ്ഠമോ മൂത്രമോ അതുപോലെയുള്ള അശുദ്ധ വസ്തുക്കളോ പുറത്തുവന്നിട്ടുള്ളയാൾ വുദ്വുവിന് മുമ്പായി അത് ശുദ്ധിയാക്കേണ്ടതാണ്. കല്ല് പോലെയുള്ള വസ്തുക്കൾ കൊണ്ടോ വെള്ളം കൊണ്ടോ അല്ലെങ്കിൽ രണ്ടും ഉപയോഗിച്ചോ രണ്ട് ദ്വാരങ്ങളിൽ നിന്നും മാലിന്യത്തെ നീക്കം ചെയ്യണം. എന്നാൽ അവയിൽ ഏതെങ്കിലും ഒന്നിൽ മാത്രം പരിമിതപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരാൾക്ക് വെള്ളം ഉപയോഗിക്കലാണ് ഏറ്റവും ഉത്തമം, മാലിന്യത്തെ പൂർണ്ണമായും നീക്കം ചെയ്യു മെന്നതിനാ

ൽ അതാണ് ശുദ്ധീകരണത്തിന് ഏറ്റവും പര്യാപ്തമായത്.

- കാഷ്ഠം, മൂത്രം, മദ്‌യ്, വദ്‌യ് പോലെയുള്ളവ പുറത്ത് വന്നത് കാരണത്താൽ രണ്ട് വിസർജ്ജന മാർഗ്ഗങ്ങളെയും വെള്ളം കൊണ്ട് ശുദ്ധിയാക്കുന്നതിനാണ് 'ഇസ്തിൻജാഅ്' എന്ന് പറയുന്നത്. തന്റെ ഗുഹ്യസ്ഥാനം വൃത്തിയാക്കി എന്ന് അവന് ബോധ്യമാകുന്നത് വരെയാണ് കഴുകി വൃത്തിയാക്കേണ്ടത്.

- കല്ല് കൊണ്ടോ അല്ലെങ്കിൽ തുണിക്കഷ്ണം, ടിഷ്യൂ, കടലാസ് പോലെയുള്ള,ശുദ്ധീകരണത്തിന് പര്യാപ്തമായ വസ്തുക്കൾ കൊണ്ടോ ശുദ്ധിയാക്കുന്നതിനാണ് 'ഇസ്തിജ്മാർ' എന്ന് പറയുന്നത്. കല്ലുകൾ കൊണ്ടാണ് ശുദ്ധീകരിക്കുന്നതെങ്കിൽ വൃത്തിയുള്ള മൂന്ന് കല്ലുകൾ ഉപയോഗിച്ച് വിസർജ്ജനദ്വാരത്തിലുള്ള മാലിന്യത്തെ തുടച്ച് നീക്കം ചെയ്യണം. മാലിന്യം നീക്കം ചെയ്തു എന്നും വിസർജ്ജനസ്ഥാനം വൃത്തിയായി എന്നും തനിക്ക് ബോധ്യപ്പെടുന്നതു വരെ ശുദ്ധീകരിക്കാവുന്നതാണ്.ഇതിന് വേണ്ടി

മൂന്ന് കല്ലുകളെക്കാൾ കൂടുതൽ ഉപയോഗിക്കുന്നതിന് വിരോധമില്ല.കല്ലുകളുടെ എണ്ണം ഒറ്റയായിരിക്കുന്നത് ഉത്തമമാണ്. ഇതെക്കുറിച്ച് നബി(ﷺ) പറഞ്ഞു: ( من استجمر فليوتر ) 'ആരെങ്കിലും കല്ല് ഉപയോഗിച്ച് ശൗച്യം ചെയ്താൽ അവൻ ഒറ്റയാക്കട്ടെ'. അദ്ദേഹം പറഞ്ഞു:

( إذا ذهب أحدكم إلى الغائط فليستطب بثلاث أحجار فإنها تجزئ عنه )

'നിങ്ങളാരെങ്കിലും മലവിസർജ്ജനത്തിന് പോയാൽ മൂന്ന് കല്ലുകൾ കൊണ്ട് അവൻ ശുദ്ധീകരിക്കട്ടെ, തീർച്ചയായും അവന് അത് മതിയാകുന്നതാണ്' (അഹ്മദ്, അബൂദാവൂദ്, നസാഇ).

- വലതുകൈകൊണ്ട് ശുദ്ധീകരിക്കൽ അനുവദനീയമല്ല. കാരണം അത് വിരോധിച്ചു കൊണ്ട് റിപ്പോർട്ടുകൾ വന്നിരിക്കുന്നു. അബ്ദുർറഹ്മാനുബ്നുസൈദ്(ﷺ)വിൽ നിന്നും നിവേദനം,അദ്ദേഹം പറയുന്നു: സൽമാനോട് ചോദിക്കപ്പെട്ടു:നിങ്ങളുടെ പ്രവാചകൻ എല്ലാ കാര്യവും നിങ്ങളെ പഠിപ്പിക്കുന്നുണ്ടല്ലോ, മലമൂത്ര വിസർജ്ജനം വരെ!? സൽമാൻ(ﷺ) പറഞ്ഞു:'അതേ,

മലമൂത്ര വിസർജ്ജനം ചെയ്യുമ്പോൾ ഖിബ്‌ല ക്ക് മുന്നിടുകയോ പിന്നിടുകയോ ചെയ്യുന്നതി നെയും വലതു കൈകൊണ്ട് ശുദ്ധീകരിക്കുന്ന തിനെയും,അല്ലെങ്കിൽ ഞങ്ങളാരെങ്കിലും മൂന്നി ൽ കുറഞ്ഞ കല്ലുകൾ കൊണ്ട് ശുദ്ധീകരിക്കു ന്നതിനെയും ഉണങ്ങിയ കാഷ്ഠം കൊണ്ടോ എല്ലുകൾ കൊണ്ടോ ശൗച്യം ചെയ്യരുതെന്നും അദ്ദേഹം ഞങ്ങളോട് വിരോധിച്ചിട്ടുണ്ട്' (മുസ് ലിം, അബൂദാവൂദ്, തുർമുദി).

ما هو الوضوء

## <u>വുദു എന്ത്?</u>

ശരീരത്തിൽ ഏതാനും അവയവങ്ങൾ വെ ള്ളം കൊണ്ട് ശുദ്ധീകരിക്കുന്നതിനാണ് വുദു എ ന്ന് പറയുന്നത്. മുഖം, രണ്ട് കൈകൾ, തല (തട വൽ), രണ്ട് കാലുകൾ എന്നിവയാണവ. മലമൂത്ര വിസർജ്ജനം, ഒട്ടകത്തിന്റെ മാംസം കഴിക്കൽ പോലെയുള്ള കാര്യങ്ങൾ കൊണ്ടുണ്ടാകുന്ന ചെ റിയ അശുദ്ധിക്ക് പകരമായി ഫർദ് നസ്കാരത്തി നും സുന്നത്ത് നമസ്കാരത്തിനും ഇത് നിർബ ന്ധമാണ്. ഹിജ്റക്ക് ഒരു വർഷം മുമ്പ് നമസ്കാര

ത്തോടൊപ്പമാണ് വുദ്വുവും നിർബന്ധമാക്കപ്പെട്ട ത്.മറ്റു സമുദായങ്ങളിൽ നിന്ന് മുഹമ്മദ് നബി(ﷺ) യുടെ സമുദായത്തെ വേർതിരിച്ച് കാണിക്കുന്ന പ്രത്യേക അടയാളം കൂടിയാണ് വുദ്വു.

موجبات الوضوء

## വുദ്വു നിർബന്ധമാവുന്ന കാര്യങ്ങൾ

- നിർബന്ധവും സുന്നത്തുമായ നമസ്കാരങ്ങ ൾ: നബി(ﷺ) പറയുന്നു:

( لا يقبل الله صلاة أحدكم إذا أحدث حتى يتوضأ ) ( متفق عليه )

'ചെറിയ അശുദ്ധിയുണ്ടായാൽ വുദ്വു എടുക്കുന്ന തുവരെ നിങ്ങളുടെ ആരുടെയും നമസ്കാരം അ ല്ലാഹു സ്വീകരിക്കുകയില്ല' (ബുഖാരി, മുസ്ലിം).

- ത്വവാഫ്: നബി(ﷺ) പറയുന്നു:

( الطواف بالبيت صلاة إلا أن الله أباح الكلام فيه ) ( شافعي )

'കഅ്ബക്കുള്ള ത്വവാഫ് നമസ്കാരമാണ്, അതി ൽ സംസാരിക്കുന്നത് അല്ലാഹു അനുവദനീയമാ ക്കിയിട്ടുണ്ടെന്ന് മാത്രം'

● മുസ്ഹഫ് തൊടൽ: അബൂബകർബിൻ മുഹമ്മദ് ബ്ൻ അംറി(ﷺ)ൽ നിന്നും നിവേദനം, നബി(ﷺ) യമൻകാർക്ക് ഒരു കത്തെഴുതി, അതിൽ ഇപ്രകാരം ഉണ്ടായിരുന്നു:

( لا يمس القرآن إلا طاهر ) ( نسائي ، دارقطني )

'ശുദ്ധിയുള്ളവരല്ലാതെ ഖുർആൻ സ്പർശിക്കരുത്' (നസാഇ, ദാറുഖുത്നി,).*

***************

كيفية الوضوء الكامل

## വുദുവിന്റെ പൂർണ്ണരൂപം

● **നിയ്യത്ത്:**

ഇത് ഹൃദയത്തിന്റെ പ്രവർത്തനങ്ങളിൽപ്പെട്ടതാണ്. നിയ്യത്ത് നാവുകൊണ്ട് ഉച്ചരിക്കേണ്ടതില്ല. താൻ ചെയ്യാൻ പോവുന്ന കാര്യത്തെക്കുറിച്ച് (താൻ അത് ചെയ്യുന്നുവെന്ന്) മനസ്സിൽ കരുത

* ഇവിടെ പ്രയോഗിക്കപ്പെട്ട إلا طاهر എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് അമുസ്ലിംകളാണെന്നും അഭിപ്രായമുണ്ട് (വിവ:)

ലാണ് നിയ്യത്ത് കൊണ്ടുള്ള വിവക്ഷ. അങ്ങനെ (നമസ്കാരം, ത്വവാഫ്, ഖുർആൻ സ്പർശനം പോലെയുള്ളവയിൽ ഏതെങ്കിലും അനുവദനീയ മാവുന്നതിന്) തന്റെ ചെറിയ അശുദ്ധി അകറ്റാൻ വേണ്ടി വുദ്വു ചെയ്യുന്നു എന്ന് മനസ്സിൽ കരുതു ക. നിയ്യത്ത് ഉച്ചരിക്കാൻ പാടില്ല. കാരണം വുദ്വു വിനോ നമസ്കാരത്തിനോ മറ്റേതെങ്കിലും ആരാ ധനക്കോ വേണ്ടി നബി(ﷺ)നിയ്യത്ത് ഉച്ചരിച്ചതായി അദ്ദേഹത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. അല്ലാ ഹുവാകട്ടെ ഹൃദയങ്ങളിൽ ഉള്ളതെല്ലാം അറിയു ന്നവനുമാകുന്നു.ഉമറുബ്നുൽഖത്വാബ്(رضي الله عنه) ഉദ്ധരി ക്കുന്ന ഹദീസാണ് നിയ്യത്ത് നിർബന്ധമാണെന്ന തിന് ആധാരം. നബി(ﷺ) പറയുന്നു:

( إنما الأعمال بالنيات وإنما لكل امرئ ما نوى ... ) ( الجماعة )

'കർമ്മങ്ങൾ (സ്വീകരിക്കപ്പെടുന്നത്) ഉദ്ദേശ്യത്തി ന്റെ അടിസ്ഥാനത്തിലാണ്. ഓരോ മനുഷ്യനും അവനുദ്ദേശിച്ചതെന്തോ അതുണ്ട്'.(അൽജമാഅ:).

- **ബിസ്മി ചൊല്ലൽ.**

വുദ്വുവിന്റെ തുടക്കത്തിൽ بسم الله എന്ന് ചൊ

ല്ലുക.അബൂഹുറൈറ(ﷺ) ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു:

( لا صلاة لمن لا وضوء له ، ولا وضوء لمن لم يذكر اسم الله عليه )

'വുദ്വുവില്ലാത്തവന് നമസ്കാരമില്ല, അല്ലാഹുവിന്റെ നാമം സ്മരിക്കാത്തവന് വുദ്വുവും ഇല്ല' (അഹ്മദ്, അബൂദാവൂദ്).

നബി(ﷺ) വീണ്ടും ഉണർത്തി: 'അല്ലാഹുവിന്റെ സ്മരണയോടെ തുടങ്ങാത്ത, സുപ്രധാനമായ ഏതൊരുകാര്യവും അപൂർണ്ണമാണ്.(അഹ്മദ്).

- **വുദ്വുവിന്റെ തുടക്കത്തിൽ രണ്ടുകൈപ്പടങ്ങളും മൂന്ന് പ്രാവശ്യം കഴുകൽ.**

أوس بن أوس الثقفي ﷺ വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു:

(رأيت رسول الله صلى الله عليه وسلم توضأ فاستوكف–غسل كفيه– ثلاثاً )

'നബി(ﷺ) വുദ്വു ചെയ്യുന്നത് ഞാൻ കണ്ടു. അപ്പോൾ അദ്ദേഹം തന്റെ കൈപ്പടങ്ങൾ രണ്ടും മൂന്നു പ്രാവശ്യം കഴുകി' (അഹ്മദ്, നസാഇ). മ

റ്റൊരു ഹദീസിൽ കാണാം, നബി(ﷺ) പറയുന്നു:

( إذا استيقظ أحدكم من نومه فلا يغمس يده في إنـاء حـتى يغسـلها ثلاثاً ، فإنه لا يدري أين باتت يده ) ( الجماعة )

'നിങ്ങൾ ആരെങ്കിലും ഉറക്കത്തിൽനിന്നും ഉണർന്നാൽ തന്റെ കൈ (പ്പടങ്ങൾ) മൂന്നുപ്രാവശ്യം കഴുകുന്നതുവരെ അവ പാത്രത്തിലെ (വെള്ളത്തിൽ) മുക്കരുത്. കാരണം തന്റെ കൈ എവിടെയായിരുന്നു രാത്രി കഴിച്ചു കൂട്ടിയിരുന്നതെന്ന് അവനറിയില്ലല്ലൊ' (അൽജമാഅ:).

- **മൂന്ന് പ്രാവശ്യം കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി ചീറ്റലും.**

അലി(رضي الله عنه)റിപ്പോർട്ട് ചെയ്യുന്ന ഹദീസിൽ കാണാം.അദ്ദേഹം വുദ്വു ചെയ്യാനുള്ള വെള്ളം കൊണ്ടുവരുവാൻ ആവശ്യപ്പെട്ടു, ശേഷം കൊപ്ലിക്കുകയും തന്റെ ഇടതു കൈകൊണ്ട് മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും ചെയ്തു. അപ്രകാരം അദ്ദേഹം മൂന്ന് പ്രാവശ്യം ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു: 'ഇത് പ്രവാചകൻ(ﷺ)യുടെ ശുദ്ധീകരണമാണ്' (അഹ്മദ്, നസാഇ).

മറ്റൊരു റിപ്പോർട്ടിൽ കാണാം. നബി(ﷺ) പറയുന്നു: ( من توضأ فليستنثر ، واستجمر فليوتر ) ( بخاري )

'ആരെങ്കിലും വുദ്വു ചെയ്യുന്നുവെങ്കിൽ അവൻ മൂക്കിൽ വെള്ളം കയറ്റി ചീറ്റിവൃത്തിയാക്കട്ടെ, ആരെങ്കിലും മലമൂത്ര വിസർജ്ജന ശേഷം കല്ലു കൊണ്ട് ശുദ്ധീകരിക്കുന്നുവെങ്കിൽ അത് (എണ്ണത്തിൽ) ഒറ്റയാക്കട്ടെ' (ബുഖാരി).

ആയിശ(ﷺ)യിൽ നിന്നുള്ള ഒരു റിപ്പോർട്ടിൽ ഇപ്രകാരം കാണാം. നബി(ﷺ) പറഞ്ഞു:

( المضمضة والإستنشاق من الوضوء الذي لا بد منه ) ( دارقطني )

'കൊപ്ലിക്കലും മൂക്കിൽ വെള്ളം കയറ്റി വൃത്തിയാക്കലും വുദ്വുവിൽ ഒഴിച്ചുകൂടാനാവാത്ത കാര്യങ്ങളിൽപ്പെട്ടതാണ്'

വലതുകൈകൊണ്ട് കൊപ്ലിക്കുകയും, ശേഷം മൂക്കിൽ വെള്ളം കയറ്റി ഇടതു കൈകൊണ്ട് ചീറ്റിക്കളയുകയും ചെയ്യുക എന്നതാണ് സുന്നത്ത്. അലി(ﷺ) നിവേദനം ചെയ്യുന്ന ഹദീസിൽ ഇപ്രകാരം കാണാം: 'അദ്ദേഹം തന്റെ വലതുകൈ പാത്രത്തിൽ പ്രവേശിപ്പിക്കുകയും എന്നിട്ടത് നിറ

ച്ച് (വെള്ളമെടുത്ത്) കൊപ്ലിക്കുകയും ശേഷം മൂക്കിൽ വെള്ളം കയറ്റി ഇടതുകൈകൊണ്ട് ചീറ്റി വൃത്തിയാക്കുകയും ചെയ്തു. അപ്രകാരം അദ്ദേഹം മൂന്നു പ്രാവശ്യം ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു: 'ഇത് നബി(ﷺ)യുടെ വുദ്വുവിന്റെ രൂപമാണ്' (നസാഇ).

### ഒരു പ്രാവശ്യം മുഖം കഴുകൽ.

ഇത് പൂർണ്ണതയുടെ ഏറ്റവുംതാഴെയുള്ള രൂപമാണ്. എന്നാൽ മൂന്ന് പ്രാവശ്യം കഴുകലാണ് പൂർണ്ണത. വെള്ളം ഒലിപ്പിച്ചുകൊണ്ടാണ് മുഖം കഴുകേണ്ടത്. നെറ്റിയുടെ മീതെ തല മുടി മുളക്കുന്ന സ്ഥാനം തൊട്ട് താടിയുടെ അടി വരെ നീളത്തിലും, ഒരു ചെവി മുതൽ മറ്റേ ചെവി വരെ വീതിയിലും മുഖത്തിന്റെ അതിരുകളാണ്. അല്ലാഹു പറയുന്നു:

(يا أيها الذين آمنوا إذا قمتم إلى الصلاة فاغسلوا وجوهكم وأيديكم إلى المرافق وامسحوا برؤوسكم وأرجلكم إلى الكعبين)

'സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിനൊരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവ

രെ രണ്ടു കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും, നെരിയാണി വരെ രണ്ടു കാലുകൾ കഴുകുകയും ചെയ്യുക‘ (മാഇദ: 6).

**രണ്ടു കൈകളും ഒരു പ്രാവശ്യം കഴുകൽ.**

ഇതാണ് പൂർണ്ണതയുടെ ഏറ്റവും താഴെയുള്ള രൂപം. എന്നാൽ അവ രണ്ടും മൂന്നു പ്രാവശ്യം കഴുകലാണ് പൂർണ്ണത. ആദ്യം വലത്തേതും ശേഷം ഇടത്തേതുമായി വിരൽ തുമ്പുകൾ മുതൽ മുട്ടുകൈ ഉൾപ്പെടെയാണ് കഴുകേണ്ടത്. കൈയിൽ മോതിരമോ വാച്ചോ അണിഞ്ഞിട്ടുള്ളവർ അതിന്റെ അടിഭാഗത്ത് വെള്ളം ചേരേണ്ടതിനായി അവ ചലിപ്പിച്ച് കഴുകേണ്ടതാണ്. അല്ലാഹു പറയുന്നു: ‘സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാരത്തിന്നൊരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മുട്ടുവരെ രണ്ടു കൈകളും കഴുകുകയും, നിങ്ങളുടെ തല തടവുകയും, നെരിയാണിവരെ രണ്ടു കാലുകൾ കഴുകുകയും ചെയ്യുക’ (മാഇദ: 6).

അബൂഹുറൈറ(ﷺ)വിൽ നിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു ഹദീസിൽ കാണാം. ‘തന്റെ തോൾകൈയിലേക്ക്(മുട്ടുകൈക്ക് മീതെ(വെള്ളം)

ചേരുന്നതു വരെ അദ്ദേഹം തന്റെ വലതുകൈ കഴുകി.ശേഷം അപ്രകാരം ഇടത്തേതും കഴുകി.ശേഷം തന്റെ കണങ്കാലിലേക്ക് (വെള്ളം) ചേരുന്നതു വരെ തന്റെ വലതുകാൽ അദ്ദേഹം കഴുകി, ശേഷം അപ്രകാരം ഇടത്തേതും കഴുകി. ശേഷം അദ്ദേഹം പറഞ്ഞു: 'നബി(ﷺ) ഇപ്രകാരം വുദ്വു ചെയ്യുന്നത് ഞാൻ കണ്ടിട്ടുണ്ട്' (മുസ്ലിം).

**തല ഒരു പ്രാവശ്യം തടവൽ.**

രണ്ട് കൈകളിലും വെള്ളം നനച്ച് (രണ്ട് കൈയുടെയും തള്ള വിരലുകൾ ചെവിയുടെ മുന്നിൽ ചെന്നിയിൽ വെക്കുകയും), ബാക്കി വിരലുകൾ തമ്മിൽ മുട്ടുന്ന നിലയിൽ തലയുടെ മുൻ ഭാഗം (മുടി മുളക്കുന്ന ഭാഗം) തൊട്ട് (മുടിയുടെ മീതെക്കൂടി) പിരടി വരെ കൊണ്ടു പോവുകയും ശേഷം ആരംഭിച്ച സ്ഥാനത്തേക്ക് തന്നെ തിരിച്ച് കൊണ്ട് വരികയും ചെയ്യുക. (ഇതാണ് ഒരു പ്രാവശ്യം തടവൽ. വിവ:).

അബ്ദുല്ലാഹിബ്നു സൈദ്(رضي الله عنه)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:

(أن النبي صلى الله عليه وسلم مسح رأسه بيده فأقبل بهما وأدبر ، بـدأ بمقدم رأسه ثم ذهب إلى قفاه ثم ردهما إلى المكان الذي بدأ منه )

'നബി(ﷺ) തന്റെ കൈകൊണ്ട് തല തടവുകയും ശേഷം അവ രണ്ടിനെയും മുന്നോട്ടും പിന്നോട്ടും കൊണ്ടു പോവുകയും ചെയ്തു. തലയുടെ മുൻ ഭാഗത്ത് നിന്നും ആരംഭിക്കുകയും ശേഷം അദ്ദേഹം തന്റെ പിരടിവരെ കൊണ്ട് പോവുകയും ശേഷം ആരംഭിച്ച സ്ഥലത്തേക്ക് തന്നെ രണ്ട് കൈകളെയും കൊണ്ടു വരികയും ചെയ്തു' (അൽജമാഅ:).

നബി(ﷺ)യുടെ വുദ്വുവിന്റെ രൂപത്തെ വിവരിക്കുന്ന عبد الله بن زيد رضي الله عنه വിന്റെ ഹദീസിൽ ഇപ്രകാരം കാണാം. ومسح برأسه مرةً واحدة 'അദ്ദേഹം തന്റെ തല ഒരു പ്രാവശ്യം മാത്രം തടവി'(ബുഖാരി, മുസ്‌ലിം).

- **രണ്ട് ചെവികളും ഒരു പ്രാവശ്യം തടവൽ.**

ചൂണ്ടുവിരൽ രണ്ടും ചെവിക്കുള്ളിൽ പ്രവേശിപ്പിച്ച് തള്ള വിരലുകൾ കൊണ്ട് ചെവികളുടെ

പുറഭാഗം തടവുക. നബി(ﷺ)യുടെ വുദ്വുവിന്റെ രൂപം വിവരിച്ചു കൊണ്ട് ഇബ്നുഅബ്ബാസ്(ﷺ) നിവേദനം ചെയ്യുന്ന ഹദീസിൽ അദ്ദേഹം പറയുന്നു: ( ومسح رأسه وأذنيه مسحةً واحدةً ) 'അദ്ദേഹം തന്റെ തലയും തന്റെ രണ്ട് ചെവികളും ഒരു പ്രാവശ്യം തടവി'. മറ്റൊരു റിപ്പോർട്ടിൽ

(ومسح رأسه وأذنيه باطنهما بالمسبحتين – السبابتين – وظاهرهما بإبهامه ) (أحمد ، أبوداود )

'അദ്ദേഹം തന്റെ തല തടവി. തന്റെ രണ്ട് ചൂണ്ടുവിരലുകൾകൊണ്ട് ചെവിയുടെ ഉൾഭാഗവും രണ്ട് തള്ളവിരലുകൾ കൊണ്ട് ചെവിയുടെ പുറഭാഗവും തടവി'* (അഹ്മദ്, അബൂദാവൂദ്).

- രണ്ട് കാലുകളും ഒരു പ്രാവശ്യം വീതം കഴുകൽ.

ഇതാണ് പൂർണ്ണതയുടെ ഏറ്റവും താഴ്ന്ന രൂപം.എന്നാൽ കാൽപ്പാദങ്ങളുടെ വിരൽത്തലപ്പുകൾമുതൽ നെരിയാണി ഉൾപ്പെടെ മൂന്ന് പ്രാവശ്യം

* തലയും ചെവിയും മൂന്ന് പ്രാവശ്യം തടവൽ സുന്നത്തില്ല. വിവ:

കഴുകലാണ് പരിപൂർണ്ണത. ഇബ്നു ഉമർ(ﷺ) റി പ്പോർട്ട് ചെയ്യുന്ന ഒരു ഹദീസിൽ അദ്ദേഹം പറ യുന്നു:

( كنا مع رسول الله صلى الله عليه وسلم في سفر وقـد أرهقنـا العصر ـ فجعلنا نتوضأ ونمسح على أرجلنا فنادى بأعلى صوته " ويـل للأعقـاب من النار " ) ( متفق عليه )

‘ഞങ്ങൾ നബി(ﷺ)യോടൊപ്പം ഒരു യാത്രയിലാ യിരുന്നു. ഞങ്ങൾക്ക് അസ്വ്ർ നമസ്കാരത്തിന്റെ സമയം കഴിയാനടുത്തു കൊണ്ടിരിക്കുകയാണ്. അങ്ങനെ ഞങ്ങൾ വുദ്വുവെടുക്കുവാനും (ഖുഫ് ഫ ധരിച്ചവർ) കാലുകൾ തടവാനും തുടങ്ങി. അ പ്പോൾ നബി(ﷺ) ഉച്ചത്തിൽ വിളിച്ചു പറഞ്ഞു: ‘മ ടമ്പു കാലുകൾക്ക് നരകമാകുന്ന നാശം’(ബു ഖാ രി,മുസ്ലിം). (കാലുകൾ കഴുകുമ്പോൾ അതിന്റെ പിൻഭാഗം (മടമ്പ് കാലുകൾ) വെള്ളം സ്പർശി ക്കാതിരിക്കാൻ സാധ്യതയേറെയുള്ളതിനാലാണ് നബി(ﷺ) അത് പ്രത്യേകമായി ജാഗ്രതപ്പെടുത്തി യത്. വിവ:).

- മുമ്പ് പറഞ്ഞതെല്ലാം ക്രമപ്രകാരവും തുടർച്ച യായും കൊണ്ടുവരിക.

അതിനാൽ അല്ലാഹുകൽപ്പിച്ചത് പോലെ ഓ രോരോ അവയവങ്ങളായി ക്രമപ്രകാരം തന്നെ അത് നിർവ്വഹിക്കേണ്ടതാണ്. ഒരു അവയവവും ക്രമം തെറ്റിച്ചു മറ്റെതിനെക്കാൾ മുമ്പ് ചെയ്യാവത ല്ല. കാരണം അല്ലാഹു വുദ്വുവിന്റെ ഫർദ്വുകളെ എണ്ണിയത് ക്രമമായിക്കൊണ്ടാണ്. അല്ലാഹു പറ യുന്നു: 'സത്യവിശ്വാസികളേ, നിങ്ങൾ നമസ്കാര ത്തിന്നൊരുങ്ങിയാൽ, നിങ്ങളുടെ മുഖങ്ങളും, മു ട്ടുവരെ രണ്ടു കൈകളും കഴുകുകയും, നിങ്ങളു ടെ തല തടവുകയും, നെരിയാണി വരെ രണ്ടു കാലുകൾ കഴുകുകയും ചെയ്യുക' (മാഇദ: 6).

എന്നാൽ 'മുവാലാത്ത്' കൊണ്ടുള്ള ഉദ്ദേ ശ്യം, കഴുകിക്കഴിഞ്ഞ ഒരു അവയവത്തിലെ വെ ള്ളം വറ്റുന്നതുവരെ (മറ്റെന്തെങ്കിലും കാര്യത്തി ൽ) വ്യാപൃതനായി വൈകിപ്പിക്കാതിരിക്കുക എ ന്നാണ്. ഉമർ(ﷺ) ഉദ്ധരിക്കുന്ന ഒരു ഹദീസിൽ കാ ണാം.

( أن النبي صلى الله عليه وسلم رأى رجل يصلي في ظهر قدمه لمعة قدر الدرهم لم يصبها الماء ، فأمره النبي صلى الله عليه وسلم أن يعيد الوضوء والصلاة )

'തന്റെ പാദത്തിന്റെ പുറഭാഗത്ത് ഒരു നാണയത്തിന്റെ അത്ര സ്ഥലം വെള്ളം നനയാതെ (വുദു ചെയ്ത) ഒരാൾ നമസ്കരിക്കുന്നത് നബി(ﷺ) കണ്ടു. ഉടനെ അയാളോട് വുദുവും നമസ്കാരവും വീണ്ടും നിർവ്വഹിക്കാൻ നബി(ﷺ) കൽപ്പിച്ചു'.

********************

من سنن الوضوء

## <u>വുദ്വുവിന്റെ ചില സുന്നത്തുകൾ</u>

- അംഗങ്ങൾ കഴുകുമ്പോൾ വലത്തേതിനെ മുന്തിക്കൽ.

ആയിശ(رضي الله عنها) നിവേദനം ചെയ്യുന്നു. അവർ പറഞ്ഞു:

( كان رسول الله صلى الله عليه وسلم يحب التيمن في تنعله وفي ترجله وطهوره وشأنه كله ) ( متفق عليه )

'ചെരിപ്പ് ധരിക്കുന്നതിലും മുടി ചീകുന്നതിലും ശുദ്ധീകരിക്കുന്നതിലും മറ്റെല്ലാ കാര്യങ്ങളിലും വലത്തേതിനെ മുന്തിക്കുന്നത് നബിക്ക് ഇഷ്ടമായിരുന്നു' (ബുഖാരി,മുസ്‌ലിം).അറ്റൊരു റിപ്പോർട്ടിൽ കാണാം.അദ്ദേഹം പറഞ്ഞു:

( إذا توضأتم فابدؤوا بميامنكم ) ( ابن ماجة )

'നിങ്ങൾ വുദു ചെയ്യുമ്പോൾ നിങ്ങളുടെ വലതു ഭാഗം കൊണ്ട് നിങ്ങൾ ആരംഭിക്കുക'.

- തലയും ചെവിയും തടവൽ ഒഴികെ ബാക്കിയുള്ള അവയവങ്ങളെല്ലാം മൂന്ന് പ്രാവശ്യം വീതം കഴുകൽ.

തലയും ചെവിയുംഓരോ പ്രാവശ്യമാണ് തടവേണ്ടത്. ഹദീസിൽ ഇപ്രകാരം കാണാം. ഒരു ഗ്രാമീണൻ നബി(ﷺ)യുടെ അടുക്കൽ വന്ന് അദ്ദേഹത്തോട് വുദ്വുവിനെ സംബന്ധിച്ച് ചോദിച്ചു. അപ്പോൾ നബി(ﷺ) (തലയും ചെവിയും തടവൽ ഒഴികെ അവയവങ്ങൾ കഴുകൽ) മൂന്ന് പ്രാവശ്യം

വീതം ചെയ്ത് കാണിച്ചു. ശേഷം അദ്ദേഹം പറഞ്ഞു: ( فمن زاد على هذا فقد أساء وظلم ) 'ഇതാണ് വുദു, ഇതിനപ്പുറം ആരെങ്കിലും ചെയ്താൽ അവൻ കുറ്റം ചെയ്യുകയും അക്രമം കാണിക്കുകയും ചെയ്തു.' (അഹ്മദ്, നസാഇ).

- പല്ലുതേക്കൽ. നബി(ﷺ) പറഞ്ഞു:

( لو لا أن أشق على أمتي لأمرتهم مع كل وضوء بسواك ) ( أحمد )

'എന്റെ സമുദായത്തിന് ഞാൻ പ്രയാസമാക്കലാകുമായിരുന്നില്ലായെങ്കിൽ ഓരോ വുദ്വുവിന്റെയും കൂടെ (നിർബന്ധമായും) പല്ല് തേക്കാൻ ഞാൻ അവരോട് കൽപ്പിക്കുമായിരുന്നു' (അഹ്മദ്).

- താടി ചിക്കകെറ്റിക്കഴുകൽ.

അനസ്(رضي الله عنه) റിപ്പോർട്ട് ചെയ്യുന്നു.

( أن النبي صلى الله عليه وسلم كان إذا توضأ أخذ كفاً من ماء فأدخله تحت حنكه فخلل به ، وقال : هكذا أمرني ربي عز وجل )

'നബി(ﷺ) വുദ്വു ചെയ്യുമ്പോൾ ഒരു കോരൽ വെള്ളം എടുക്കുകയും അത് തന്റെ താടിയുടെ അടിയിലൂടെ പ്രവേശിപ്പിക്കുകയും താടി വിടർത്തി ക

ഴുകുകയും ചെയ്യുമായിരുന്നു. അദ്ദേഹം പറയുകയും ചെയ്തു: 'പ്രതാപവാനും ഉന്നതനുമായ എന്റെ രക്ഷിതാവ് എന്നോട് ഇപ്രകാരമാണ് കൽപ്പിച്ചിരിക്കുന്നത്' (അബൂദാവൂദ്,ബൈഹഖി,ഹാകിം).

- അവയവങ്ങൾ കഴുകുമ്പോൾ ഉരച്ച് കഴുകൽ.

അബ്ദുല്ലാഹിബ്നു സൈദ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:

( أتي رسول الله صلى الله عليه وسلم بثلث مـد فتوضـأ فجعـل يـدلك ذراعيه )

'നബി(ﷺ)ക്ക് ഒരു മുദ്ദിന്റെ (ഒത്ത ഒരാളുടെ രണ്ട് കൈ കൊണ്ടുള്ള ഒരു കോരൽ) മൂന്നിൽ ഒരു ഭാഗം നബി(ﷺ)ക്ക് കൊണ്ടുവരപ്പെട്ടു. അദ്ദേഹം അതുകൊണ്ട് വുദ്വുവെടുത്തു. അപ്പോൾ അദ്ദേഹം തന്റെ രണ്ട് മുഴം കൈകളിലും ഉരച്ചു കഴുകി' (ഇബ്നുഖുസൈമ).

- മുഖം കഴുകുമ്പോൾ നെറ്റിത്തടത്തിനു മീതെ മുടി മുളച്ച ഭാഗത്തേക്ക് കയറ്റിക്കഴുകലും, മു

ഴം കൈകൾ കഴുകുമ്പോൾ മുട്ടിനു മീതെ കയറ്റിക്കഴുകലും.

നബി(ﷺ) പറഞ്ഞു:

( إن أمتي يدعون يوم القيامة غـرّاً محجلـين مـن آثـار الوضـوء ، فمـن استطاع منكم أن يطيل غرته فليفعل ) ( متفق عليه )

‘ഉയിർത്തെഴുന്നേൽപ്പുനാളിൽ എന്റെ സമുദായം അവരുടെ വുദ്വുവിന്റെ അടയാളത്താൽ (തിരിച്ചറിയപ്പെട്ട്)വിളിക്കപ്പെടും.അതിനാൽ തന്റെ അടയാളങ്ങളെ നീട്ടുവാൻ നിങ്ങൾക്കാർക്കെങ്കിലും സാധ്യമെങ്കിൽ അവർ അപ്രകാരം ചെയ്യട്ടെ’ (ബുഖാരി, മുസ്ലിം).

- വിരലുകൾ വിടർത്തിക്കഴുകൽ.

ഇബ്നു അബ്ബാസ്(رضي الله عنه)വിൽ നിന്നും നിവേദനം. നബി(ﷺ) പറഞ്ഞു:

( إذا توضأت فخلل أصابع يديك ورجليـك ) ( أحمـد ، ترمـذي ، ابـن ماجة )

'നീ വുദ്വു ചെയ്യുമ്പോൾ നിന്റെ കൈയുടെയും കാലിന്റെയും വിരലുകളെ വിടർത്തിക്കഴുകുക' (അഹ്മദ്, തുർമുദി, ഇബ്നുമാജ:).

കൈവിരലുകളിൽ മോതിരമുണ്ടെങ്കിൽ അത് ചലിപ്പിച്ച് അതിന്റെ അടിഭാഗത്തേക്ക് വെള്ളം എത്തിക്കേണ്ടതാണ്. അല്ലാത്ത പക്ഷം വെള്ളം അവിടെ സ്പർശിക്കുകയില്ല. അബൂറാഫിഅ്(ﷺ) നിവേദനം ചെയ്യുന്നു. (كان إذا توضأ حرك خاتمه) 'അദ്ദേഹം(നബി(ﷺ)) വുദ്വു ചെയ്യുമ്പോൾ തന്റെ മോതിരം ചലിപ്പിക്കാറുണ്ടായിരുന്നു'.

- നോമ്പുകാരല്ലാത്തവർ മൂക്കിൽ അങ്ങേയറ്റം വരെ വെള്ളമെത്തിക്കൽ.

ലൈത്വുബ്നു സ്വബ്റ:(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: 'ഞാൻ (നബി (ﷺ) യോട്) ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, വുദ്വുവിനെക്കുറിച്ച് എനിക്ക് പറഞ്ഞുതന്നാലും'. അപ്പോൾ അദ്ദേഹം പറഞ്ഞു:

( أسبغ الوضوء وخلل بين الأصابع ، وبالغ في الإستنشاق إلا أن تكون صائماً )

'നീ വുദ്വുവിനെ വിശാലമാക്കി (അവയവങ്ങൾ നീട്ടി)ക്കഴുകുക, വിരലുകൾ വിടർത്തിക്കഴുകുക, നീ നോമ്പുകാരനാണെങ്കിലൊഴികെ മൂക്കിൽ അങ്ങേയറ്റം വരെ വെള്ളം എത്തിക്കുകയും ചെയ്യുക'. (അൽഖംസ:).

- വെള്ളം അമിതമായി ചിലവഴിക്കാതിരിക്കുക, അതിൽ മിതത്വം പാലിക്കുക.

അബ്ദുല്ലാഹിബ്നു മുഗഫ്ഫൽ(ﷺ)ൽ നിന്നും നിവേദനം. അദ്ദേഹത്തിന്റെ പുത്രൻ ഇപ്രകാരം പറയുന്നത് അദ്ദേഹം കേൾക്കുകയുണ്ടായി. 'അല്ലാഹുവേ, ഞാൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചാൽഅതിന്റെ വലതുഭാഗത്തുള്ള വെളുത്ത കൊട്ടാരം ഞാൻ നിന്നോട് ചോദിക്കുന്നു'. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലമോനേ, അല്ലാഹുവോട് സ്വർഗ്ഗം ചോദിക്കുക,നരകത്തിൽ നിന്ന് അവനോട് രക്ഷ തേടുകയും ചെയ്യുക. കാരണം,'ശുദ്ധിയിലും പ്രാർത്ഥനയിലും അതിരുകവിയുന്ന ഒരു വി

ഭാഗം ഈ സമുദായത്തിൽ ഉണ്ടാവുകതന്നെ ചെയ്യും' എന്ന് നബി(ﷺ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്' (അബൂദാവൂദ്).

'നബി(ﷺ) ഒരു സ്വാഅ് മുതൽ അഞ്ച് മുദ്ദ് വരെ വെള്ളം കൊണ്ട് കുളിക്കുകയും, ഒരു മുദ്ദ് വെള്ളം കൊണ്ട് വുദ്വു എടുക്കുകയും ചെയ്തിരുന്നു'. (ബുഖാരി,മുസ്ലിം). ഇക്കാര്യത്തിൽ നമുക്ക് പ്രവാചക(ﷺ)നിൽനിന്നുള്ള മാതൃക ഇതാണ്.

- വുദ്വുവിന് ശേഷം പ്രാർത്ഥിക്കുക.

ഉമർ(رضي الله عنه)വിൽ നിന്നും നിവേദനം. നബി(ﷺ) പറഞ്ഞു:

( ما منكم يتوضأ فيسبغ الوضوء ثم يقول : أشهد أن لا إله إلا الله وحده لا شريك له وأشهد أن محمداً عبده ورسوله إلا فتحت له أبواب الجنة الثمانية يدخل من أيها شاء ) (مسلم)

'നിങ്ങളിലൊരാൾ അവയവങ്ങൾ കയറ്റിക്കഴുകിക്കൊണ്ട് വുദ്വു ചെയ്യുകയും ശേഷം 'അശ്ഹദു അൻ ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീ

ക്ക ലഹു വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' (അല്ലാഹുവല്ലാതെ യാതൊരു ആരാധ്യനുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു,അവൻ ഏകൻ, അവന് പങ്കുകാരില്ല.മുഹമ്മദ് (ﷺ)അല്ലാഹു(ﷻ)വിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു)എന്ന് പറയുകയും ചെയ്താൽ, സ്വർഗ്ഗത്തിന്റെ എട്ട് വാതിലുകളും (അവനു വേണ്ടി) തുറക്കപ്പെടാതിരിക്കുകയില്ല,അതിൽ ഉദ്ദേശിക്കുന്ന വാതിലിലൂടെ അവന് പ്രവേശിക്കാം' (മുസ്ലിം).

- വുദ്വുവിന് ശേഷം രണ്ട് റക്അത്ത് വുദ്വുവിന്റെ സുന്നത്ത് നമസ്കരിക്കൽ.

ഉഖ്ബത്തുബ്നു ആമിറി(رضي الله عنه)ൽ നിന്നും നിവേദനം. നബി(ﷺ) പറഞ്ഞു:

( ما أحد يتوضأ فيحسن الوضوء ويصلي ركعتين يقبـل بقلبـه ووجهـه عليهما إلا وجبت له الجنة ) ( مسلم )

'ഏതൊരാൾ നല്ല രൂപത്തിൽ വുദ്വു എടുക്കുകയും ശേഷം തന്റെ ഹൃദയത്തോടെയും മുഖത്തോടെയും(അങ്ങേയറ്റത്തെ താൽപ്പര്യത്തോടെ)

രണ്ട് റക്അത്ത് നമസ്കരിക്കുകയും അതിന് വേണ്ടി മുന്നിട്ടൊരുങ്ങുകയും ചെയ്താൽ, അവന് സ്വർഗ്ഗം നിർബന്ധമാവാതിരിക്കുകയില്ല' (മുസ്ലിം)

نواقض الوضوء

## വുദ്വു ദുർബ്ബലപ്പെടുന്ന കാര്യങ്ങൾ

- മുൻ പിൻ ദ്വാരങ്ങളിലൂടെ കാഷ്ഠം മൂത്രം പോലെയുള്ള വല്ലതും പുറത്തുവരിക.

അല്ലാഹു പറയുന്നു: ( أو جاء أحد منكم من الغائط )

'അല്ലെങ്കിൽ നിങ്ങളിൽ നിന്നാരെങ്കിലും മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വന്നാൽ...'.

- ശബ്ദമുള്ളതോ ഇല്ലാത്തതോ ആയ കീഴ്വായു പുറപ്പെടൽ.

നബി(ﷺ) പറഞ്ഞു:

( لا يقبل الله صلاة أحدكم إذا أحدث حتى يتوضأ )

'വുദ്വു ദുർബലമായാൽ വീണ്ടും വുദ്വു എടുക്കുന്നതുവരെ നിങ്ങളുടെയാരുടെയും നമസ്കാരം അല്ലാഹു സ്വീകരിക്കുന്നതല്ല'. അപ്പോൾ ഒരാൾ

അബൂഹുറൈറ(ﷺ)നോട് ചോദിച്ചു: 'അബൂഹുറൈറാ എന്താണ്'ഹദസ്'(വുദ്വു ദുർബലമാവുക) എന്നുവെച്ചാൽ? അദ്ദേഹം പറഞ്ഞു: 'ശബ്ദമുള്ളതോ ശബ്ദമില്ലാത്തതോ ആയ കീഴ്വായു പുറപ്പെടലാണ്' (ബുഖാരി, മുസ്ലിം).

- മദ്‌യോ വദ്‌യോ പുറപ്പെടൽ.

അലി(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: 'ഞാൻ ധാരാളമായി മദ്‌യ് (ലൈംഗിക ചിന്തയുണ്ടാവുമ്പോൾ പുറപ്പെടുന്ന നിറമില്ലാത്ത കൊഴുത്ത ദ്രാവകം)പുറപ്പെടുന്ന ഒരാളായിരുന്നു. അപ്പോൾ (ഇതെക്കുറിച്ച്) പ്രവാചകൻ(ﷺ)യോട് ചോദിക്കുവാൻ (പ്രവാചകന്റെ മകളെ വിവാഹം ചെയ്തിരുന്നത് കാരണം ലജ്ജയായതിനാൽ)ഞാൻ ഒരാളോട് ആവശ്യപ്പെട്ടു.അങ്ങനെ (മദ്‌യ് പുറപ്പെട്ടാലുള്ള നിയമമെന്താണെന്ന്)അദ്ദേഹം ചോദിച്ചു. അപ്പോൾ നബി(ﷺ) പറഞ്ഞു:

( توضأ واغسل ذكرك ) ( بخاري )

'നീ നിന്റെ ലിംഗം കഴുകുകയും വുദ്വു എടുക്കുകയും ചെയ്യുക' (ബുഖാരി).

● ബോധം മറയുന്ന നിലയിൽ ഗാഢമായി ഉറങ്ങുക.

അലി(ﷺ)വിൽ നിന്നും നിവേദനം. നബി(ﷺ) പറഞ്ഞു:

(وِكاءُ السَّهِ العين فمن نام فليتوضأ) (أحمد ، ابن ماجة ، أبو داود)

'കണ്ണ് മലദ്വാരത്തിന്റെ മൂടിയാണ്, അതിനാൽ ഉറങ്ങിയവൻ വുദ്വു എടുക്കട്ടെ' (അഹ്മദ്, ഇബ്നുമാജ, അബൂദാവൂദ്).

എന്നാൽ സ്വബോധംനഷ്ടപ്പെടാത്തരൂപത്തിലുള്ള മയക്കം കൊണ്ട് വുദ്വു മുറിയുകയില്ല.

● ഒട്ടകമാംസം കഴിക്കൽ.

സമുറ:(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു:

( أنتوضأ من لحوم الغنم ؟ قال :" إن شئت توضأ وإن شئت فلا تتوضأ "

قال: أنتوضأ من لحوم الإبل ؟قال : نعم . قال: أصلي في مرابض الغنم ؟

قال : نعم قال : أصلي في مبارك الإبل ؟ قال : لا) ( أحمد ، مسلم )

'ഒരാൾ നബി(ﷺ)യോട് ചോദിച്ചു: 'ആട് മാംസം കഴിച്ചാൽ ഞങ്ങൾ വുദ്വു ചെയ്യേണ്ടതുണ്ടോ?'

നബി(ﷺ) പറഞ്ഞു: 'നീ ഉദ്ദേശിക്കുന്നുവെങ്കിൽ വുദ്വു ചെയ്യുക. ഉദ്ദേശിക്കുന്നില്ലെങ്കിൽ വുദ്വു ചെയ്യേണ്ടതുമില്ല'. അയാൾ ചോദിച്ചു: 'ഒട്ടകത്തിന്റെ മാംസം കഴിച്ചാൽ ഞങ്ങൾ വുദ്വു ചെയ്യേണ്ടതുണ്ടോ?'.നബി(ﷺ) പറഞ്ഞു: 'അതെ'. വീണ്ടും അയാൾ ചോദിച്ചു: 'ആടുകളുടെ ആലയിൽ എനിക്ക് നമസ്കരിക്കാമോ?'.നബി(ﷺ)പറഞ്ഞു:'അതെ' അയാൾ ചോദിച്ചു: 'ഒട്ടകങ്ങളെ കെട്ടുന്നിടത്ത് എനിക്ക് നമസ്കരിക്കാമോ? 'നബി(ﷺ)പറഞ്ഞു:'പാടില്ല' (അഹ്മദ്, മുസ്ലിം).

- ഭ്രാന്ത്, ഇളക്കം(അപസ്മാരം), ബോധക്ഷയം, മരുന്നു കഴിച്ചത് കൊണ്ടോ മദ്യം സേവിച്ചതു കൊണ്ടോ ബുദ്ധി ഭ്രമം സംഭവിക്കൽ പോലെയുള്ളവ. കാരണം ബുദ്ധിയുണ്ടായിരിക്കുക എന്നത് വുദ്വു ശരിയാവാനുള്ള നിബന്ധനകളിൽ ഒന്നാണ്.

- ഗുഹ്യസ്ഥാനം മറയില്ലാതെ തൊടൽ.

മുൻ ദ്വാരവും പിൻ ദ്വാരവും ഇതിൽപ്പെടുന്നു. നബി(ﷺ) പറഞ്ഞു:

( أيما رجل مس فرجه فليتوضأ ، وأيما امرأة مست فرجها فلتتوضـأ ) ( أحمد )

'തന്റെ ഗുഹ്യസ്ഥാനം സ്പർശിച്ച ഏതൊരു പുരുഷനും വുദ്വു ചെയ്യട്ടെ, തന്റെ ഗുഹ്യസ്ഥാനം സ്പർശിച്ച ഏതൊരു സ്ത്രീയും വുദ്വു ചെയ്യട്ടെ'.

- ഛർദ്ദിക്കൽ.

ഹദീസിൽ കാണാം. (أنه قاء ثم فتوضأ) 'നബി (ﷺ)ഛർദ്ദിച്ചു,അങ്ങനെ അദ്ദേഹം വുദ്വു ചെയ്തു' (അഹ്മദ്).

- മലിന രക്തം പുറത്തുവരൽ.

നബി(ﷺ) പറഞ്ഞു: ( من قاء أو رعف في صلاته فليتوضأ ) 'ആരെങ്കിലും നമസ്കരിക്കുമ്പോൾ ഛർദ്ദിക്കുകയോ തരിമൂക്കിൽ നിന്നും രക്തം വരികയോ ചെയ്താൽ അവൻ വുദ്വു ചെയ്യട്ടെ'.

- മദ്യ് പുറപ്പെടാൻ കാരണമാവുന്ന രൂപത്തിൽ സ്ത്രീയെ സ്പർശിക്കൽ.

നേരത്തെ സൂചിപ്പിച്ച ഇബ്നു അബ്ബാസ്(رضي الله عنه) വിന്റെ വാക്കുകളാണ് ഇതിന് അടിസ്ഥാനം.'ഇന്ദ്രി

യ സ്ഖലനം ഉണ്ടായെങ്കിലേ കുളിക്കേണ്ടതുള്ളൂ. എന്നാൽ മദ്‌യും വദ്‌യും പുറപ്പെട്ടാൽ നീ നിന്റെ ലിംഗത്തെ കഴുകുക, നമസ്കാരത്തിന് വുദ്വു എടുക്കുന്നതു പോലെ വുദ്വുവെടുക്കുകയും ചെയ്യുക'*

ما يستحب له الوضوء

## വുദ്വു ഉത്തമമായ കാര്യങ്ങൾ

- ഉറങ്ങാൻ പോവുമ്പോൾ.

ബറാഉബ്നു ആസിബ്(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു. നബി(ﷺ) പറഞ്ഞു: 'നീ നിന്റെ വിരിപ്പിലേക്ക് പോവുമ്പോൾ നമസ്കാരത്തിന് വുദ്വുവെടുക്കുന്നതു പോലെ നീ വുദ്വുവെടുക്കുക. പിന്നീട് നിന്റെ വലതുവശം ചരിഞ്ഞ് കിടക്കുകയും ശേഷം ഇപ്രകാരം പറയുകയും ചെയ്യുക.

*(സ്ത്രീയെ സ്പർശിച്ചാൽ വുദ്വു മുറിയുമെന്നതിന് അടിസ്ഥാനമില്ല.എന്നാൽ ഇവിടെ പരാമർശിക്കപ്പെട്ട പോലെ സ്പർശനം മദ്‌യ് പുറപ്പെടാൻ ഇടയാക്കുന്നുവെങ്കിൽ അത് കാരണം വുദ്വു മുറിയുന്നതുമാണ്. വിവ:).

( اللّٰهُمَّ إني أسلمت نفسي إليك ، ووجهت وجهي إليك ، وفوضت أمـري إليك ، وألجأت ظهري إليك ، رغبةً ورهبةً إليـك ، لا ملجـأ ولا منجـا منك إلا إليك ، اللّٰهُمَّ آمنت بكتابـك الذي أنزلـت ، وبنبيـك الذي أرسلت )

'അല്ലാഹുമ്മ ഇന്നീ അസ്ലംതു നഫ്സീ ഇലൈക്, വവജ്ജഹ്തു വജ്ഹീ ഇലൈക്, വഫവ്വദ്തു അംറീ ഇലൈക്,വഅൽജഅ്തു ളഹ്രീ ഇലൈക്, റഗ്ബതൻ വറഹ്ബതൻ ഇലൈക്, ലാ മൽജഅ വലാ മൻജാ മിൻക ഇല്ലാ ഇലൈക്, അല്ലാഹുമ്മ ആമൻതു ബികിതാബികല്ലദീ അൻസൽത, വബി നബിയ്യികല്ലദീ അർസൽത്'.

(അല്ലാഹുവേ, എന്റെ ശരീരത്തെ ഞാനിതാ നിന്നിലേക്ക് സമർപ്പിച്ചിരിക്കുന്നു,എന്റെ മുഖത്തെ ഞാൻ നിന്നിലേക്ക് തിരിച്ചിരിക്കുന്നു, എന്റെ കാര്യങ്ങൾ ഞാൻ നിന്നിലേക്ക് ഏൽപ്പിച്ചിരിക്കുന്നു, എന്റെ പാർശ്വത്തെ ഞാൻ നിന്നിലേക്ക് ചായ്ച്ചിരിക്കുന്നു, നിന്നിലേക്കുള്ള ആഗ്രഹത്തോടെയും (നിന്നോടുള്ള) ഭയത്തോടെയും (ആണ് ഞാനിതെല്ലാം ചെയ്തിരിക്കുന്നത്), നിന്നിൽ നിന്നും നി

ന്നിലേക്കല്ലാതെ യാതൊരു രക്ഷാമാർഗ്ഗവും അഭയകേന്ദ്രവുമില്ല തന്നെ, നീ ഇറക്കിയ ഗ്രന്ഥത്തിലും നീ അയച്ചിരിക്കുന്ന ദൂതനിലും ഞാനിതാ വിശ്വസിച്ചിരിക്കുന്നു).

(ഇപ്രകാരം ചെയ്ത്) നീ ആരാത്രിയിൽ മരിക്കുകയാണെങ്കിൽ നീ ശുദ്ധ പ്രകൃതിയിലാണ് (മരിക്കുന്നത്). അവസാനമായി നീ സംസാരിക്കുന്നത് ആ വാക്കുകളായിരിക്കണം. ബറാഅ്(ﷺ) പറയുന്നു: 'ഞാൻ ഈ വാക്കുകളെ നബി(ﷺ)ക്ക് ചൊല്ലിക്കൊടുത്തു.അങ്ങനെ ونبيك الذي أرسلت എന്ന വാക്കുകൾ എത്തിയപ്പോൾ ഞാൻ പറഞ്ഞു: ورسولك വറസൂലിക,അപ്പോൾ നബി(ﷺ) പറഞ്ഞു: (لا وبنبيك الذي أرسلت) 'അല്ല, വബിനബിയ്യികല്ലദീ അർസൽത' എന്നാണ് . (ബുഖാരി).

- ജനാബത്തുകാരൻ (വലിയ അശുദ്ധിയുള്ളവൻ) തിന്നുവാനോ കുടിക്കുവാനോ ഉറങ്ങുവാനോ വീണ്ടും സംയോഗം ചെയ്യുവാനോ ഉദ്ദേശിക്കുമ്പോൾ.

അമ്മാറുബ്നു യാസിറി(ﷺ)ൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: 'ജനാബത്തുകാരൻ തിന്നുവാനോ കുടിക്കുവാനോ ഉറങ്ങുവാനോ ഉദ്ദേശിക്കുമ്പോൾ നമസ്കാരത്തിന് വുദ്വു ചെയ്യുന്നത് പോലെ വുദ്വു ചെയ്യാൻ നബി(ﷺ) അനുവാദം നൽകി'(അഹ്മദ്,തുർമുദി).നബി(ﷺ) പറഞ്ഞു: ( إذا أتى أحدكم أهله ثم أراد أن يعود فليتوضأ ) ( الجماعة إلا البخاري )

'നിങ്ങളാരെങ്കിലും തന്റെ ഭാര്യയെ പ്രാപിക്കുകയും വീണ്ടും മടങ്ങാൻ (ആവർത്തിക്കാൻ) ഉദ്ദേശിക്കുകയും ചെയ്താൽ അവൻ വുദ്വു ചെയ്യട്ടെ' (അൽജമാഅ: ബുഖാരിയൊഴികെ).

- ജനാബത്ത് കുളിക്കുമുമ്പായി പുരുഷനും, ആർത്തവത്തിൽ നിന്നോ പ്രസവരക്തത്തിൽ നിന്നോ ശുദ്ധിയാവാനുള്ള കുളിക്കു മുമ്പായി സ്ത്രീയും വുദ്വു ചെയ്യൽ.

ആയിശ(ﷺ) പറയുന്നു:

( كان رسول الله صلى الله عليه وسلم إذا اغتسل من الجنابة يبدأ فيغسل يديه ثم يفرغ بيمينه على شماله فيغسل فرجه ، ثم يتوضأ وضوءه للصلاة ) ( الجماعة )

'നബി(ﷺ)വലിയ അശുദ്ധിക്കായി കുളിക്കുമ്പോൾ ആദ്യം തന്റെ ഇരുകരങ്ങളും കഴുകകയും,ശേഷം വലതു കൈകൊണ്ട് ഇടതുകൈയിലേക്ക് വെള്ളം കോരിയൊഴിച്ച് അതുകൊണ്ട് തന്റെ ഗുഹ്യസ്ഥാനം കഴുകുകയും ചെയ്യും.ശേഷം നമസ്കാരത്തിന് വുദ്വു ചെയ്യുന്നതു പോലെ വുദ്വു എടുക്കുകയും ചെയ്യും' (അൽജമാഅ:).

- ഓരോ നമസ്കാരത്തിനും വുദു പുതുക്കൽ.

നബി(ﷺ) പറയുന്നു:

( لولا أن أشق على أمتي لأمرتهم عند كل صلاة بوضوء ، ومع كل وضوء بسواك )

'എന്റെ സമുദായത്തെ ബുദ്ധിമുട്ടിക്കലാകുമായിരുന്നില്ലെങ്കിൽ ഓരോ നമസ്കാരത്തിന് വേണ്ടിയും വുദ്വു ചെയ്യാനും ഓരോ വുദ്വുവിനോടൊപ്പ

വും പല്ലുതേക്കുവാനും ഞാൻ കൽപ്പിക്കുമായിരുന്നു' (അഹ്മദ്). നബി(ﷺ) പറയുന്നു:

( من توضأ على طهر كتب له عشر حسنات ) ( أبوداود ، ترمذي ، ابن ماجة )

'ശുദ്ധിയോടുകൂടി ആരെങ്കിലും വീണ്ടും വുദ്വു ചെയ്താൽ അവന് പത്ത് നന്മകൾ രേഖപ്പെടുത്തപ്പെട്ടു' (അബൂദാവൂദ്, തുർമുദി, ഇബ്നുമാജഃ).

بعض من مخالفات الوضوء

## വുദ്വു: ചില അനിസ്ലാമികതകൾ

- വുദ്വു ചെയ്യുമ്പോൾ നിയ്യത്ത് ഉച്ചരിക്കൽ.

ഇബ്നുൽഖയ്യിം(رحمه الله) പറയുന്നു: 'ചെറിയ അശുദ്ധിയെ ശുദ്ധിയാക്കാൻ വേണ്ടിയും നമസ്കാരത്തെ അനുവദനീയമാക്കാൻ വേണ്ടിയും ഞാൻ വുദ്വു ചെയ്യുന്നു എന്ന് നബി(ﷺ)യോ അദ്ദേഹത്തിന്റെ അനുചരന്മാരോ ഒരിക്കലും പറഞ്ഞിരുന്നില്ല. ഈ വിഷയത്തിൽ പ്രവാചക(ﷺ)നിൽ നിന്നും ശരിയായ നിവേദന പരമ്പരയോടെയോ ദു

ർബലമായ പരമ്പരയോടെയോ ഒരു അക്ഷരമെങ്കിലും ഉദ്ധരിക്കപ്പെട്ടിട്ടില്ല’.

ശൈഖുൽ ഇസ്‌ലാം ഇബ്നുതൈമിയ്യ(ﷺ) പറയുന്നു:‘വുദ്വു, കുളി എന്നീ ശുദ്ധികളുടേയോ, തയമ്മുമിന്റെയോ, നമസ്കാരം, സകാത്ത്, കഫ്ഫാറത്ത് (പ്രായശ്ചിത്തം) പോലെയുള്ള ആരാധനാകർമ്മങ്ങളുടെയോ നിയ്യത്ത് നാവുകൊണ്ട് ഉച്ഛരിക്കേണ്ടതില്ലെന്നതിൽ മുസ്‌ലിം പണ്ഡിതന്മാർ യോജിച്ചിരിക്കുന്നു. മറിച്ച് അവരുടെയെല്ലാം ഐക്യാഭിപ്രായം നിയ്യത്തിന്റെ സ്ഥാനം ഹൃദയമാണെന്നതാണ്. അതിനാൽ ഒരാൾ തന്റെ ഹൃദയത്തിലുള്ളതിന് വിപരീതമായി നാവുകൊണ്ട് ഉച്ചരിച്ചാൽ പ്പോലും പരിഗണിക്കപ്പെടുന്നത് അവന്റെ ഹൃദയത്തിലുള്ളതാണ്, നാവുകൊണ്ട് ചൊല്ലിപ്പറഞ്ഞതല്ല’.*

- വുദ്വുവിലെ ചില അംഗങ്ങൾ കഴുകുമ്പോൾ പ്രാർത്ഥിക്കൽ.

ഉദാഹരണമായി, വലതുകൈകഴുകുമ്പോൾ ചില ആളുകൾ ഇപ്രകാരം പ്രാർത്ഥിക്കുന്നു: اللَّهُمَّ

* (الفتاوى الكبرى لشيخ الإسلام ابن تيمية رحمه الله كتاب الطهارة صفحة : ٢١٣)

أعطني كتابي بيميني 'അല്ലാഹുവേ എന്റെ ഗ്രന്ഥം എന്റെ വലതുകൈയിൽ തരേണമേ', മുഖം കഴുകുമ്പോൾ പറയുന്നു: (اللَّهُمَّ بيض وجهي يوم تبيض وجوه) 'മുഖങ്ങൾ വെളുക്കുന്ന ദിവസം എന്റെ മുഖം വെളുപ്പിക്കേണമേ' പോലെയുള്ളവ.ഇബ്നുൽ ഖയ്യിം(ﷺ) പറയുന്നു:'തന്റെ വുദ്വുവിന്റെ വേളയിൽ ബിസ്മി ഒഴികെ മറ്റെന്തെങ്കിലും നബി(ﷺ) ചൊല്ലാറുണ്ടായിരുന്നതായി അദ്ദേഹത്തിൽ നിന്നും ശരിയായ പരമ്പരയോടെ ഉദ്ധരിക്കപ്പെട്ടിട്ടില്ല. വുദ്വുവിന്റെ ദിക്റുകളായി വന്നിട്ടുള്ള മുഴുവൻ റിപ്പോർട്ടുകളും നബി(ﷺ) പറയുകയോ തന്റെ സമുദായത്തെ പഠിപ്പിക്കുകയോ ചെയ്തിട്ടില്ലാത്ത കെട്ടിയുണ്ടാക്കപ്പെട്ട കള്ള റിപ്പോർട്ടുകൾ മാത്രമാണ്. വുദ്വുവിന്റെ തുടക്കത്തിൽ 'ബിസ്മി' ചൊല്ലലും അവസാനത്തിൽ

( أشهد أن لا إله إلا الله وحده لا شريك له وأشهد أن محمداً عبده ورسوله ، اللَّهُمَّ اجعلني من التوابين واجعلني من المتطهرين )

“(അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക്ക ലഹു, വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു,അല്ലാഹുമ്മ ഇജ്അൽനീ മിനത്തവ്വാബീന വജ്അൽനീ മിനൽമുതത്വഹ്ഹിരീൻ)”,എന്ന് ചൊല്ലുന്നതും മാത്രമാണ് സ്ഥിരപ്പെട്ട് വന്നിട്ടുള്ളത്. സാരം:‘അല്ലാഹു ഒഴികെ ഒരു ആരാധ്യനുമില്ല എന്നും, അവൻ ഏകനാണെന്നും, അവന് യാതൊരുപങ്കുകാരുമില്ലെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(ﷺ) അല്ലാഹുവിന്റെ അടിമയും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. അല്ലാഹുവേ എന്നെ നീ പശ്ചാത്തപിക്കുന്നവരിൽ ഉൾപ്പെടുത്തേണമേ.. ശുദ്ധിയുള്ളവരിലും എന്നെ നീ ആക്കേണമേ’. ഇമാം നസാഇയുടെ മറ്റൊരു റിപ്പോർട്ടിൽ വുദ്വുവിന്റെ ശേഷം പറയാനുള്ളതിൽ ഇപ്രകാരവും കാണാം:

( سبحانك اللّٰهُمَّ وبحمدك أشهد أن لا إلٰه إلا أنت أستغفرك وأتوب إليك ) ( نسائي )

(സുബ്ഹാനകല്ലാഹുമ്മ വബിഹംദിക അശ്ഹദു അൻ ലാ ഇലാഹ ഇല്ലാ അൻത അസ്തഗ്ഫിറുക വ അതൂബു ഇലൈക്) ‘അല്ലാഹുവേ നിന്റെ പരി

ശുദ്ധിയെ വാഴ്ത്തുന്നതോടൊപ്പം നിന്നെ ഞാൻ സ്തുതിക്കുന്നു, നീയല്ലാതെ യാതൊരു ആരാധ്യ നുമില്ല എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു, ഞാ ൻ നിന്നോട് പാപമോചനം തേടുന്നു, നിന്നിലേ ക്ക് ഞാൻ പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യു ന്നു' (നസാഇ).

- വുദ്വുവിൽ തല തടവിയതിനു ശേഷം പിരടി തടവൽ.

ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ(ﷺ) പറയുന്നു: 'നബി(ﷺ) വുദ്വു ചെയ്യുമ്പോൾ തന്റെ പിരടി തടവിയെന്ന് ശരിയായി റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടില്ല.പ്രവാചക(ﷺ)നിൽ നിന്നും അദ്ദേഹത്തി ന്റെ വുദ്വുവിന്റെ രൂപം സ്ഥിരപ്പെട്ടു വന്ന ഹദീ സുകളിലൊന്നും തന്നെ അദ്ദേഹം തന്റെ പിരടി തടവിയിരുന്നുവെന്നുമില്ല. അതുകൊണ്ട് തന്നെ ഭൂരിപക്ഷം പണ്ഡിതന്മാരും അതൊരു നല്ല കാര്യ മായി പരിഗണിച്ചിട്ടില്ല. ഇനി അതിനെ നല്ലതായി കാണുന്നവർ തന്നെ അബൂഹുറൈറ(ﷺ)വിൽ നി ന്നുള്ള ഒരു ഒറ്റപ്പെട്ട റിപ്പോർട്ടിനെയോ അല്ലെങ്കി ൽ അദ്ദേഹം തലമണ്ടവരെ തന്റെ പിരടി തടവി

യെന്ന ഉദ്ധരിക്കാൻ യോഗ്യമല്ലാത്ത ദുർബ്ബലമായ ഹദീസുകളെയോ മാത്രം പരിഗണിച്ചിരിക്കുകയാണ്. ഇത്തരം റിപ്പോർട്ടുകൾ അവലംബമാക്കാൻ നിവൃത്തിയില്ല. ശരിയായി വന്ന ഹദീസുകളോട് അതൊന്നും തന്നെ എതിരാവുന്നുമില്ല.അതിനാൽ തന്നെ ആരെങ്കിലും പിരടി തടവൽ ഒഴിവാക്കിയാൽ, പണ്ഡിതന്മാർ ഏകോപിച്ച പോലെ അവന്റെ വുദ്വു ശരിയാണ്.'*

- വുദ്വു പൂർണ്ണമാക്കാതിരിക്കൽ.

ഖാലിദ്ബ്നു മഅ്ദാൻ(ﷺ) പ്രവാചകന്റെ ചില പത്നിമാരിൽ നിന്നും ഉദ്ധരിക്കുന്നു. 'ഒരാൾ നമസ്കരിക്കുന്നത് നബി(ﷺ) കണ്ടു. അയാളുടെ പാദത്തിൽ ഒരു നാണയത്തിന്റെയത്ര സ്ഥലം വെള്ളം സ്പർശിച്ചിട്ടില്ല. അപ്പോൾ അയാളുടെ വുദ്വു ആവർത്തിച്ച് നിർവ്വഹിക്കുവാൻ നബി(ﷺ)കൽപ്പിച്ചു' (അഹ്മദ്, അബൂദാവൂദ്).അബൂദാവൂദിന്റെ റിപ്പോർട്ടിൽ 'നമസ്കാരവും കൂടി' (ആവർത്തിച്ച് നിർവ്വഹിക്കാൻ) എന്നാണുള്ളത്.

---

* ( الفتاوى الكبرى لشيخ الإسلام ابن تيمية رحمه الله كتاب الطهارة صفحة : ٢٨٠ )

- ഇടയിൽ നമസ്കാരമില്ലാതെ വുദുവിന് മീതെ വുദ്വു എടുക്കൽ.

ശൈഖുൽഇസ്ലാം ഇബ്നുതൈമിയ(ﷺ) പറയുന്നു: 'ആദ്യത്തെ വുദ്വുവോടെ വീണ്ടും നമസ്കരിക്കുവാൻ, വുദ്വു വീണ്ടും പുതുക്കുന്നത് ഉത്തമമാണോ അല്ലെയോ എന്ന് കർമ്മശാസ്ത്ര പണ്ഡിതർ ചർച്ച ചെയ്തിട്ടുണ്ട്. എന്നാൽ വുദ്വു എടുത്തശേഷം നമസ്കരിക്കാത്തയാൾ വീണ്ടും വുദ്വു പുതുക്കുന്നത് പുണ്യകരമല്ല. മാത്രവുമല്ല ഇത്തരം പുതുക്കൽ ബിദ്അത്തും പ്രവാചക ചര്യയോടും, അദ്ദേഹത്തിന്റെ കാലത്തും ശേഷം ഇക്കാലമത്രയുമുള്ള മുസ്ലിംകളുടെ നടപടിക്രമത്തോടും എതിരുമാണ്.

- വുദ്വുവിലെ അവയവങ്ങൾ മുഴുവൻ, അല്ലെങ്കിൽ അവയിൽ ചിലത് മൂന്നിൽ കൂടുതൽ പ്രാവശ്യം കഴുകൽ.

ഇതും പ്രവാചകൻ(ﷺ) നമ്മോട് കൽപ്പിച്ചതിന് എതിരാണ്. അദ്ദേഹം പറഞ്ഞു:

( من أحدث في أمرنا هذا ما ليس منه فهو رد ) ( متفق عليه )

‘നമ്മുടെ ഈ (മത) കാര്യത്തിൽ അതിലില്ലാത്തത് വല്ലതും ആരെങ്കിലും പുതുതായി ഉണ്ടാക്കിയാൽ അത് തള്ളപ്പെടേണ്ടതാകുന്നു’(ബുഖാരി,മുസ്‌ലിം)

- വുദ്വു എടുത്ത ശേഷം തന്റെ ശരീരത്തിലോ വസ്ത്രത്തിലോ നജസ് വല്ലതും ആയാൽ അത് നീക്കം ചെയ്താൽ പോര, മറിച്ച് നിർബന്ധമായും വീണ്ടും വുദ്വു ചെയ്യണം എന്ന് ചിലർ വിചാരിക്കുന്നു.

ഇതെക്കുറിച്ച് ശൈഖ് സ്വാലിഹ് അൽ ഫൗസാനോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമാണ്:‘വുദ്വുവുണ്ടായിരിക്കെ ഒരാളുടെ ദേഹത്തിലോ വസ്ത്രത്തിലോ നജസായാൽ അത് അയാളുടെ വുദ്വുവിനെ ബാധിക്കുകയില്ല, കാരണം വുദ്വുവിനെ ദുർബ്ബലമാക്കുന്ന കാരണങ്ങളൊന്നും ഇവിടെ ഉണ്ടായിട്ടില്ല. അതുകൊണ്ട് തന്റെ ശരീരത്തിലോ വസ്ത്രത്തിലോ ആയിട്ടുള്ള നജസിനെ നീക്കം ചെയ്ത് (അതേ വുദ്വുവോടെ) അയാൾക്ക് നമസ്കരിക്കാവുന്നതാണ്, അതുകൊണ്ട് യാതൊരു വിരോധവുമില്ല’*

* ( فتاوى نور على الدرب ، الحلقة الأولى . صفحة : ١٠٧ )

- ചിലർ വുദ്വുവിൽ മുഖം കഴുകുമ്പോൾ മുഖത്തിന്റെ മുഴുവൻ ഭാഗവും കഴുകുന്നില്ല.

പ്രത്യേകിച്ചും ചെവികളോടുചേർന്ന കവിൾത്തടങ്ങൾ. ചെവിയുടെയും താടിയുടെയും അതിർവരമ്പുകളടക്കം മുഖത്തിന്റെ മുഴുവൻ ഭാഗവും കഴുകൽ നിർബന്ധമാണ്.

- വുദ്വു ചെയ്ത് ശുദ്ധിയുള്ള ചില സ്ത്രീകൾ ശേഷം മറയില്ലാതെ തന്റെ കൈകൊണ്ട് കുഞ്ഞിന്റെ ഗുഹ്യ സ്ഥാനത്ത് നിന്നും മലവും മൂത്രവും നീക്കം ചെയ്ത് വൃത്തിയാക്കിക്കൊടുക്കുകയും, ശേഷം വുദ്വു ചെയ്യാതെ നമസ്കരിക്കുകയും ചെയ്യുന്നു. കുഞ്ഞിന്റെ ഗുഹ്യസ്ഥാനം സ്പർശിക്കുന്നതിലൂടെ അവളുടെ വുദ്വു മുറിയുന്നതാണ്.

- ചില സ്ത്രീകൾ തങ്ങളുടെ നഖങ്ങളിൽ (ക്യൂട്ടെക്സ് പോലെയുള്ള) ചായം കൊടുക്കുന്നു.

അത് നഖങ്ങളിൽ വെള്ളം ചേരുന്നതിനെ തടയുന്ന വസ്തുവാണ്. അതിനാൽ അത്തരം വസ്തുക്കൾ നഖങ്ങളിൽ പൂശിക്കൊണ്ട് വുദ്വു എടുക്കുകയും നമസ്കരിക്കുകയും ചെയ്യുന്നവളുടെ

വുദ്വുവും ആ വുദ്വു കൊണ്ടുള്ള നമസ്കാരവും ശരിയാവുകയില്ല. അത്തരം വുദ്വു കൊണ്ട് നമസ്കരിച്ചവൾ വീണ്ടും മടക്കി നമസ്കരിക്കൽ നിർബന്ധമാണ്. വുദ്വുവിന്റെ അവയവങ്ങളിലെവിടെയെങ്കിലും ഇതു പോലെ വെള്ളം ചേരുന്നതിന് തടസ്സമുള്ള വസ്തുക്കളുണ്ടായിരിക്കെ വുദ്വു ചെയ്യുകയും നമസ്കരിക്കുകയും ചെയ്തവർക്കൊക്കെയും ഈ നിയമം ബാധകവുമാണ്. എന്നാൽ ശറഇയയായി ആനുകൂല്യമുള്ള തടസ്സങ്ങളാണെങ്കിൽ അതുകൊണ്ട് വിരോധമില്ല. (ബാൻഡേജ്, ശീലക്കെട്ട് പോലെയുള്ള തടസ്സമാണെങ്കിൽ അതിന്മേൽ തടവിയാൽ മതിയാവുന്നതാണ്. വിവ:).

- ഓരോ വുദ്വുവിന്റെയും കൂടെ ഗുഹ്യസ്ഥാനം കഴുകൽ നിർബന്ധമാണെന്ന ചിലരുടെ ധാരണയും ശരിയല്ല.

മലമൂത്ര വിസർജ്ജനം നടത്തിയവർ മാത്രമേ അപ്രകാരം ചെയ്യേണ്ടതുള്ളു. എന്നാൽ (ശബ്ദമുള്ളതോ ഇല്ലാത്തതോ ആയ) കീഴ്വായു പോയതിനോ ഉറങ്ങിയതിനോ ഗുഹ്യസ്ഥാനം കഴുകേണ്ടതില്ല, മറിച്ച് വുദ്വു ചെയ്താൽ മതി.

● മൃഗങ്ങളുടെ ഗുഹ്യാവയവങ്ങൾ സ്പർശിച്ചാൽ വുദ്വു മുറിയുമെന്ന ചിലരുടെ വിശ്വാസം.

ശൈഖുൽ ഇസ്ലാം ഇബ്നുതൈമിയ(ﷺ) പറയുന്നു: 'ജീവനുള്ളതോ ചത്തതോ ആയ മൃഗങ്ങളുടെ ഗുഹ്യാവയവങ്ങൾ സ്പർശിക്കുന്നത് വുദ്വു ദുർബ്ബലപ്പെടുത്തുകയില്ല എന്നത് ഇമാമുകളുടെ ഐക്യ കണ്ഠാഭിപ്രായമാണ്' *

## بعض الفتاوى حول الوضوء

## <u>വുദ്വു: ചില ഫത്വകൾ</u>

?ഒരാൾ വുദ്വുവെടുത്ത് നമസ്കരിക്കാൻ നിന്നു, തന്റെ നമസ്കാരത്തിനിടയിൽ അൽപ്പം എന്തോ പുറത്ത് പോയെന്ന് അയാൾക്ക് തോന്നി.അയാളുടെ നമസ്കാരം ദുർബ്ബലപ്പെടുമോ ഇല്ലെയോ?

തോന്നൽ മാത്രമാണെങ്കിൽ അത് വുദ്വുവിനെ മുറിക്കുകയില്ല. ഇത്തരം സംശയത്തിന്റെ അടിസ്ഥാനത്തിൽ മാത്രം അവൻ നമസ്കാരത്തിൽ നിന്ന് പുറത്തു പോവാനും പാടില്ല.ഹദീസിൽ കാ

* ( فتاوى الكبرى لشيخ الإسلام ابن تيمية ، كتاب الطهارة ، صفحة : ٢٨٠ )

ണാം,നമസ്കരിക്കുന്നതിനിടെ വുദ്വുവിന് എന്തോ സംഭവിച്ചോ എന്ന് സംശയിക്കുന്ന ഒരാളെക്കുറിച്ച് നബി(ﷺ) ചോദിക്കപ്പെട്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: ( متفق عليه ) ( لا ينصرف حتى يسمع صوتاً أو يجد ريحاً ) 'ശബ്ദം കേൾക്കുകയോ വാസന അനുഭവപ്പെടുകയോ ചെയ്യുന്നതു വരെ അവൻ നമസ്കാരത്തിൽ നിന്നും പിരിഞ്ഞു പോവരുത്' (ബുഖാരി,മുസ്ലിം, ഇബ്നുമാജ:, തുർമുദി, അഹ്മദ്).

എന്നാൽ ലിംഗത്തിന് പുറത്തേക്ക് മൂത്രം പുറപ്പെട്ടുവന്നെന്ന് ഉറപ്പായിക്കഴിഞ്ഞാൽ അവന്റെ വുദ്വു ദുർബ്ബലപ്പെട്ടു. ശൗച്യം ചെയ്യൽ അവന് നിർബന്ധമാണ്. എന്നാൽ മൂത്രവാർച്ച രോഗം ഉള്ളയാൾ, തന്നോട് കൽപ്പിക്കപ്പെട്ട രൂപത്തിൽ ചെയ്തിട്ടുണ്ടെങ്കിൽ അയാളുടെ നമസ്കാരം ദുർബ്ബലമാവുകയില്ല.*

?ഒരാൾ തന്റെ ഭാര്യയെ ചുംബിക്കുകയോ അവളെ ആലിംഗനം ചെയ്യുകയോ ചെയ്തു, അതുമുഖേന അവന് മദ്‌യ് (ലൈംഗിക വികാര സമ

---

* ( فتاوى الكبرى لشيخ الإسلام ابن تيمية ، كتاب الطهارة . صفحة : ٢٨١ )

യത്തുണ്ടാവുന്ന നിറമില്ലാത്ത കൊഴുത്ത ദ്രാവകം) പുറപ്പെട്ടു, അവന് വുദ്വു നിർബന്ധമാണോ?

അതെ, അതുകൊണ്ട് അയാളുടെ വുദ്വു മുറിയുന്നതാണ്. അയാൾ വുദ്വു മാത്രം ചെയ്താൽ മതി. (കുളിക്കേണ്ടതില്ല. അതിനു മുമ്പായി) അയാൾ തന്റെ ലിംഗവും രണ്ട് വൃഷണങ്ങളും കഴുകേണ്ടതാണ് ' **

?ഒരാളുടെ ലിംഗത്തിൽ നിന്നും നിലക്കാതെ ചലം പുറപ്പെടുന്നു. ഈ അവസ്ഥയിൽ അയാളുടെ നമസ്കാരം ശരിയാവുമോ?

തന്റെ നമസ്കാരം പാഴാക്കാൻ അയാൾക്ക് പാടില്ല. മറിച്ച് സാധ്യമാവുന്ന രൂപത്തിൽ അയാൾ നമസ്കരിക്കുകയാണ് വേണ്ടത്. എത്ര പ്രാവശ്യം വുദ്വു ചെയ്തിട്ടും നമസ്കരിച്ചിട്ടും നജസ് നിൽക്കുന്നില്ലെങ്കിൽ, വുദ്വു ചെയ്ത് ആ അവസ്ഥയിൽ തന്നെ നമസ്കരിച്ചാൽ മതി, നമസ്കാരത്തിനിടയിൽ നജസ് പുറപ്പെട്ടാലും ശരി. എന്നാൽ നജസ് വ്യാപിക്കാതിരിക്കാൻ (ശീലയോ മറ്റോ കെ

---

** ( الفتاوى الكبرى لشيخ الإسلام ابن تيمية ، كتاب الطهارة . صفحة : ٢٩٤ ) **

ട്ടി വെച്ച്) സുരക്ഷിതമാക്കേണ്ടതാണ്. *

? വുദ്വുവിന് പകരം കുളി മതിയാവുമോ?

കുളി നിർബന്ധമുള്ള ഒരാൾ അതിനു മുമ്പായി വുദ്വു എടുക്കൽ സുന്നത്താണ്. പൂർണ്ണമായ വുദ്വു എടുക്കുകയും കുളിക്കുകയും ചെയ്യുക. കുളിക്കുന്നിതിനിടയിൽ തന്റെ കൈ ഗുഹ്യസ്ഥാനത്തെ സ്പർശിച്ച് വുദ്വു മുറിയാതിരിക്കാൻ അവൻ പ്രത്യേകം ശ്രദ്ധിക്കണം.അപ്രകാരം പൂർത്തിയാക്കിയാൽ വീണ്ടും വുദ്വു ചെയ്യുന്നതിന് പകരം ആ കുളി മതിയാവുന്നതാണ്. ഇനി ആദ്യത്തിൽ വുദ്വു എടുക്കാതെ വുദ്വുവിന്റെ അംഗങ്ങൾ (കുളിക്കിടയിൽ) ക്രമപ്രകാരം കഴുകിയാൽ വുദ്വുവിന് പകരം അത് മതിയാകുന്നതാണ്, ഇൻശാ അല്ലാഹ്' **

****************

## المسح على الخفين وما في معناهما

## <u>ഖുഫ്ഫകളുടെ മേൽ തടവൽ</u>

---

* ( الفتاوى الكبرى لشيخ الإسلام إبن تيمية رحمه الله ، كتاب الطهارة ، صفحة : ٣١٠ )

** ( فتاوى إسلامية لمجموعة من العلماء ، صفحة : ١٩١/١ )

(യാത്രക്കാരനും നാട്ടിൽ താമസിക്കുന്നവനും വുദ്വുവിൽ കാലുകഴുകുന്നതിന്പകരം) ഖുഫ്ഫകളിൽ തടവൽ (ഇളവെന്ന നിലയിൽ) നിയമമാക്കപ്പെട്ടിരിക്കുന്നു. ജരീറുബ്നു അബ്ദില്ല(ﷺ) വിൽ നിന്നുള്ള റിപ്പോർട്ടാണ് അതിന് അടിസ്ഥാനം. അദ്ദേഹം പറയുന്നു:

(رأيت رسول الله صلى الله عليه وسلم بال ثم توضأ ومسح على خفيه )

'നബി(ﷺ) മൂത്രമൊഴിക്കുകയും, ശേഷം വുദ്വുവെടുക്കുകയും, തന്റെ രണ്ട് ഖുഫ്ഫകളിൽ അദ്ദേഹം തടവുകയും ചെയ്യുന്നത് ഞാൻ കണ്ടു' (ബുഖാരി, മുസ്ലിം).

(വുദ്വു ചെയ്ത്) ശുദ്ധിയോടുകൂടിയാണ് അവ രണ്ടും ധരിച്ചിട്ടുള്ളതെങ്കിൽ (വുദ്വു എടുക്കുമ്പോൾ) അവ അഴിച്ച് കാലുകൾ കഴുകുന്നതിന് പകരം അതിന്മേൽ തടവലാണ് ഏറ്റവും ഉത്തമം. മുഗീറത്തുബ്നു ശുഅ്ബ:(ﷺ)വിൽനിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഒരു യാത്രയിൽ ഞാൻ നബി(ﷺ)യോടൊപ്പമായിരുന്നു. (അദ്ദേഹം വുദ്വു ചെയ്തപ്പോൾ) അദ്ദേഹത്തിന്റെ ഖുഫ്ഫ അഴി

ക്കാനായി ഞാൻ കുനിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: (دعهما فإني أدخلتهما طاهرتين) 'നീ അവയെ വിട്ടേക്കുക, ഞാനവയെ ശുദ്ധിയോടെയാണ് ധരിച്ചിട്ടുള്ളത്' അങ്ങനെ അദ്ദേഹം അവയുടെ മേൽ തടവി' (ബുഖാരി, മുസ്‌ലിം).

## തടവേണ്ട സ്ഥാനം مكان المسح

ഖുഫ്ഫയുടെ മീതെയാണ് തടവേണ്ടത്. കാരണം നബി(ﷺ) ചെയ്തത് അപ്രകാരമാണ്. അലി (رضي الله عنه) പറയുന്നു:

( لو كان الدين بالرأي لكان باطن الخف أولى للمسح من ظاهره ، لقد رأيت رسول الله صلى الله عليه وسلم يمسح على ظاهر خفيه )

'അഭിപ്രായം (യുക്തി) അനുസരിച്ച് ചെയ്യാനുള്ളതായിരുന്നു മതമെങ്കിൽ ഖുഫ്ഫയുടെ അടിഭാഗമായിരുന്നു പുറഭാഗത്തേക്കാൾ തടവാൻ അർഹതപ്പെട്ടത്. എന്നാൽ അല്ലാഹുവിന്റെ ദൂതർ(ﷺ) തന്റെ ഇരു ഖുഫ്ഫകളുടെയും ബാഹ്യഭാഗം തട

വുന്നതായാണ് ഞാൻ കണ്ടത്’ (അബൂദാവൂദ്, ത്വ ബ്റാനി).

شروط المسح على الخفين

## ഖുഫ്ഫകളിന്മേൽ തടവുന്നതിന്റെ നിബന്ധനകൾ

● **ഒന്ന്:** ഖുഫ്ഫ, അല്ലെങ്കിൽ (സോക്സ് പോലെ) അതിന്റെ സ്ഥാനത്ത് ഉപയോഗിക്കുന്നത്, (വുദ്വുവെടുത്ത്) ശുദ്ധിയോടു കൂടി ധരിക്കുക. മുഗീറത്തുബ്നു ശുഅ്ബ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: ‘ഒരു യാത്രയിൽ ഞാൻ നബി(ﷺ) യോടൊപ്പമായിരുന്നു. (അദ്ദേഹം വുദ്വു ചെയ്തപ്പോൾ) അദ്ദേഹത്തിന്റെ ഖുഫ്ഫ അഴിക്കാനായി ഞാൻ കുനിഞ്ഞു. അപ്പോൾ അദ്ദേഹം പറഞ്ഞു: ‘അവയെ വിട്ടേക്കുക, ശുദ്ധിയോടെയാണ് ഞാനവയെ ധരിച്ചിട്ടുള്ളത്’ അങ്ങനെ അദ്ദേഹം അവയുടെ മേൽ തടവി’ (ബുഖാരി, മുസ്‌ലിം).

● **രണ്ട്:** ഖുഫ്ഫ, അല്ലെങ്കിൽ അതിന്റെ സ്ഥാനത്ത് ഉപയോഗിക്കുന്നത്- ശുദ്ധിയുള്ളതായിരിക്കു

ക. നജസ് ഉള്ളതാണെങ്കിൽ അതിന്മേൽ തടവുന്ന തോ അത് ധരിച്ച് നമസ്കരിക്കുന്നതോ അനുവദ നീയമല്ല. അതാണ് പ്രവാചകന്റെ മാതൃക. ഒരു ദി വസം അദ്ദേഹം സഹാബികളെയും കൊണ്ട് നമ സ്കരിച്ചു. അദ്ദേഹം രണ്ട് ചെരിപ്പുകൾ ധരിച്ചിട്ടു ണ്ട്. നമസ്കാരത്തിനിടയിൽ അദ്ദേഹം അവ ഊ രിവെച്ചു. തന്റെ ചെരിപ്പുകളിൽ മാലിന്യമുണ്ടായി രുന്നുവെന്ന് ജിബ്‌രീൽ(ﷺ) അദ്ദേഹത്തെ അറിയി ച്ചെന്ന് (നമസ്കാര ശേഷം) അദ്ദേഹം അവരോട് പറയുകയും ചെയ്തു.

● **മൂന്ന്:** അവകളിൽതടവുന്നത് ചെറിയ അശുദ്ധി യെ നീക്കം ചെയ്യാൻ വേണ്ടി മാത്രമായിരിക്കുക. വലിയ അശുദ്ധിക്ക്(നിർബന്ധമായ കുളിക്ക്) വേ ണ്ടി ആയിരിക്കരുത്. സ്വഫ്‌വാനുബ്നു അസ്സാൽ (ﷺ)വിൽ നിന്നും നിവേദനം.അദ്ദേഹം പറയുന്നു:

(كان رسول الله صلى الله عليه وسلم يأمرنا إذا كنا سفراً ألا ننزع خفافنا ثلاثة أيام ولياليهن إلا من جنابة ، لكن من بول وغائط ونوم)

'ഞങ്ങൾ യാത്രയിലായിരിക്കുമ്പോൾ മൂന്ന് പക ലും അവയുടെ രാത്രിയും ജനാബത്ത് ഉണ്ടായെ

ങ്കിലല്ലാതെ, മലമൂത്ര വിസർജ്ജനം, ഉറക്കം എന്നിവ കാരണത്താൽ ഖുഫ്ഫകളെ ഞങ്ങൾ അഴിക്കേണ്ടതില്ലെന്ന് പ്രവാചകൻ(ﷺ) ഞങ്ങളോട് കൽപ്പിക്കാറുണ്ടായിരുന്നു' (അഹ്മദ്, തുർമുദി, നസാഇ).

● **നാല്:** ഖുഫ്ഫകളിൽ തടവുന്നത് ശറഇൽ അനുവദിക്കപ്പെട്ട സമയ പരിധിക്കുള്ളിലായിരിക്കണം. നാട്ടിലുള്ളവന് ഒരു രാവും ഒരു പകലും, യാത്രക്കാരന് മൂന്ന് പകലുകളും അവയുടെ രാത്രികളും ആണ് (നിശ്ചയിക്കപ്പെട്ട സമയപരിധി). അലി(ﷺ)വിൽ നിന്നും നിവേദനം. ഖുഫ്ഫകളിൽ തടവുന്നതിന്റെ സമയപരിധിയെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: നബി(ﷺ) പറഞ്ഞു:

(للمسافر ثلاثة أيام ولياليهن ، وللمقيم يوم وليلة)

'യാത്രക്കാരന് മൂന്ന് പകലുകളും അവയുടെ രാത്രികളും, നാട്ടിലുള്ളവന് ഒരുപകലും ഒരു രാത്രിയും' (മുസ്ലിം, അഹ്മദ്, തുർമുദി, നസാഇ, ഇബ്നുമാജ:).

**അഞ്ച്:** നിർബന്ധമായും മറക്കേണ്ട (വുദ്വുവിൽ, കാൽ കഴുകുമ്പോൾ നിർബന്ധമായും കഴുകുന്ന) ഭാഗങ്ങൾ അത് മറച്ചിരിക്കണം.

صفة المسح على الخفين

## ഖുഫ്ഫകളെ തടവുന്ന രൂപം

ഖുഫ്ഫകൾ, അല്ലെങ്കിൽ സോക്സുകൾ രണ്ടും ശുദ്ധിയോടുകൂടി ധരിച്ച ശേഷം വുദ്വു എടുക്കുമ്പോഴെല്ലാം അത് അഴിച്ച് കാൽ കഴുകുന്നതിന് പകരം അതിന്മേൽ തടവിയാൽ മതിയാവുന്നതാണ്. അതിനായി തന്റെ വലതു കൈയിൽ വെള്ളം നനച്ച ശേഷം കാൽ വിരലുകൾ തൊട്ട് കണങ്കാൽ വരെ വലതു പാദവും, ശേഷം ഇടതു കൈയിൽ വെള്ളം നനച്ച് കാൽവിരലുകൾ മുതൽ കണങ്കാൽ വരെ ഇടതു പാദവും തടവണം. (ഖുഫ്ഫകളുടെ മീതെക്കൂടിയാണ് തടവേണ്ടത്). മുഗീറത്തുബ്നു ശുഅ്ബ(ﷺ)വിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ട ഹദീസിൽ പ്രവാചകൻ(ﷺ)യുടെ വുദ്വുവിന്റെ രൂപം പരാമർശിക്കവെ അദ്ദേഹം പറയുന്നു:

( ثم توضأ ومسح على الخفين فوضع يده اليمنى على خفه الأيمن ووضع يده اليسرى على خفه الأيسر ، ثم مسح أعلاهما مسحةً واحدةً )

'പിന്നീട് അദ്ദേഹം വുദ്വു ചെയ്തു, അപ്പോൾ അദ്ദേഹം തന്റെ ഇരു ഖുഫ്ഫകളിന്മേലും തടവി. അങ്ങനെ അദ്ദേഹം തന്റെ വലതുകൈ വലതു ഖുഫ്ഫ മേലും ഇടതുകൈ ഇടതു ഖുഫ്ഫമേലും വെച്ചു, ശേഷം അവയുടെ മുകൾഭാഗം ഒരു പ്രാവശ്യം തടവി. ഖുഫ്ഫകളുടെ മേൽ പതിഞ്ഞ അദ്ദേഹത്തിന്റെ വിരലടയാളങ്ങൾ ഇപ്പോഴും ഞാൻ നോക്കിക്കാണുന്നപോലെ അനുഭവപ്പെടുന്നു'.

مدة المسح على الخفين

## ഖുഫ്ഫകളെ തടവാവുന്ന സമയപരിധി

- യാത്രക്കാരന് മൂന്ന് പകലുകളും അവയുടെ രാത്രികളും, നാട്ടിലുള്ള വന്ന് ഒരു പകലും ഒരു രാത്രിയുമാണ് (അനുവദിക്കപ്പെട്ടിട്ടുള്ളത്). അലിയ്യിബ്നു അബീത്വാലിബിൽ നിന്നും നിവേദനം. ഖുഫ്ഫയിൽ തടവാനുള്ള സമയപരിധിയെക്കുറിച്ച്

ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:നബി(ﷺ) പറഞ്ഞു:

( للمسافر ثلاثة أيام ولياليهن ، وللمقيم يوم وليلة ) ( مسلم )

'യാത്രക്കാരന് മൂന്ന് പകലുകളും അവയുടെ രാത്രികളും, നാട്ടിലുള്ളവന് ഒരുപകലും ഒരുരാത്രിയും' (മുസ്ലിം, അഹ്മദ്, തുർമുദി, നസാഇ, ഇബ്നുമാജ:).

- പണ്ഡിതന്മാരുടെ മുൻഗണനാഭിപ്രായമനുസരിച്ച് വുദ്വു മുറിഞ്ഞതിന് ശേഷം ആദ്യമായി ഖുഫ്ഫകളിന്മേൽ തടവിയ സമയം മുതലാണ് തടവുന്നതിനുള്ള സമയപരിധി ആരംഭിക്കുന്നത്. അതു മുതൽ 24 മണിക്കൂറിന് ശേഷം നാട്ടിലുള്ള ആളുടെ സമയപരിധിയും, 72 മണിക്കൂറിന് ശേഷം യാത്രക്കാരന്റെ സമയപരിധിയും അവസാനിക്കുന്നതാണ്.

مبطلات المسح على الخفين

## ഖുഫ്ഫകളെ തടവൽ മുറിക്കുന്ന കാര്യങ്ങൾ

- **ജനാബത്ത്:** സ്വഫ്വാൻ(رضي الله عنه)ൽ നിന്നും നിവേദ

നം, 'ഞങ്ങൾ യാത്രയിലായിരിക്കുമ്പോൾ മൂന്ന് പകലും അവയുടെ രാത്രിയും ജനാബത്ത് ഉണ്ടാ യെങ്കിലല്ലാതെ, മലമൂത്ര വിസർജ്ജനം, ഉറക്കം എന്നിവ കാരണം ഖുഫ്ഫകളെ ഞങ്ങൾ അഴി ക്കേണ്ടതില്ലെന്ന് പ്രവാചകൻ(ﷺ) ഞങ്ങളോട് ക ൽപ്പിക്കാറുണ്ടായിരുന്നു' (അഹ്മദ്, തുർമുദി, ന സാഇ).

- നിശ്ചിത സമയ പരിധി അവസാനിക്കൽ. അത് നാട്ടിലുള്ളവന് ഒരു പകലും ഒരു രാവും, യാത്ര ക്കാരന് മൂന്ന് പകലുകളും അവയുടെ രാത്രികളു മാണ്. അലിയ്യുബ്നു അബീത്വാലിബ്(رضي الله عنه)വിനോട് ഖുഫ്ഫകളിന്മേൽ തടവുന്നതിന്റെ സമയപരിധി യെപ്പറ്റി ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു: നബി(ﷺ) പറഞ്ഞു: 'യാത്രക്കാരന് മൂന്ന് പകലുക ളും അവയുടെ രാത്രികളും, നാട്ടിലുള്ളവന് ഒരു പകലും ഒരു രാത്രിയും' (മുസ്ലിം, അഹ്മദ്, തുർ മുദി, നസാഇ, ഇബ്നുമാജ:).

## കുളി الغسل

ശരീരം മുഴുക്കെ വെള്ളം ഒഴുക്കിക്കഴുകലാണ് കുളികൊണ്ട് ഉദ്ദേശിക്കുന്നത്.

കുളി നിർബന്ധമാക്കുന്ന കാര്യങ്ങൾ:-

- സുഖാനുഭവത്തോടെ ഇന്ദ്രിയ സ്ഖലനം ഉണ്ടാവൽ.

അത് സംയോഗം, സ്വയംഭോഗം, ലൈംഗിക ചിന്ത, സ്വപ്നസ്ഖലനം പോലെയുള്ള ഏത് കാരണങ്ങൾ കൊണ്ടാണെങ്കിലും ശരി. അല്ലാഹു പറയുന്നു: ﴿ وإن كنتم جنباً فاطهروا ﴾ 'നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ (കുളിച്ച്) ശുദ്ധിയാകുക' (മാഇദ: 6).

- 'ഖിതാനൈൻ' തമ്മിൽ കൂടിച്ചേരൽ.

പുരുഷ ലിംഗത്തിന്റെ (ചേലാകർമ്മം ചെയ്യപ്പെട്ട) തലഭാഗം സ്ത്രീയുടെ യോനിയിൽ മറയുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം, അത് കാരണം ഇന്ദ്രിയ സ്ഖലനം ഉണ്ടായിട്ടില്ലെങ്കിലും ശരി.ഇപ്രകാരം സംഭവിച്ചാൽ രണ്ട് പേരും കുളിക്കൽ നിർബന്ധമാണ്. നബി(ﷺ) പറഞ്ഞു:

( إذا جلس بين شعبها الأربع ثم جهدها فقد وجب الغسل ، أنزل أم لم ينزل )

'അവൻ അവളുടെ നാല് അവയവങ്ങൾക്കിടയിൽ ഇരിക്കുകയും പിന്നീട് അവളെ ഞെരുക്കുകയും ചെയ്താൽ തീർച്ചയായും കുളി നിർബന്ധമായി, ഇന്ദ്രിയം സ്ഖലിച്ചാലും ഇല്ലെങ്കിലും ശരി' (മുസ്‌ലിം).

- ആർത്തവ– പ്രസവ രക്തങ്ങൾ നിലക്കൽ. അല്ലാഹു പറയുന്നു:

( ويسئلونك عن المحيض قل هو أذاً فاعتزلوا النساء في المحـيض ، ولا تقربوهن حتى يطهرن فإذا تطهرن فأتوهن من حيث أمركم الله إن الله يحب التوابين ويحب المتطهرين )

'ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവ ഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാവുന്നതുവരെ നിങ്ങൾ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ അവർ ശുചീകരിച്ചു കഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപ്പിച്ച വിധത്തി

ൽ നിങ്ങൾ അവരുടെ അടുത്ത് ചെന്ന് കൊള്ളുക. തീർച്ചയായും അല്ലാഹു പശ്ചാത്തപിക്കുന്നവരെ ഇഷ്ടപ്പെടുന്നു. ശുചിത്വം പാലിക്കുന്നവരെയും ഇഷ്ടപ്പെടുന്നു'(ബഖറ:222)ഫാത്വിമ ബിൻത് അബീഹുബൈശി(﵂)നോട് നബി(ﷺ) പറഞ്ഞു:

(دعي الصلاة قدر الأيام التي كنت تحيضين فيها ثم اغتسلي وصلي )

'നിനക്ക് ആർത്തവമുണ്ടാകുന്ന അത്രയും ദിവസങ്ങൾ നീ നമസ്കാരം ഒഴിവാക്കുക, ശേഷം നീ കുളിക്കുകയും നമസ്കരിക്കുകയും ചെയ്യുക' (ബുഖാരി, മുസ്ലിം).

- **മരണം**. ഒരു മുസ്ലിം മരണപ്പെട്ടാൽ അദ്ദേഹത്തെ കുളിപ്പിക്കൽ ജീവിച്ചിരിക്കുന്നവരുടെ ബാധ്യതയാണ്. ഉമ്മുഅത്വിയ്യ(﵂)വിൽ നിന്നും നിവേദനം. അവർ പറയുന്നു: 'നബി(ﷺ) ഞങ്ങളുടെ അടുക്കൽ പ്രവേശിച്ചു, ഞങ്ങൾ അദ്ദേഹത്തിന്റെ പുത്രിയെ കുളിപ്പിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹം പറഞ്ഞു: അവളെ നിങ്ങൾ മൂന്നോ, അഞ്ചോ, ആയി(എണ്ണത്തിൽ ഒറ്റയായി)കുളിപ്പിക്കുക. അതിൽ കൂടുതൽ ആവശ്യമെന്ന് നിങ്ങൾക്ക്

തോന്നിയാൽ അപ്രകാരം ചെയ്യുക. വെള്ളം കൊണ്ടും താളികൊണ്ടും, അവസാനമായി കർപ്പൂരം (കലർത്തിയ വെള്ളം കൊണ്ടും നിങ്ങൾ കുളിപ്പിക്കുക). അങ്ങനെ ഞങ്ങൾ അതിൽ നിന്ന് വിരമിച്ചപ്പോൾ ഞങ്ങൾ അദ്ദേഹത്തിന് വരാൻ അനുവാദം കൊടുത്തു. പിന്നീട് അദ്ദേഹം ഞങ്ങൾക്ക് അരയുടുപ്പ് പോലെയുള്ള ഒരു തുണി (മുണ്ട്) ഇട്ടു തന്നു. 'ഇത് കൊണ്ട് നിങ്ങൾ അവളെ പൊതിയുക' എന്നദ്ദേഹം പറയുകയും ചെയ്തു' (ബുഖാരി, മുസ്ലിം).

صفة الغسل الكامل

## കുളിയുടെ പൂർണ്ണ രൂപം

- **നിയ്യത്ത്.** വലിയ അശുദ്ധിയെ നീക്കം ചെയ്യാൻ കുളിക്കുന്നു എന്ന് മനസ്സിൽ കരുതുക. (അത് ജനാബത്ത് കാരണമാണെങ്കിലും, ആർത്തവം, പ്രസവം പോലെയുള്ളകാരണങ്ങൾ കൊണ്ടാണെങ്കിലും ശരി) നിയ്യത്ത് നാവുകൊണ്ട് ചൊല്ലിപ്പറയാൻ പാടില്ല. കാരണം നബി(ﷺ) തന്റെ കുളിയിലോ വുദ്വുവിലോ നമസ്കാരത്തിലോ മറ്റേതെങ്കി

ലും ആരാധനകളിലോ നിയ്യത്ത് ഉച്ചരിക്കാറുണ്ടായിരുന്നുവെന്ന് അദ്ദേഹത്തിൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടില്ല. അല്ലാഹുവാകട്ടെ ഹൃദയങ്ങളിൽ ഉള്ളത് അറിയുന്നവനുമാണ്. 'ഉദ്ദേശ്യത്തിനനുസരിച്ചാണ് കർമ്മങ്ങൾ (വിലയിരുത്തപ്പെടുന്നത്) ഓരോ മനുഷ്യനും അവൻ ഉദ്ദേശിച്ചതാണുണ്ടായിരിക്കുക' (അൽജമാഅ:) ഉമർ(ﷺ) നിവേദനം ചെയ്ത ഈ ഹദീസാണ് ഇതിന് ആധാരം.

- ബിസ്മില്ലാ എന്ന് പറഞ്ഞുകൊണ്ട് തന്റെ രണ്ട് കൈകളും കഴുകുകയും ശേഷം ഗുഹ്യസ്ഥാനം കഴുകി അവിടെയുള്ള മാലിന്യങ്ങൾ നീക്കം ചെയ്യുകയും ചെയ്യുക.

ആയിശ(ﷺ)യിൽ നിന്നും നിവേദനം. അവർ പറയുന്നു:

(كان رسول الله صلى الله عليه وسلم إذا اغتسل من الجنابة يبدأ فيغسل يديه ثم يفرغ بيمينه على شماله فيغسل فرجه، ثم يتوضأ وضوءه للصلاة ، ثم يأخذ الماء فيدخل أصابعه في أصول الشعر حتى إذا

رأى أن قد استبراء حفن على رأسه ثلاث حفنات ، ثم أفـاض على سـائر جسده ، ثم غسل رجليه ) ( مسلم )

'നബി(ﷺ) ജനാബത്ത് കുളിക്കുമ്പോൾ തന്റെ കൈപ്പടങ്ങൾ കഴുകിക്കൊണ്ട് തുടങ്ങുകയും, ശേഷം വലതു കൈകൊണ്ട് വെള്ളം കോരി ഇടത്തെ കൈയിലേക്ക് ഒഴിക്കുകയും എന്നിട്ട് അതുകൊണ്ട് തന്റെ ഗുഹ്യസ്ഥാനം കഴുകുകയും ചെയ്യുമായിരുന്നു.ശേഷം നമസ്കാരത്തിന് വുദ്വു എടുക്കുന്നതു പോലെ വുദ്വു എടുക്കും, പിന്നീട് വെള്ളം എടുത്ത് (തലയിൽ ഒഴിച്ച്) തന്റെ വിരലുകൾ മുടിയിഴകളിലൂടെ പ്രവേശിപ്പിക്കും.അങ്ങനെ അവ ശുദ്ധിയായി എന്ന് കണ്ടാൽ അദ്ദേഹം തന്റെ തലയിൽ മൂന്ന് കോരൽ വെള്ളം കോരിയൊഴിക്കും. ശേഷം തന്റെ ശരീരത്തിന്റെ ബാക്കി ഭാഗങ്ങൾ കഴുകുകയും ഒടുവിൽ തന്റെ ഇരുകാലുകളും (പാദങ്ങൾ) കഴുകുകയും ചെയ്യും' (മുസ്ലിം).

- ശേഷം അദ്ദേഹം നമസ്കാരത്തിന് വുദ്വു എടുക്കുന്നതു പോലെ പൂർണ്ണമായ വുദ്വു എടുക്കും,

(എന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്).എന്നാൽ കാലുകൾ രണ്ടും കഴുകൽ തന്റെ കുളി കഴിയുന്നതു വരെ അദ്ദേഹം പിന്തിപ്പിക്കാറുമുണ്ട്. ആയിശ(ﷺ) യുടെ നേരത്തെ പറഞ്ഞ ഈ ഹദീസിന്റെ അടിസ്ഥാനത്തിൽ (അദ്ദേഹം രണ്ടുരൂപത്തിലും ചെയ്തിരുന്നു എന്ന് മനസ്സിലാക്കാം).

- തന്റെ തലമുടിയുടെ മുരട്ടിലും തലയുടെ തൊലിയിലും വെള്ളം എത്തിക്കുന്നതിന് വേണ്ടി കൈവിരലുകൾ കൊണ്ട് തന്റെ തലയിലെയും താടിയിലെയും മുടിയിഴകളെ വിടർത്തുകയും തലയിൽ മൂന്ന്കോരൽ വെള്ളം കോരി ഒഴിക്കുകയും ചെയ്യുമായിരുന്നു അദ്ദേഹം. മൈമൂന(ﷺ)യിൽ നിന്നും നിവേദനം. അവർ പറയുന്നു: 'നബി (ﷺ)ക്ക് കുളിക്കുവാൻ ഞാൻ വെള്ളം എടുത്തു വെച്ചു. അങ്ങനെ അദ്ദേഹം തന്റെ ഇരു കൈപ്പടങ്ങളിലും വെള്ളം ഒഴിക്കുകയും രണ്ടോ മൂന്നോ പ്രാവശ്യം കഴുകുകയും ചെയ്തു. ശേഷം വലതു കൈ കൊണ്ട് ഇടതു കൈയിലേക്ക് വെള്ളം കോരിയൊഴിക്കുകയും ഇടതു കൈകൊണ്ട് തന്റെ ഗുഹ്യസ്ഥാനം കഴുകുകയും ചെയ്തു. ശേഷം അദ്ദേഹം കൈ തറയിൽ ഉരച്ചുകഴുകി. ശേഷം കൊ

പ്ലിക്കുകയും മൂക്കിൽ വെള്ളം കയറ്റി വൃത്തിയാക്കുകയും ചെയ്തു. ശേഷം മുഖവും കൈകളും കഴുകി. ശേഷം മൂന്ന് പ്രാവശ്യം അദ്ദേഹം തന്റെ തല കഴുകുകയും പിന്നീട് ശരീരത്തിൽ (ബാക്കി ഭാഗങ്ങൾ) വെള്ളം ഒലിപ്പിച്ചു കഴുകുകയും, ശേഷം അദ്ദേഹം നിൽക്കുന്ന സ്ഥാനത്തു നിന്നും മാറി നിന്നുകൊണ്ട് തന്റെ പാദങ്ങൾ രണ്ടും കഴുകുകയും ചെയ്തു' അവർ പറയുന്നു: 'അങ്ങനെ ഒരു തുണിക്കഷ്ണവുമായി ഞാൻ അദ്ദേഹത്തിന്റെ അടുക്കൽ ചെന്നു. അദ്ദേഹം അത് സ്വീകരിച്ചില്ല, തന്റെ കൈകൾ കൊണ്ട് അദ്ദേഹം വെള്ളം കുടഞ്ഞുകളയാൻ തുടങ്ങി' (ബുഖാരി,മുസ്ലിം).

- അദ്ദേഹം തന്റെ ശരീരത്തിന്റെ ബാക്കി ഭാഗങ്ങളിൽ വെള്ളം കോരിയൊഴിക്കുകയും വലതുഭാഗത്തുനിന്നും ആരംഭിച്ചുകൊണ്ട് സാധ്യമാവുന്നത്ര ശരീരഭാഗങ്ങൾ ഉരച്ച് കഴുകുകയും ചെയ്യും. രണ്ട് കക്ഷങ്ങൾ, ചെവികൾ, പൊക്കിൾ എന്നിവിടങ്ങളിൽ വെള്ളം നനയാൻ പ്രത്യേകം ശ്രദ്ധിക്കുകയും ചെയ്യും. മാംസള ശരീരമുള്ളവർ അവരുടെ ശരീരത്തിന്റെ ഒന്നിനു മീതെ ചേർന്നു കിടക്കുന്ന മടക്കുഭാഗങ്ങൾ (വെള്ളം ചേർക്കാൻ പ്ര

ത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്). –ഇപ്രകാരം മാംസ ള ഭാഗങ്ങൾ ഒന്നിനുമീതെ മറ്റൊന്ന് അടഞ്ഞു കിടക്കുന്നുണ്ടെങ്കിൽ വെള്ളം ഒഴിക്കുന്ന അവസരത്തിൽ അത് മുകളിൽ നിന്നും താഴോട്ടു ഉതിർന്നു പോവുകയും ഇത്തരം മറഞ്ഞ മടക്കുകളിൽ വെള്ളം നനയാതെ ഉണങ്ങിയ നിലയിൽത്തന്നെ അവശേഷിക്കുകയും ചെയ്യും– ആയിശ(ﷺ)യിൽ നിന്നും നിവേദനം. അവർ പറയുന്നു: 'നബി(ﷺ) ജനാബത്ത് കുളിക്കുമ്പോൾ കറവു പാത്രം പോലെയുള്ള(ഒരു ചെറിയ പാത്രം) ആവശ്യപ്പെടുകയും, തന്റെ കൈകൊണ്ട് അത് പിടിച്ച് ആദ്യം തന്റെ തലയുടെ വലതുഭാഗത്തും, ശേഷം ഇടതുഭാഗത്തുമായി തലയിലൂടെ വെള്ളം ഒഴിക്കുകയും ചെയ്യും' (ബുഖാരി, മുസ്‌ലിം).

*****************

الغسل المجزئ

**<u>കേവലം മതിയാവുന്ന കുളി</u>**

❖ വൃത്തികേടുകൾ കഴുകിക്കളയുക.

- ജനാബത്തിൽ നിന്നും ശുദ്ധിയാവാൻ വേണ്ടി കുളിക്കുന്നുവെന്ന് മനസ്സിൽ കരുതുക, ഉച്ചരിക്കാൻ പാടില്ല.
- ശരീരത്തിന്റെ ബാക്കി ഭാഗങ്ങളിൽക്കൂടി വെള്ളം ഒലിപ്പിച്ചു കഴുകുക, അല്ലെങ്കിൽ വെള്ളത്തിൽ മുങ്ങുക. രണ്ട് കക്ഷങ്ങളിലും ചെവികളിലും പൊക്കിളിലും തടിച്ച മാംസള ശരീരമുള്ളവർ തങ്ങളുടെ ശരീര മടക്കുകളിലും വെള്ളം സ്പർശിക്കാൻ പ്രത്യേകം ശ്രദ്ധിക്കുക. ഉമ്മു സലമ(﵂)യോട് നബി(ﷺ) പറഞ്ഞു:

( إنما يكفيك أن تحثي على رأسك ثلاث حثيات ثم تفيضين عليك الماء فتطهرين )

'നിന്റെ തലയിൽ മൂന്ന് കോരൽ വെള്ളം ഒഴിക്കുകയും ശേഷം (ശരീരത്തിന്റെ ബാക്കി ഭാഗങ്ങളിൽ) വെള്ളം ഒലിപ്പിച്ച് ശുദ്ധിയാക്കുകയും ചെയ്യുക' (മുസ്ലിം).

## ما يستحب له الغسل
## സുന്നത്തായ കുളികൾ

- ജുമുഅ നമസ്കാരത്തിന് വേണ്ടി:

അബൂഹുറൈറ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: നബി(ﷺ) പറഞ്ഞു:

( من اغتسل ثم أتى الجمعة فصلى ما قدر له ثم أنصت حتى يفرغ الإمام من خطبته ، ثم يصلي معه ، غفر له ما بينه وبين الجمعة الأخرى وفضل ثلاثة أيام ) ( مسلم )

'ആരെങ്കിലും കുളിക്കുകയും പിന്നീട് ജുമുഅക്ക് വരികയും ശേഷം അവന് കണക്കാക്കപ്പെട്ടത് (രണ്ട് റക്അത്ത് തഹിയ്യത്തുൽ മസ്ജിദ്) നമസ്കരിക്കുകയും, ശേഷം ഇമാം തന്റെ ഖുത്ബയിൽ നിന്നും വിരമിക്കുന്നത് വരെ മൗനമായി (ശ്രദ്ധിക്കുകയും) ശേഷം അദ്ദേഹത്തോടൊപ്പം നമസ്കരിക്കുകയും ചെയ്താൽ ആ ജുമുഅക്കും അടുത്ത ജുമുഅക്കും ഇടയിലുള്ള പാപങ്ങളും, മൂന്ന് ദിവസത്തേത് കൂടുതലും പൊറുക്കപ്പെടുന്നതാണ്' (മുസ്ലിം).

- രണ്ട് പെരുന്നാൾ നമസ്കാരങ്ങൾക്ക് വേണ്ടി:

പ്രവാചകൻ(ﷺ) ചെയ്യാറുണ്ടായിരുന്നതായി ഫാകതുബ്നു സഅദ്(ﷺ) റിപ്പോർട്ട് ചെയ്യുന്നു.

( أنه صلى الله عليه وسلم كان يغتسل يوم الجمعة ، والفطر ، والنحر )

'തീർച്ചയായും നബി(ﷺ) വെള്ളിയാഴ്ചയും ചെറിയ പെരുന്നാൾ, ബലി പെരുന്നാൾ എന്നിവക്കു വേണ്ടിയും കുളിക്കാറുണ്ടായിരുന്നു'(അഹ്മദ്, ഇബ്നുമാജ:, ബസ്സാർ).

- ഹജ്ജിന്നും ഉംറക്കും ഇഹ്റാം ചെയ്യാൻ വേണ്ടി:

സൈദുബ്നു ഥാബിത്(رضي الله عنه)വിൽ നിന്നും നിവേദനം.

( أنه رأى النبي صلى الله عليه وسلم تجرد لإهلاله واغتسل )

'(ഹജ്ജിനും ഉംറക്കും) ഇഹ്റാമിൽ പ്രവേശിക്കാൻ വേണ്ടി നബി(ﷺ) കുളിക്കുന്നതായി അദ്ദേഹം കണ്ടു' (തുർമുദി, ദാറു ഖുത്നി, ബൈഹഖി, ത്വബ്റാനി).

- മക്കയിൽ പ്രവേശിക്കുവാൻ:

മക്കയിൽ പ്രവേശിക്കുവാൻ വേണ്ടി ഇബ്നു ഉമർ(رضي الله عنه) കുളിക്കാറുണ്ടായിരുന്നു.(ഒരു റിപ്പോർട്ടിൽ കാണാം)

(أنه كان لايدخل مكة إلا بات بذي طوى حتى يصبح ويغتسل ثم يدخل مكة نهاراً، ويذكر عن النبي صلى الله عليه وسلم فعله) ( مسلم )

'ദീ ത്വുവാ എന്ന സ്ഥലത്ത് പ്രഭാതം വരെ രാത്രി താമസിക്കുകയും കുളിക്കുകയും ചെയ്തിട്ടല്ലാതെ അദ്ദേഹം മക്കയിൽ പ്രവേശിക്കാറുണ്ടായിരുന്നില്ല. പകലായിരുന്നു അദ്ദേഹം മക്കയിൽ പ്രവേശിച്ചിരുന്നത്. പ്രവാചകൻ(ﷺ) അപ്രകാരം ചെയ്തെന്ന് അദ്ദേഹം സ്മരിക്കുകയും ചെയ്തിരുന്നു' (മുസ്‌ലിം).

- അവിശ്വാസി മുസ്‌ലിമായാൽ.

അവനും കുളി നിർബന്ധമാണ്. ഖൈസുബ്നു ആസിം(رضي الله عنه)വിൽനിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'ഇസ്‌ലാം ആശ്ലേഷിക്കുവാൻ ആഗ്രഹിച്ചു കൊണ്ട് ഞാൻ നബി(ﷺ)യുടെ അടുക്കൽ ചെന്നു. (فأمرني أن اغتسل بماء وسدر) 'നീ വെള്ളവും താളിയും ഉപയോഗിച്ച് കുളിക്കുക' എന്ന് അദ്ദേ

ഹം എന്നോട് കൽപ്പിച്ചു' (അബൂ ദാവൂദ്, നസാഇ).

അതുപോലെ, അബൂഹുറൈറ(ﷺ) നിവേദനം ചെയ്യുന്നു. 'ഥുമാമത്തുൽ ഹനഫീ ഇസ്‌ലാം സ്വീകരിച്ചപ്പോൾ നബി(ﷺ) അദ്ദേഹത്തെ അബൂ ത്വൽഹയുടെ ഒരു തോട്ടത്തിലേക്ക് (വളപ്പിലേക്ക്) പറഞ്ഞയക്കുകയും അദ്ദേഹത്തോട് കുളിക്കാൻ കൽപ്പിക്കുകയും ചെയ്തു. അങ്ങനെ അദ്ദേഹം കുളിക്കുകയും രണ്ട് റക്അത്ത് നമസ്കരിക്കുകയും ചെയ്തു. അപ്പോൾ നബി(ﷺ) പറഞ്ഞു: (لقد حسن اسلام أخيكم) 'നിങ്ങളുടെ സഹോദരന്റെ ഇസ്‌ലാമിനെ അവൻ നന്നാക്കിയിരിക്കുന്നു' (അഹ്മദ്).

*****************

ما يحرم على المحدث حدثاً أكبر

## ജനാബത്തുള്ളവർക്ക് നിഷിദ്ധമായ കാര്യങ്ങൾ

- നമസ്കാരം:

അല്ലാഹു പറയുന്നു:

(يا أيها الذين آمنوا لا تقربوا الصـلاة وأنـتم سـكارى حـتى تعلمـوا مـا تقولون ولا جنباً إلا عابري سبيل حتى تغتسلوا ) ( النساء : ٤٣ )

'സത്യവിശ്വാസികളേ, ലഹരി ബാധിച്ചവരായിക്കൊണ്ട് നിങ്ങള്‍ നമസ്കാരത്തെ സമീപിക്കരുത്, നിങ്ങള്‍ പറയുന്നതെന്തെന്ന് നിങ്ങള്‍ക്ക് ബോധമുണ്ടാകുന്നത് വരെ.ജനാബത്തുകാരായിരിക്കുമ്പോള്‍ നിങ്ങള്‍ കുളിക്കുന്നതുവരെയും (നമസ്കാരത്തെ സമീപിക്കരുത്) (നിസാഅ്: 43).

- കഅ്ബയെ ത്വവാഫ് ചെയ്യല്‍:

ആയിശ(﵂)യില്‍ നിന്നും നിവേദനം, അവര്‍ പറയുന്നു: 'ഞാന്‍ ആര്‍ത്തവകാരിയായിരിക്കെ മക്കയില്‍ വന്നു. ഞാന്‍ കഅ്ബയെ ത്വവാഫ് ചെയ്യുകയും സ്വഫാമര്‍വാക്കിടയില്‍ നടക്കുകയും ചെയ്തില്ല. അവര്‍ പറയുന്നു: 'അങ്ങനെ ഞാനത് പ്രവാചകന്‍(ﷺ)യോട് ആവലാതിപ്പെട്ടു. അപ്പോള്‍ അദ്ദേഹം പറഞ്ഞു:

( إفعلي كما يفعل الحاج ، غير أنلا تطوفي بالبيت حتى تطهري )

'നീ ശുദ്ധിയാകുവോളം കഅ്ബ ത്വവാഫ് ചെയ്യ ലൊഴികെ, ഹാജിമാർ ചെയ്യുന്ന പോലെയെല്ലാം നീയും ചെയ്യുക. (ബുഖാരി, മുസ്ലിം).

● മുസ്ഹഫ് സ്പർശിക്കലും ചുമക്കലും:

അബൂബകർബിൻ മുഹമ്മദ്ബ്ൻ അംറി(ﷺ) ൽ നിന്നും നിവേദനം. 'നബി(ﷺ) യമൻകാർക്ക് എഴുതിയ കത്തിൽ ഇപ്രകാരം ഉണ്ടായിരുന്നു,

(لا يمس القرآن إلا طاهر) ശുദ്ധിയുള്ളവരല്ലാതെ ഖുർ ആൻ സ്പർശിക്കരുത്' (നസാഇ, ദാറുഖുത്നി, ബൈഹഖി).

● ഖുർആൻ പാരായണം ചെയ്യൽ:

അലി(ﷺ)വിൽനിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'നബി(ﷺ) വുദു്വെടുക്കുകയും, ശേ ഷം അൽപ്പം ഖുർആൻ പാരായണം ചെയ്യുക യും ചെയ്തു. ശേഷം അദ്ദേഹം പറഞ്ഞു:

(هكذا لمن ليس بجنب ، فأما الجنب فلا ولا آية) (أحمد ، أبو يعلى)

'ഇപ്രകാരമാണ് ജനാബത്തില്ലാത്തവൻ ചെയ്യേണ്ട ത്. എന്നാൽ ജനാബത്തുകാരനാണെങ്കിൽ ഒരു

ആയത്ത് പോലും പാടില്ല' (അഹ്മദ്, അബൂയഅ്ലാ).

- പള്ളിയിൽ താമസിക്കൽ:

നബി(ﷺ) പറഞ്ഞു:

( إن المسجد لا يحل لحائض ولا جنب ) ( ابن ماجة ، طبراني )

'തീർച്ചയായും ആർത്തവകാരിക്കോ ജനാബത്തുകാരനോ പള്ളി അനുവദനീയമാവുകയില്ല' (ഇബ്നുമാജ:, ത്വബ്റാനി).

## بعض من مخالفات الغسل

## കുളി: ചില അനിസ്ലാമികതകൾ

- ചില ആളുകൾ തന്റെ ഇണയുമായി സംയോഗത്തിലേർപ്പെടുന്നു. എന്നാൽ, അവർക്ക് രണ്ട് പേർക്കും കുളി നിർബന്ധമാണെന്ന് അറിഞ്ഞു കൊണ്ട് തന്നെ, രണ്ട് പേർക്കും സ്ഖലനം ഉണ്ടായെങ്കിലല്ലാതെ കുളിക്കുകയോ അവളോട് കുളിക്കാൻ ആവശ്യപ്പെടുകയോ ചെയ്യുന്നില്ല. നബി(ﷺ) പറയുന്നു:

( إذا جلس بين شعبها الأربع ثم جهدها فقد وجب الغسل ، أنزل أم لم ينزل )

'അവൻ അവളുടെ നാല് അവയവങ്ങൾക്കിടയിൽ ഇരിക്കുകയും പിന്നീട് അവളെ ഞെരുക്കുകയും ചെയ്താൽ തീർച്ചയായും കുളി നിർബന്ധമായി, ഇന്ദ്രിയം സ്ഖലിച്ചാലും ഇല്ലെങ്കിലും ശരി' (മുസ്‌ലിം).

- അതുപോലെ ചിലർ തന്റെ ഭാര്യയുമായി ബന്ധപ്പെട്ട ശേഷം കുളി ഫജ്റിന് മുമ്പ് വരേക്കും പിന്തിപ്പിക്കുകയും, വുദ്വുവില്ലാതെ ആ രാത്രി അവർ കഴിച്ചു കൂട്ടുകയും ചെയ്യുന്നു. ഇത് സുന്നത്തിനെതിരാണ്. അമ്മാറുബ്നു യാസിർ(ﷺ) നിവേദനം ചെയ്യുന്നു. അദ്ദേഹം പറയുന്നു:

( رخص رسول الله صلى الله عليه وسلم للجنب إذا أراد أن يأكل أو يشرب أو ينام أن يتوضأ وضوءه للصلاة )

'ജനാബത്ത്കാരൻ തിന്നുവാനോ കുടിക്കുവാനോ ഉറങ്ങുവാനോ ഉദ്ദേശിച്ചാൽ നമസ്കാരത്തിന് വുദ്വുവെടുക്കുന്നതുപോലെ വുദ്വു എടുക്കാൻ

നബി(ﷺ) ഇളവു നൽകി(നിർദ്ദേശിച്ചു)' (അഹ്മദ്, തുർമുദി).

- ജനാബത്തുകാരായി രാത്രി ഉറങ്ങിയ ആളുകൾ സൂര്യോദയത്തിന് അൽപ്പം മുമ്പായാണ് ഉണർന്ന തെങ്കിൽ, താൻ കുളിക്കാൻ ഒരുമ്പെട്ടാൽ നമസ് കാര സമയം വിട്ടുകടക്കുമെന്ന് കരുതി തയമ്മും ചെയ്യാറുണ്ട്. യഥാർത്ഥത്തിൽ ഇത് അനുവദനീയ മല്ലാത്തതാണ്.'ജനാബത്ത്കാരനായി സൂര്യോദയ ത്തിന് അൽപ്പം മുമ്പ് ഉണർന്ന ഒരാൾ, താൻ കു ളിക്കാൻ നിന്നാൽ സൂര്യൻ ഉദിക്കുമെന്ന് ഭയപ്പെ ടുന്നു. ഈ അവസരത്തിൽ അയാൾ തയമ്മും ചെയ്ത് നമസ്കരിക്കുകയാണോ, അതല്ല കുളിച്ച് ശേഷം നമസ്കരിക്കുകയാണോ വേണ്ടത് എന്ന ചോദ്യത്തിന് മറുപടിയായി ശൈഖ് അബ്ദുൽ അസീസ് ബ്ൻബാസ്(ﷺ) പറയുന്നു: 'കുളിച്ച് പൂ ർണ്ണ ശുദ്ധി വരുത്തി ശേഷം നമസ്കരിക്കുകയാ ണ് നീ ചെയ്യേണ്ടത്. മേൽ പറയപ്പെട്ട അവസ്ഥയി ലും നിനക്ക് തയമ്മുംചെയ്യാൻ പാടില്ല. കാരണം, മറന്നുപോയവനും ഉറങ്ങിയവനും ഓർമ്മവരിക യും, ഉണർന്നെണീക്കുകയും ചെയ്താൽ നമസ്

കാരത്തിലേക്കും അതുമായി ബന്ധമുള്ള മറ്റു നിർബന്ധ കാര്യങ്ങളിലേക്കും ധൃതികാണിക്കാനാണ് കൽപ്പിക്കപ്പെട്ടിരിക്കുന്നത്.നബി(ﷺ)പറയുന്നു:

(من نام عن الصلاة أو نسيها فليصلها إذا ذكرها لا كفارة لها إلا ذلك)

'ആരെങ്കിലും നമസ്കാരത്തെ വിട്ട് ഉറങ്ങിപ്പോവുകയോ മറന്നു പോവുകയോ ചെയ്താൽ, ഓർമ്മ വന്നാൽ അവൻ ഉടൻ നമസ്കരിക്കട്ടെ, അതല്ലാതെ അവൻ മറ്റ് പ്രായശ്ചിത്തമൊന്നും ചെയ്യേണ്ടതില്ല' നമസ്കാരം ശുദ്ധിയോടു കൂടിയല്ലാതെ സ്വീകരിക്കപ്പെടുകയില്ലെന്നത് അറിയപ്പെട്ട കാര്യമാണ്. നബി(ﷺ) പറയുന്നു: (لا تقبل صلاة بغير طهور) ശുദ്ധിയോടു കൂടിയല്ലാതെ ഒരു നമസ്കാരവും സ്വീകരിക്കപ്പെടുകയില്ല. വെള്ളം ലഭിക്കുമെങ്കിൽ വെള്ളം കൊണ്ട് ശുദ്ധീകരിക്കണം. അത് ലഭ്യമാവാത്ത അവസരത്തിൽ മാത്രമേ അവൻ തയമ്മും ചെയ്ത് നമസ്കരിക്കാവൂ. അല്ലാഹു പറയുന്നു:

( فإن لم تجدوا ماءً فتيمموا صعيداً طيباً فامسحوا بوجوهكم وأيديكم إن الله كان عفواً غفوراً ) ( نساء : ٤٣ )

‘എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പു നൽകുന്നവനും ഏറെ പൊറുക്കുന്നവനുമാകുന്നു’ (നിസാഅ്: 43).*

- ചില സ്ത്രീകൾ പ്രസവശേഷം 40 ദിവസങ്ങൾക്കു മുമ്പ് ശുദ്ധിയായാലും കുളിക്കുകയോ നമസ്കരിക്കുകയോ നോമ്പുപിടിക്കുകയോ ചെയ്യുകയില്ല. ശൈഖ് ഇബ്നുബാസ്(ﷺ) ഈ വിഷയത്തിൽ പറയുന്നത് കാണുക. ‘പ്രസവിച്ചവൾ നാൽപ്പത് ദിവസത്തിന് മുമ്പ് ശുദ്ധിയായാൽ, കുളിക്കലും നമസ്കരിക്കലും റമദ്വാനിൽ നോമ്പു പിടിക്കലും അവൾക്ക് നിർബന്ധമാണ്. പണ്ഡിതരുടെ ഐക്യകണ്ഠാഭിപ്രായത്തിൽ അവളുടെ ഭർത്താവിന് അവളെ സംയോഗം ചെയ്യലും അനുവദനീയമായിത്തീരുന്നു. പ്രസവരക്തത്തിന്റെ ചുരു

* ( فتاوى إسلامية لمجموعة من العلماء ، صفحة : ١٩٩/١ )

ങ്ങിയ കാലാവധിക്ക് നിശ്ചിത കാലയളവൊന്നുമില്ല' **

● തന്റെ ഭാര്യ പ്രസവരക്തത്തിൽ നിന്നോ ആർത്തവത്തിൽ നിന്നോ ശുദ്ധിയായ ശേഷം കുളിക്കുന്നതിന് മുമ്പായി അവളെ സംയോഗം ചെയ്യുന്നു ചിലർ. ഇത് സംബന്ധമായി ചോദിക്കപ്പെട്ടപ്പോൾ ശൈഖ് ഇബ്നുബാസ്(ﷺ)മറുപടി പറഞ്ഞത് ഇപ്രകാരമാണ്: 'ഭാര്യ ആർത്തവകാരിയായിരിക്കെ അവളെ സംയോഗം ചെയ്യൽ നിഷിദ്ധമാണ്. അല്ലാഹു പറയുന്നു:

( يسئلونك عن المحيض قل هو أذاً فاعتزلوا النساء في المحيض ولا تقربوهن حتى يطهرن )

'ആർത്തവത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു. പറയുക; അതൊരു മാലിന്യമാകുന്നു. അതിനാൽ ആർത്തവഘട്ടത്തിൽ നിങ്ങൾ സ്ത്രീകളിൽ നിന്ന് അകന്ന് നിൽക്കേണ്ടതാണ്. അവർ ശുദ്ധിയാവുന്നതുവരെ നിങ്ങൾ അവരെ സമീപിക്കുവാൻ പാടില്ല.എന്നാൽ ശുചീകരിച്ചു കഴിഞ്ഞാൽ അ

** ( الشيخ / ابن باز رحمه الله ، فتاوى إسلامية لمجموعة من العلماء ، صفحة : ١/٢٢٥ )

ല്ലാഹു നിങ്ങളോട് കൽപ്പിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്ന് കൊള്ളുക' (ബഖറ: 222).

അതിനാൽ ആരെങ്കിലും അപ്രകാരം ചെയ്തിട്ടുണ്ടെങ്കിൽ അല്ലാഹുവോടവൻ പാപമോചനം തേടുകയും അവനോട് പൊറുക്കലിനെ തേടുകയും ചെയ്യൽ നിർബന്ധമാണ്. അതിനു പുറമെ പ്രായശ്ചിത്തമായി ഒരു ദീനാറോ അര ദീനാറോ ധർമ്മം നൽകുകയും വേണം. ഇബ്നുഅബ്ബാസ് (ﷺ) വിൽ നിന്നും നിവേദനം. ആർത്തവകാരിയായ തന്റെ ഭാര്യയെ സംയോഗം ചെയ്യുന്നവന്റെ കാര്യത്തിൽ നബി(ﷺ) പറഞ്ഞു:

(يتصدق بدينار أو نصف دينار) 'അവൻ ഒരു ദീനാറോ അര ദീനാറോ ധർമ്മം ചെയ്യണം' (അഹ്മദ്, അസ്ഹാബുസ്സുനൻ).ഇതിൽ ഏത് ധർമ്മം ചെയ്താലും മതിയാകുന്നതാണ്. അതുപോലെ അവൾ ശുദ്ധിയായ ശേഷം അഥവാ രക്തം നിലച്ച ശേഷം കുളിക്കുന്നതിന്റെ മുമ്പായി അവളെ ഭോഗിക്കലും അനുവദനീയമല്ല. അല്ലാഹുപറയുന്നു:

﴿ولا تقربوهن حتى يطهرن﴾ 'അവർ ശുദ്ധിയാവുന്നതു വരെ നിങ്ങൾ അവരെ സമീപിക്കുവാൻ പാടില്ല. എന്നാൽ ശുചീകരിച്ചുകഴിഞ്ഞാൽ അല്ലാഹു നിങ്ങളോട് കൽപ്പിച്ച വിധത്തിൽ നിങ്ങൾ അവരുടെ അടുത്ത് ചെന്ന് കൊള്ളുക' (ബഖറ:222). രക്തം നിൽക്കുന്നതുവരെയും ശുദ്ധിയാവുന്നതു വരെയും–അഥവാ കുളിക്കുന്നതുവരെയും ആർത്തവകാരിയെ ഭോഗിക്കുവാൻ അല്ലാഹു അനുവാദം നൽകിയിട്ടില്ല. ആരെങ്കിലും കുളിക്കുന്നതിനു മുമ്പായി അവളെ ഭോഗിച്ചാൽ അവൻ ചെയ്തത് കുറ്റമാണ്,പ്രായശ്ചിത്തം നൽകൽ അവന് നിർബന്ധവുമാണ്.എന്നാൽ ആർത്തവ ഘട്ടത്തിലെ സംയോഗത്തിൽ അവൾ ഗർഭം ധരിക്കുകയും പ്രസവിക്കുകയും ചെയ്താൽ ആ കുഞ്ഞിന് ഹറാം പിറന്ന സന്താനമെന്ന് പറയാവതല്ല. അവൻ നിയമാനുസൃത സന്താനം തന്നെയാണ്'.*

- പ്രസവിച്ച സ്ത്രീകൾ പ്രസവാനന്തര വിശ്രമകാലഘട്ടം കഴിയാതെ തന്റെ വീടുവിട്ടു പുറത്തുപോ

---

* (الشيخ / ابن باز رحمه الله ، فتاوى اسلامية لمجموعة من العلماء ، صفحة : ٢١٨/١ )

വാൻ പാടില്ലെന്ന് ചിലർ വിശ്വസിക്കുന്നു. എന്നാൽ പ്രവസിച്ചവളും മറ്റു സ്ത്രീകളെപ്പോലെയാണെന്നുള്ളതും എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ വീടുവിട്ട് പുറത്ത് പോവുന്നതിന് യാതൊരു വിരോധവുമില്ലെന്നതുമാണ് യാഥാർത്ഥ്യം. എന്നാൽ പ്രത്യേകിച്ച് ആവശ്യമില്ലെങ്കിൽ വീടുവിട്ട് പുറത്തു പോവാതിരിക്കൽ തന്നെയാണ് എല്ലാ സ്ത്രീകൾക്കും ഏറ്റവും ഉത്തമം. അല്ലാഹു പറയുന്നു:

(وقرن في بيوتكن ولا تبرجن تبرج الجاهلية الأولى) (الأحزاب : ٣٣)

'നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യ പ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്' (അഹ്സാബ്: 33).

- ആർത്തവകാരിക്കും പ്രസവിച്ചവൾക്കും ഖുർആൻ വിവരണങ്ങളും ഹദീസ് ഗ്രന്ഥങ്ങളുമൊന്നും വായിക്കാൻ പാടില്ലെന്ന് ചില സ്ത്രീകൾ ധരിച്ചിക്കുന്നു. (ഇത് അബദ്ധധാരണയാണ്). ഇക്കാര്യത്തെക്കുറിച്ച് ശൈഖ് ഇബ്നുബാസ്(ﷺ) ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം ഇപ്രകാരം മറുപടി നൽകി: 'ആർത്തവകാരിക്കും പ്രസവിച്ചവൾക്കും ഖു

ർആൻ വിവരണങ്ങളോ ഹദീസ് ഗ്രന്ഥങ്ങളോ വായിക്കുന്നതിനോ ഖുർആൻ പാരായണം ചെയ്യുന്നതിനോ, പണ്ഡിതന്മാരുടെ രണ്ട് അഭിപ്രായങ്ങളിൽ കൂടുതൽ ശരിയായ വീക്ഷണപ്രകാരം മുസ്വ്ഹഫിൽ സ്പർശിക്കാതെയാവുമ്പോൾ വിരോധമില്ല. എന്നാൽ ജനാബത്ത്കാരൻ കുളിക്കുന്നതു വരെ അവന് ഖുർആൻ പാരായണം ചെയ്യാൻ തീരെ പാടില്ല. എങ്കിലും ഖുർആൻ തഫ്സീറുകളും ഹദീസ് ഗ്രന്ഥങ്ങളും അവയിൽ ഉൾക്കൊള്ളുന്ന ഖുർആൻ വചനങ്ങൾ ഒഴികെ വായിക്കുന്നതിന് വിരോധമില്ല. വലിയഅശുദ്ധി ഒഴികെ മറ്റൊന്നും ഖുർആൻ പാരായണം ചെയ്യുന്നതിൽ നിന്നും അദ്ദേഹത്തെ തടഞ്ഞിരുന്നില്ല' എന്ന് നബി(ﷺ)യിൽനിന്നും സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്.ഇമാം അഹ്മദ് ശരിയായ പരമ്പരയോടെ ഉദ്ധരിച്ച ഒരു ഹദീസിൽ പ്രവാചക(ﷺ)ന്റെ വാക്കുകളായി ഇപ്രകാരം കാണാം: (فأما الجنب فلا ولا آية) 'എന്നാൽ ജനാബത്ത്കാരൻ ഒരു വചനം പോലും (വായിക്കാൻ) പാടില്ല' (അഹ്മദ്).

● ആർത്തവത്തിൽ നിന്നും ശുദ്ധിയായ ശേഷം കുളിക്കാനായി മറ്റൊരു സമയത്തേക്ക് പിന്തിപ്പിക്കുന്നു ചില സ്ത്രീകൾ. മുഹമ്മദ്ബ്ൻ സ്വാലിഹ് അൽ ഉസൈമീൻ(ﷺ)പറയുന്നു: 'ചില സ്ത്രീകൾ നമസ്കാര സമയം (അവസാനിക്കുന്നതിന് മുമ്പ്) ശുദ്ധിയാവുന്നു, എന്നിട്ട് മറ്റൊരു നമസ്കാര സമയം വരെ കുളിക്കൽ പിന്തിപ്പിക്കുകയും ചെയ്യുന്നു. അതിനുമുമ്പുള്ള സമയത്ത് പൂർണ്ണമായി ശുദ്ധിയാക്കുവാൻ അവൾക്ക് സമയം ലഭിക്കുകയില്ലെന്നാണ് അതിനവൾ പറയുന്ന ന്യായം. എന്നാൽ ഇത് (നമസ്കാരം ഒഴിവാക്കാൻ) ന്യായമോ ഒഴികഴിവോ അല്ല. കാരണം (അവൾ ഉദ്ദേശിക്കുന്നുവെങ്കിൽ) കുളിയുടെ ഏറ്റവും കുറഞ്ഞ നിർബന്ധ ഘടകങ്ങളിൽ കുളി അവൾക്ക് പരിമിതപ്പെടുത്തി നമസ്കാരം അതിന്റെ സമയത്ത് തന്നെ നിർവ്വഹിക്കാവുന്നതാണ്. ശേഷം സമയവിശാലതയനുസരിച്ച് പൂർണ്ണമായ ശുദ്ധീകരണം അവൾക്ക് നിർവ്വഹിക്കാവുന്നതുമാണ്'*

● നമസ്കാര സമയം പ്രവേശിച്ചിരിക്കെ ആർത്തവകാരികളായ സ്ത്രീകളിൽ പലരും, പിന്നീട് അ

---

* ( رسالة في الدماء الطبيعية للنساء . صفحة : ٤١ )

വൾ ശുദ്ധിയായ ശേഷം തനിക്ക് നഷ്ടപ്പെട്ട (ആർത്തവം തുടങ്ങിയപ്പോഴത്തെ) നമസ്കാരം വീട്ടി നിർവ്വഹിക്കുന്നില്ല. ശൈഖ് ഉസൈമീൻ(ﷺ)പറയുന്നു: 'ഒരു നമസ്കാരത്തിന്റെ സമയം പ്രവേശിച്ച ശേഷം ആർത്തവം ഉണ്ടായാൽ, ഉദാഹരണമായി സൂര്യൻ മധ്യത്തിൽ നിന്ന് നീങ്ങി അരമണിക്കൂർ കഴിഞ്ഞ ശേഷമാണ് ആർത്തവമുണ്ടായത് എങ്കിൽ, ശുദ്ധിയുള്ള അവസരത്തിൽ അവൾക്ക് നിർബന്ധമായ ആ നമസ്കാരം (ളുഹ്ർ) അവൾ ആർത്തവത്തിൽ നിന്ന് ശുദ്ധിയായ ശേഷം, 'ഖദാ' ആയി നിർവ്വഹിക്കണം.**

അല്ലാഹു പറയുന്നു:(إن الصلاة كانت على المؤمنين كتاباً موقوتاً)

'തീർച്ചയായും നമസ്കാരം സത്യവിശ്വാസികൾക്ക് സമയം നിർണ്ണയിക്കപ്പെട്ട ഒരു നിർബന്ധ ബാധ്യതയാകുന്നു' (നിസാഅ്: 103).

- ചില സ്ത്രീകൾ ആർത്തവത്തിൽ നിന്നും ശുദ്ധിയായാൽ ശുദ്ധിയായ ആ വഖ്തിലെ നമസ്കാരം നിർവ്വഹിക്കാറില്ല. പലപ്പോഴും അടുത്ത വഖ്തിലെ നമസ്കാരം കൊണ്ടാണ് അവൾ തുടങ്ങു

---

** ( فتاوى المرأة ، صفحة : ٢٥ )

ന്നത്. ഈ വിഷയകമായി ശൈഖ് മുഹമ്മദ് അൽ ഉസൈമീൻ(ﷺ) പറയുന്നു: 'ഒരു റക്അത്തോ അതിൽ കൂടുതലോ നമസ്കാരം കിട്ടുന്ന രൂപത്തിൽ സമയം അവശേഷിക്കുമ്പോൾ ആർത്തവത്തിൽ നിന്നും ശുദ്ധിയായാൽ, ശുദ്ധിയായ ആ വഖ്തിലെ നമസ്കാരം അവൾ നിർവ്വഹിക്കണം. നബി (ﷺ) പറഞ്ഞു:

( من أدرك ركعةً من العصر قبل أن تغرب الشمس فقد أدرك العصر )

'സൂര്യൻ അസ്തമിക്കുന്നതിന് മുമ്പ് ആർക്കെങ്കിലും അസ്വ്റിൽ നിന്നും ഒരു റക്അത്ത് ലഭിച്ചാൽ അവന് അസ്വ്ർ ലഭിച്ചു' (ബുഖാരി, മുസ്ലിം). ഇതിന്റെ അടിസ്ഥാനത്തിൽ സൂര്യാസ്തമയത്തിനു മുമ്പായോ സൂര്യോദയത്തിന് മുമ്പായോ ഒരു റക്അത്ത് നമസ്കാരം നിർവ്വഹിക്കുവാൻ കഴിയുന്ന രൂപത്തിൽ ഒരുവൾ ആർത്തവത്തിൽ നിന്നും ശുദ്ധിയായാൽ അവൾ ഒന്നാമത്തെ അവസ്ഥയിൽ ആ അസ്വ്റിനെയും രണ്ടാമത്തെ അവസ്ഥയിൽ ആ സ്വുബ്ഹിയെയും ഖദ്വാ ചെയ്ത് നമസ്കരിക്കേണ്ടതാണ്'.*

* ( فتاوى المرأة ، صفحة : ٢٥ )

***************************

التيمم

**തയമ്മും**

വെള്ളം ലഭിക്കാതിരിക്കുകയോ ഉപയോഗിക്കുന്നതിന് തടസ്സമുണ്ടാവുകയോ ചെയ്യുന്ന അവസരത്തിൽ കുളിക്കും വുദ്വുവിനും പകരമായി നിർവ്വഹിക്കപ്പെടുന്ന ശുദ്ധീകരണ രൂപമാണ് തയമ്മും. തയമ്മും കൊണ്ട് നമസ്കാരം, ഖുർആൻ സ്പർശനം പോലെയുള്ളത് അനുവദനീയമാവും. അല്ലാഹു പറയുന്നു: 'നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ- അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ-എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതു കൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പ് നൽകുന്നവനും പൊറുക്കുന്നവനുമാകുന്നു' (നിസാഅ്: 43).

ഈ ഖുർആൻ വചനമാണ് തയമ്മും നിയമമാക്കപ്പെട്ടതിനുള്ള ആധാരം.

من الأسباب المبيحة للتيمم

## തയമ്മും അനുവദനീയമാക്കുന്ന കാരണങ്ങൾ

- **വെള്ളം കിട്ടാതിരിക്കൽ:**

ഇംറാനുബ്നു ഹുസൈ്വൻ(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: സംഘത്തോടൊപ്പം നമസ്കരിക്കാതെ വിട്ട് നിൽക്കുന്ന ഒരാളെ നബി(ﷺ) കണ്ടു. അപ്പോൾ അദ്ദേഹം ചോദിച്ചു.

(يا فلان ما منعك أن تصلي مع القوم ؟ فقال : أصابتني جنابة ولا ماء ، فقال : عليك بالصعيد فإنه يكفيك) (متفق عليه)

മനുഷ്യാ, നീയെന്താണ് ജമാഅത്ത് നമസ്കാരത്തിൽ നിന്നും വിട്ടുനിൽക്കുന്നത്? അപ്പോൾ അയാൾ പറഞ്ഞു: 'എനിക്ക് ജനാബത്തുണ്ടായിരിക്കുന്നു, (കുളിക്കുവാൻ) വെള്ളമില്ലതാനും'. അപ്പോൾ നബി(ﷺ) പറഞ്ഞു: 'നീ ഭൂമിയുടെ ഉപരിതലം അവലംബിക്കുകയേ വേണ്ടതുള്ളൂ (തയമ്മും

ചെയ്താൽ മതി എന്നർത്ഥം), നിനക്ക് അത് മതിയാകുന്നതാണ്' (ബുഖാരി, മുസ്ലിം).

- മുറിവോ രോഗമോ മറ്റോ ഉണ്ടായതിനാൽ വെള്ളം ഉപയോഗിക്കാൻ വിഷമം നേരിടുകയോ, ഉപയോഗിച്ചാൽ രോഗം സുഖമാവാൻ വൈകുമെന്നോ രോഗം വർദ്ധിക്കുമെന്നോ ഭയപ്പെടുകയോ ചെയ്താൽ: ജാബിർ(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: 'ഞങ്ങൾ ഒരു യാത്രയിലായിരുന്നു. അങ്ങനെയിരിക്കെ ഞങ്ങളിൽ ഒരാളുടെ തലയിൽ ഒരു കല്ല് കൊണ്ട് മുറിവുണ്ടായി,ശേഷം അയാൾക്ക് സ്വപ്നസ്ഖലനമുണ്ടായി.അങ്ങനെ അയാൾ തന്റെ കൂട്ടുകാരോട് ചോദിച്ചു: 'എനിക്ക് തയമ്മും ചെയ്യാൻ ഇളവുണ്ടെന്ന് നിങ്ങൾക്ക് അഭിപ്രായമുണ്ടോ? അവർ പറഞ്ഞു: 'വെള്ളം ഉപയോഗിക്കാൻ നിനക്ക് സാധിക്കുമെന്നിരിക്കെ നിനക്ക് ഇളവുണ്ടെന്ന് ഞങ്ങൾക്ക് അഭിപ്രായമില്ല'. അങ്ങനെ അയാൾ കുളിച്ചു, (അത് കാരണമായി) അയാൾ മരിക്കുകയും ചെയ്തു. അങ്ങനെ ഞങ്ങൾ നബി(ﷺ)യുടെ അടുക്കൽ വന്നപ്പോൾ ഇക്കാര്യം അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ നബി(ﷺ)

പറഞ്ഞു: 'അവർ അയാളെ കൊന്നു, അല്ലാഹു അവരെയും കൊല്ലട്ടെ. വിവരമില്ലായിരുന്നെങ്കിൽ അവർക്ക് ചോദിച്ച്(മനസ്സിലാക്കി)കൂടായിരുന്നോ? കാര്യം മനസ്സിലാവാത്തതിനുള്ള പരിഹാരം ചോദിച്ചറിയലാണ്. അയാൾക്ക് തയമ്മും ചെയ്താൽ മതിയായിരുന്നു. അല്ലെങ്കിൽ അയാളുടെ മുറിവായിൽ ഒരു തുണികൊണ്ട് മൂടി ക്കെട്ടി അതിന്മേൽ തടവുകയും ബാക്കിയുള്ള ഭാഗം കഴുകുകയും ചെയ്താൽ മതിയായിരുന്നു' (അബൂദാവൂദ്, ഇബ്നുമാജ:, ദാറുഖുത്നി).

- തനിക്ക് ഇപ്പോഴേക്കും വരും നാളുകളിലേക്കും ഭക്ഷണം പാകം ചെയ്യാനും കുടിക്കാനും ആവശ്യമായ വെള്ളം മാത്രം കൈവശമുള്ള ഒരാൾ തയമ്മും ചെയ്യുകയും തനിക്ക് കുടിക്കാനായി ആ വെള്ളം സൂക്ഷിക്കുകയുമാണ് വേണ്ടത്. അബൂദർറ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:'നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു:

( إن الصعيد الطيب طهور المسلم ، وإن لم يجد الماء عشر سنين فإذا وجد الماء فليمسه بشرته فإن ذلك خير له ) (ترمذي ، أبو داود ، نسائي ، حاكم ، أحمد )

'ഭൂമിയുടെ ശുദ്ധമായ ഉപരിതലം വിശ്വാസിയുടെ ശുദ്ധീകരണ വസ്തുവാണ്, പത്ത് വർഷത്തേക്ക് അയാൾക്ക് വെള്ളം കിട്ടിയില്ലെങ്കിലും.വെള്ളം കണ്ടെത്തിയാൽ അത്കൊണ്ട് അയാൾ തന്റെ തൊലിയെ സ്പർശിക്കട്ടെ, കാരണം അത്തന്നെയാണ് അവന് ഉത്തമമായിട്ടുള്ളത്' (തുർമുദി, അബൂദാവൂദ്).

യാത്രക്കാരനായ ഒരാൾക്ക് ജനാബത്ത് ബാധിച്ചു. അയാളുടെ പക്കൽ അൽപ്പം വെള്ളമേയുള്ളു അത് ഉപയോഗിച്ചാൽ തനിക്ക് ദാഹിക്കുമെന്ന് അയാൾ ഭയക്കുന്നു. ഈ അവസ്ഥയിൽ അയാൾഎന്ത് ചെയ്യണമെന്ന് അലി(﵁)വിനോട് ചോദിക്കപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു:

(يتيمم ولا يغتسل) 'അയാൾ തയമ്മും ചെയ്താൽ മതി, കുളിക്കേണ്ടതില്ല' (ദാറുഖുത്നി).

● വെള്ളം അന്വേഷിക്കുന്ന മാർഗ്ഗത്തിൽ, തന്റെ ജീവനിലോ അഭിമാനത്തിലോ തന്റെ ധനത്തിലോ വല്ല ശത്രുക്കളെയും അയാൾ ഭയക്കുന്നുവെങ്കിൽ, അതല്ലെങ്കിൽ വെള്ളത്തിങ്കലേക്ക് എത്തിച്ചേരുന്ന(വഴിയിൽ) വന്യമൃഗങ്ങളെ അയാൾ ഭയപ്പെടുന്നുവെങ്കിൽ(അയാൾക്ക് തയമ്മും ചെയ്യാവുന്നതാണ്).

● അതികഠിനമായ തണുപ്പും തണുപ്പേറിയ വെള്ളവും,ചൂടാക്കുവാൻ ഒരു മാർഗ്ഗവുമില്ല, ആ വെള്ളം ഉപയോഗിച്ചാൽ തനിക്ക് എന്തെങ്കിലും ആപത്ത് വന്ന് ഭവിക്കുന്നതിനെ ഒരാൾ ഭയക്കുന്നു, (എങ്കിൽ അയാൾ തയമ്മും ചെയ്താൽ മതി). അംറുബ്നുൽ ആസ്(ﷺ)വിൽ നിന്നും നിവേദനം. അദ്ദേഹം പറയുന്നു: 'ദാതുസ്സലാസിൽ യുദ്ധഘട്ടത്തിൽ അതി കഠിന തണുപ്പുള്ള ഒരു രാത്രിയിൽ എനിക്ക് സ്വപ്നസ്ഖലനമുണ്ടായി. കുളിച്ചാൽ മരിച്ചുപോകുമെന്ന് ഞാൻ ഭയപ്പെട്ടു. അങ്ങനെഞാൻ തയമ്മും ചെയ്യുകയും എന്റെ അനുയായികളെയും കൊണ്ട് ഞാൻ സ്വുബ്ഹ് നമസ്കരിക്കുകയും ചെയ്തു. പിന്നീട് അവർ ഇക്കാര്യം പ്ര

വാചക(ﷺ)നോട് ഉണർത്തി. അപ്പോൾ അദ്ദേഹം ചോദിച്ചു: (يا عمرو صليت بالناس وأنت جنب) 'അംറേ, ജനാബത്തുകാരനായിരിക്കെ നിന്റെ ആളുകളെയും കൊണ്ട് നീ നമസ്കരിച്ചുവോ'? കുളിക്കുന്നതിൽ നിന്ന് എന്താണ് എന്നെ തടഞ്ഞതെന്നത് ഞാൻ അദ്ദേഹത്തെ അറിയിച്ചു. ഞാൻ പറഞ്ഞു: 'അല്ലാഹു പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്'

﴿ ولا تقتلوا أنفسكم إن الله كان بكم رحيماً ﴾ 'നിങ്ങൾ നിങ്ങളെത്തന്നെ കൊലപ്പെടുത്തുകയും ചെയ്യരുത്. തീർച്ചയായും അല്ലാഹു നിങ്ങളോട് കരുണയുള്ളവനാകുന്നു' (നിസാഅ്: 29).അപ്പോൾ നബി(ﷺ) ചിരിച്ചു. അദ്ദേഹം മൗനം പാലിക്കുകയും ചെയ്തു' (അംറിനെ ആക്ഷേപിച്ചില്ല എന്നർത്ഥം).നബി(ﷺ)യുടെ ഈ മൗനം അനുവാദത്തെ കുറിക്കുന്നു, കാരണം അദ്ദേഹം അനുവദനീയമല്ലാത്തതിന് അംഗീകാരം നൽകുകയില്ല.

صفة التيمم

## തയമ്മുമിന്റെ രൂപം

ഏത് അശുദ്ധിയെ നീക്കം ചെയ്യാനാണോ

തയമ്മും ചെയ്യുന്നത് അത് മനസ്സിൽ കരുതുക. ശേഷം ബിസ്മി ചൊല്ലിക്കൊണ്ട്, വിരലുകൾ നിവർത്തിപ്പിടിച്ച് ഉള്ളം കൈകൾ കൊണ്ട് ശുദ്ധിയുള്ള മണ്ണിൽ ഒരു അടി അടിക്കുകയും ഉള്ളം കൈകൾ കൊണ്ട് മുഖവും, കൈപ്പടങ്ങൾ അറ്റം തൊട്ട് മണികണ്ഠം വരെ അതിന്റെ പുറഭാഗവും തടവുകയും ചെയ്യുക. അമ്മാർ(ﷺ)വിൽ നിന്നും നിവേദനം,അദ്ദേഹം പറയുന്നു:'ഞാൻ ജനാബത്തുകാരനായി. അങ്ങനെ ഞാൻ (മൃഗങ്ങൾ കിടന്നുരുളുന്നതുപോലെ)മണ്ണിൽ കിടന്നുരുളുകയും ശേഷം നമസ്കരിക്കുകയും ചെയ്തു. പിന്നീട്(പ്രവാചകന്റെ അടുക്കൽ വന്നപ്പോൾ) ഞാനത് അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ അദ്ദേഹം പറഞ്ഞു:

( إنما كان يكفيك هكذا فضرب النبي صلى الله عليه وسلم بكفيه الأرض ونفخ فيهما ثم مسح بهما وجهه وكفيه ) ( متفق عليه )

'നീ ഇങ്ങനെ ചെയ്താൽ മതിയായിരുന്നു. അങ്ങനെ നബി(ﷺ) തന്റെ ഇരുകൈപ്പടങ്ങളും നിലത്തടിക്കുകയും അതിൽ ഊതുകയും പിന്നീട് അവ

കൊണ്ട് തന്റെ മുഖവും കൈപ്പടങ്ങളും തടവുകയും ചെയ്തു' (ബുഖാരി, മുസ്‌ലിം).

ദാറുഖുത്നി റിപ്പോർട്ട് ചെയ്ത മറ്റൊരു ഹദീസിൽ ഇപ്രകാരമാണ്: 'നീ നിന്റെ കൈകൾ കൊണ്ട് മണ്ണിൽ അടിക്കുകയും ശേഷം അതിൽ ഊതുകയും ശേഷം അവകൊണ്ട് നിന്റെ മുഖവും മണികണ്ഠം വരെ നിന്റെ കൈപ്പടങ്ങളും തടവുകയും ചെയ്താൽ മതിയായിരുന്നു' (ദാറുഖുത്നി).

نواقض التيمم

## തയമ്മും മുറിയുന്ന കാര്യങ്ങൾ

- വുദുമുറിയുന്ന കാര്യങ്ങളിൽ എന്തെങ്കിലും ഉണ്ടാവൽ.
- വെള്ളം ലഭിക്കാത്തയാൾക്ക് അത് ലഭിക്കൽ.
- വെള്ളം ഉപയോഗിക്കാൻ ഉണ്ടായിരുന്ന തടസ്സം നീങ്ങൽ.

تنبيهات

## ചില മുന്നറിയിപ്പുകൾ

● ഒരാൾ തയമ്മും ചെയ്ത് നമസ്കരിച്ചു.അതിൽ നിന്ന് വിരമിച്ച ശേഷം വെള്ളം ലഭിച്ചു,അല്ലെങ്കിൽ നമസ്കാര ശേഷം തയമ്മും അനുവദനീയമാകാൻ കാരണമായ തടസ്സം നീങ്ങിപ്പോയി,എങ്കിൽ സമയം ബാക്കിയുണ്ടെങ്കിൽപ്പോലും ആ നമസ്കാരം മടക്കി നിർവ്വഹിക്കൽ അവന് നിർബന്ധമില്ല. അബൂസഈദുൽ ഖുദ്‌രി(ﷺ)വിൽ നിന്നും നിവേദവനം, അദ്ദേഹം പറയുന്നു:'രണ്ടാളുകൾ ഒരു യാത്ര പുറപ്പെട്ടു,അങ്ങനെ നമസ്കാരസമയമായി, അവരുടെ പക്കൽ വെള്ളമില്ലായിരുന്നു. അപ്പോൾ അവർ ശുദ്ധമായ ഭൂതലത്തിൽ തയമ്മും ചെയ്യുകയും നമസ്കരിക്കുകയും ചെയ്തു.പിന്നീട് അതേ നമസ്കാരത്തിന്റെ സമയത്ത് തന്നെ അവർക്ക് വെള്ളം ലഭിച്ചു. അങ്ങനെ അവരിൽ ഒരാൾ വുദ്വുവും നമസ്കാരവും വീണ്ടും നിർവ്വഹിച്ചു. അപരൻ ആവർത്തിച്ചതുമില്ല. ശേഷം അവർ നബി(ﷺ)യുടെ അടുക്കൽ ചെല്ലുകയും ആകാര്യം അറിയിക്കുകയും ചെയ്തു.നമസ്കാരം മടക്കിയിട്ടില്ലാത്ത ആളോട് അപ്പോൾ നബി(ﷺ)പറഞ്ഞു: (أصبت السنة) 'നീ നബിചര്യയനുസരിച്ച് പ്രവർത്തിച്ചു'. രണ്ടാമ

തും വുദ്വുവെടുത്ത് നമസ്കാരം മടക്കിയ ആളോട് അദ്ദേഹം പറഞ്ഞു: ( لك الأجر مرتين ) 'താങ്കൾക്ക് രണ്ട് പ്രതിഫലമുണ്ട്' (അബൂദാവൂദ്, നസാഇ).

- (തയമ്മും ചെയ്ത്) നമസ്കാരത്തിൽ പ്രവേശിച്ച ഒരാൾക്ക് അതിൽ നിന്ന് വിരമിക്കുന്നതിന് മുമ്പായി, വെള്ളം ലഭിക്കുകയോ വെള്ളം ഉപയോഗിക്കുന്നതിന് ഉണ്ടായിരുന്ന തടസ്സം നീങ്ങുകയോ ചെയ്താൽ അയാളുടെ വുദ്വു മുറിയുന്നതാണ്. ഈ അവസ്ഥയിൽ അയാൾ വുദ്വു എടുക്കുകയും(നമസ്കാരം ആവർത്തിക്കുകയും വേണം) അബൂദർറ്(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു:'നബി(ﷺ) പറയുന്നതായി ഞാൻ കേട്ടു:

( إن الصعيد الطيب طهور المسلم وإن لم يجد الماء عشر سنين ، فإذا وجد الماء فليمسه بشرته فإن ذلك خير له )

''ഭൂമിയുടെ ശുദ്ധമായ ഉപരിതലം വിശ്വാസിയുടെ ശുദ്ധീകരണ വസ്തുവാണ്, പത്ത് വർഷത്തേക്ക് അയാൾക്ക് വെള്ളം കിട്ടിയില്ലെങ്കിലും.വെള്ളം കണ്ടെത്തിയാൽ അത് കൊണ്ടയാൾ തന്റെ തൊലി

യെ സ്പർശിക്കട്ടെ, കാരണം അത് തന്നെയാണ് അവന് ഉത്തമമായിട്ടുള്ളത്' (തുർമുദി, അബൂദാവൂദ്, നസാഇ, ഹാകിം, അഹ്മദ്).

- എന്നാൽ വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാനായി തയമ്മും ചെയ്തയാൾ വെള്ളം ലഭിക്കുന്നത് കാരണത്താൽ തന്റെ നമസ്കാരം മടക്കേണ്ടതില്ല. എന്നാൽ വെള്ളം ലഭിക്കുന്നതോടെ അല്ലെങ്കിൽ വെള്ളം ഉപയോഗിക്കുന്നതിനുണ്ടായിരുന്ന തടസ്സങ്ങൾ നീങ്ങുന്നതോടെ തന്റെ വലിയ അശുദ്ധിയിൽ നിന്നുള്ള ശുദ്ധിക്കായി അയാൾ കുളിക്കേണ്ടതുണ്ട്. ഇംറാനുബ്നുൽ ഹുസൈൻ(ﷺ)വിൽ നിന്നും നിവേദനം, അദ്ദേഹം പറയുന്നു: 'സംഘത്തോടൊപ്പം നമസ്കരിക്കാതെ വിട്ട് നിൽക്കുന്ന ഒരാളെ നബി(ﷺ) കണ്ടു.അപ്പോൾ അദ്ദേഹം ചോദിച്ചു. മനുഷ്യാ, നീയെന്താണ് ജമാഅത്ത് നമസ്കാരത്തിൽ നിന്നും വിട്ടുനിൽക്കുന്നത്? അപ്പോൾ അയാൾ പറഞ്ഞു: 'എനിക്ക് ജനാബത്ത് ബാധിച്ചിരിക്കുന്നു, (കുളിക്കുവാൻ) വെള്ളമില്ല താനും'. അപ്പോൾ നബി(ﷺ) പറഞ്ഞു: 'നീ ഭൂമിയുടെ ഉപരിതലം അവലംബിക്കുകയേ ചെയ്യേ

ണ്ടതുള്ളു,നിനക്ക് അത് മതിയാകുന്നതാണ്' (ബുഖാരി, മുസ്‌ലിം). (അങ്ങനെ അയാൾ തയമ്മും ചെയ്ത് നമസ്കരിച്ചു).ഇംറാൻ(ﷺ) പറയുന്നു: അവർക്ക് വെള്ളം കിട്ടിയപ്പോൾ ജനാബത്ത് ബാധിച്ചിരുന്ന ആൾക്ക് നബി(ﷺ) ഒരു പാത്രം വെള്ളം കൊടുത്തു. അദ്ദേഹം പറഞ്ഞു: (إذهب فأفرغه عليك) 'പോയി ഇതുകൊണ്ട് കുളിച്ചോളൂ'.

بعض الفتاوى المتعلقة بالتيمم

## തയമ്മും: ചില ഫത്‌വകൾ

? ആശുപത്രിയിലുള്ള ഒരു രോഗിക്ക് വുദ്വു ചെയ്യാൻ സാധ്യമായില്ല. അയാൾ കാർപ്പെറ്റിന് മേൽ തയമ്മും ചെയ്താൽ അയാളുടെ നമസ്കാരം ശരിയാവുമോ?

കഴിയുമെങ്കിൽ രോഗി നമസ്കാരത്തിന് വുദ്വു എടുക്കേണ്ടതുണ്ട്. എന്നാൽ അതിന് അയാൾക്ക് സാധ്യമായില്ലെങ്കിൽ, കഴിയുമെങ്കിൽ പൊടിപടലങ്ങളുള്ള മണ്ണിൽ തയമ്മും ചെയ്യണം. എന്നാൽ അപ്രകാരം മണ്ണ് കൊണ്ടുവരാനും സാധ്യമായില്ലെങ്കിൽ, തറയിലുള്ള മാർബിളിലോ തന്റെ

ബെഡിലോ പൊടി പടലങ്ങളുണ്ടെങ്കിൽ അതിന്മേൽ തയമ്മും ചെയ്യണം. ഇനി അതിന്മേലും പൊടിയില്ലെങ്കിൽ തനിക്ക് ഏറ്റവും അടുത്തുള്ള ഭൂമിയിലോ അല്ലെങ്കിൽ ഭൂമിയിലേക്ക് ചേർന്ന് നിൽക്കുന്നതിലോ തയമ്മും ചെയ്യണം. അല്ലാഹു പറയുന്നു: ﴿فاتقوا الله ما استطعتم﴾ 'നിങ്ങൾ കഴിയുന്ന രൂപത്തിൽ അല്ലാഹുവെ സൂക്ഷിക്കുക, ഒരു ആത്മാവും അതിന് സാധ്യമാവുന്നതല്ലാതെ ഏൽപ്പിക്കപ്പെടുകിയല്ല' *

? കൈയിൽ വെള്ളം സ്പർശിക്കാൻ സാധ്യമല്ലാത്ത മുറിവുള്ള ഒരാൾ വുദ്വു എടുത്തു, സാധാരണ അതിന്മേൽ തടവാറുള്ള അയാൾ തടവാൻ മറന്നുപോയി. നമസ്കരിച്ചു കൊണ്ടിരിക്കെ അയാൾക്കത് ഓർമ്മ വന്നു. തന്റെ നമസ്കാരം മുറിക്കാതെ തുടർന്നുകൊണ്ട് നമസ്കാരത്തിനിടയിൽത്തന്നെ അതിന്മേൽ തടവി, ഈ നമസ്കാരത്തിന്റെ വിധി എന്താണ്? ഈ നമസ്കാരം സ്വീകാര്യമാണോ?.

* (الشيخ / عبد الله بن جبرين ، فتاوى إسلامية لمجموعة من العلماء ، صفحة : ١٩٧/١)

വുദ്വുവിന്റെ അംഗങ്ങളിലെവിടെയെങ്കിലും കഴുകാനോ (വെള്ളം സ്പർശിച്ച്) തടവാനോ നിർവ്വാഹമില്ലാത്ത മുറിവുണ്ടാവുകയും അതിൽ വെള്ളം നനഞ്ഞാൽ രോഗം വർദ്ധിക്കുമെന്നോ ഭേദമാവാൻ വൈകുമെന്നോ ഭയക്കുന്നുവെങ്കിൽ അയാൾ തയമ്മും ചെയ്താൽ മതി. മറന്നു കൊണ്ട് ആരെങ്കിലും മുറിവുള്ള ഭാഗം തടവാതെ വുദ്വുവെടുക്കുകയും നമസ്കാരത്തിൽ പ്രവേശിക്കുകയും നമസ്കാരത്തിനിടയിൽ താൻ മുറിവുള്ള ഭാഗം തടവിയിട്ടില്ലെന്ന് ഓർമ്മ വരികയും ചെയ്താൽ അയാൾ (നമസ്കാരം മുറിച്ച്, മുറിവിന്മേൽ തടവിക്കൊണ്ട് വുദ്വു ചെയ്ത്) വീണ്ടും മടക്കി നമസ്കരിക്കണം. കാരണം തക്ബീറത്തുൽ ഇഹ്റാം അടക്കം, തടവുന്നതിന് മുമ്പ് അയാൾ നിർവ്വഹിച്ച നമസ്കാര ഭാഗങ്ങൾ സ്വീകാര്യ യോഗ്യമല്ല. യഥാർത്ഥത്തിൽ അയാൾ നമസ്കാരത്തിൽ പ്രവേശിച്ചത് തന്നെ ശരിയല്ലായിരുന്നു. കാരണം നമസ്കാരത്തിന്റെ സ്വീകാര്യതക്കുള്ള നിബന്ധനകളിലൊന്നാണ് ശുദ്ധി. വുദ്വുവിന്റെ അവയവങ്ങളിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ അൽപ്പഭാഗമോ ഒഴിവാക്കപ്പെട്ടാൽ വുദ്വു ശരിയാവുകയില്ല.

ഒരു നാണയത്തിന്റെ അത്ര സ്ഥലം വുദ്വുവിൽ വെള്ളം സ്പർശിച്ചിട്ടില്ലാത്ത ഒരു വ്യക്തിയെ നബി(ﷺ) കണ്ടപ്പോൾ അയാളോട് വുദ്വു മടക്കി നിർവ്വഹിക്കാൻ അദ്ദേഹം കൽപ്പിച്ച സംഭവത്തിന്റെ റിപ്പോർട്ട് ഇതിനാധാരമാണ്. (വുദ്വുവിന്റെ അവയവങ്ങൾ) കഴുകുവാനും അതിന്മേൽ (വെള്ളം സ്പർശിച്ച്) തടവാനും സാധ്യമാവാത്ത വ്യക്തിയെ സംബന്ധിച്ചിടത്തോളം, അതിന് പകരമായുള്ള തയമ്മും നിർവ്വഹിക്കുക മാത്രമേ അയാൾ ചെയ്യേണ്ടതുള്ളു. ഇതാണ് (ഈ വിഷയകമായി വന്നിട്ടുള്ള) ആയത്തിൽ നിന്നും മൊത്തത്തിൽ മനസ്സിലാക്കാൻ കഴിയുന്ന കാര്യം. അല്ലാഹു പറയുന്നു: (وإن كنتم مرضى ... الآية) (النساء : ٤٣) 'നിങ്ങൾ രോഗികളായിരിക്കുകയോ യാത്രയിലാവുകയോ ചെയ്താൽ–അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്ര വിസർജ്ജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായി സമ്പർക്കം നടത്തുകയോ ചെയ്തുവെങ്കിൽ–എന്നിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയതുമില്ലെങ്കിൽ നിങ്ങൾ ശുദ്ധിയുള്ള ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ടതുകൊണ്ട് നിങ്ങളുടെ മുഖങ്ങളും കൈകളും തടവുക. തീർച്ചയായും അല്ലാഹു ഏറെ മാപ്പ് നൽകുന്ന

വനും പൊറുക്കുന്നവനുമാകുന്നു' തലക്ക് മുറിവ് പറ്റിയ ആളുടെ സംഭവത്തിൽ ഇബ്നുമാജ:(رضي الله عنه) വിൽ നിന്നും ഇബ്നുഅബ്ബാസ്(رضي الله عنه) ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: 'അദ്ദേഹം തന്റെ ശരീരം കഴുകുകയും തലയിൽ മുറിവ് പറ്റിയ ഭാഗം ഒഴിവാക്കുകയും ചെയ്തിരുന്നുവെങ്കിൽ' (അത് മതിയായിരുന്നു). ജാബിർ(رضي الله عنه)വിൽ നിന്നും അബൂദാവൂദ് (رضي الله عنه) ഉദ്ധരിക്കുന്നു. നബി(ﷺ) പറഞ്ഞു: 'അദ്ദേഹത്തിന് തയമ്മും ചെയ്താൽ മതിയായിരുന്നു.' അപ്പോൾ ഇവിടെ ചോദ്യത്തിൽ പറയപ്പെട്ട വ്യക്തി നമസ്കാരം ആവർത്തിക്കുകയാണ് വേണ്ടത്' *

## المسح على الجبيرة وما في معناهما

## ബാൻഡേജിന്മേൽ തടവൽ

ബാൻഡേജിന്മേലും അതുപോലെ മുറിവുകളും തീപ്പൊള്ളലുകളും മറ്റും ചുറ്റിപ്പൊതിയുന്ന കെട്ടുകളിന്മേലും തടവൽ അനുവദനീയമാണ്. ജാബിർ(رضي الله عنه)വിൽനിന്നും നിവേദനം. അദ്ദേഹം പ

* ( اللجنة المسلمون ٣٦ / فتاوى إسلامية لمجموعة من العلماء ، صفحة : ١٩٧/١ )

റയുന്നു: 'ഞങ്ങൾ ഒരു യാത്രയിലായിരുന്നു. അങ്ങനെയിരിക്കെ ഞങ്ങളിൽ ഒരാളുടെ തലയിൽ ഒരു കല്ല് കൊണ്ട് മുറിവുണ്ടായി, ശേഷം അയാൾക്ക് സ്വപ്നസ്ഖലനമുണ്ടായി......അങ്ങനെ ഞങ്ങൾ നബി(ﷺ)യുടെ അടുക്കൽ വന്നപ്പോൾ ഇക്കാര്യം അദ്ദേഹത്തെ അറിയിച്ചു. അപ്പോൾ നബി(ﷺ) പറഞ്ഞു: 'അവർ അയാളെ കൊന്നു, അല്ലാഹു അവരെയും കൊല്ലട്ടെ. വിവരമില്ലായിരുന്നെങ്കിൽ അവർക്ക് ചോദിച്ചറിഞ്ഞുകൂടായിരുന്നോ? കാര്യം മനസ്സിലാവാത്തതിനുള്ള പരിഹാരം ചോദിച്ചറിയലാണ്. അയാൾ തയമ്മും ചെയ്താൽ മതിയായിരുന്നു. അല്ലെങ്കിൽ അയാളുടെ മുറിവായിൽ ഒരു തുണികൊണ്ട് മൂടിക്കെട്ടി അതിന്മേൽ തടവുകയും ബാക്കിയുള്ള ഭാഗം കഴുകുകയും ചെയ്താൽ മതിയായിരുന്നു' (അബൂദാവൂദ്, ഇബ്നുമാജ:, ദാറുഖുത്നി). (ഈ ഹദീസിന്റെ പൂർണ്ണ രൂപം മുമ്പ് ഉദ്ദരിച്ചിട്ടുണ്ട്. വിവ:)

വുദ്വു ചെയ്യുമ്പോഴും കുളിക്കുമ്പോഴും രോഗം ബാധിച്ച അവയവം കഴുകുന്നതിനും തടവുന്നതിനും പകരമായി ബാൻഡേജ് പോലെ ആവ

ശ്യത്തിനായിട്ടുള്ള സംവിധാനത്തിനുമേൽ തടവൽ നിർബന്ധമാണ്. മുറിവുള്ളവനും ഒടിച്ചിലോ പൊട്ടലോ ഉള്ളവനും വുദ്വു എടുക്കുകയോ (നിർബന്ധമായ) കുളി നിർവ്വഹിക്കുകയോ ചെയ്യുമ്പോൾ അതിന്റേതായ മുഴുവൻ അവയവങ്ങളും കഴുകൽ നിർബന്ധമാണ്. രോഗമായ അവയവം കഴുകിയാൽ അതുമൂലം തന്റെ രോഗം അധികരിക്കുമെന്നോ അല്ലെങ്കിൽ അസുഖം ഭേദമാവാൻ വൈകുമെന്നോ വേദന അധികരിക്കുമെന്നോ ഭയക്കുന്നുവെങ്കിൽ, വെള്ളം നനച്ച കൈകൊണ്ട് അതിന്മേൽ തടവുകയാണ് വേണ്ടത്. എന്നാൽ വെള്ളം നനച്ച് തടവുന്നതുകൊണ്ടും ദോഷമുണ്ടാവുമെങ്കിൽ രോഗമുള്ള അവയവത്തെ ചുറ്റിപ്പൊതിയുകയോ ബാൻഡേജ് ഇടുകയോ ചെയ്ത് ശേഷം അതിന്മേൽ തടവിയാൽ മതി. ഇപ്രകാരം ബാൻഡേജ് ഇടുമ്പോൾ, അല്ലെങ്കിൽ ചുറ്റിപ്പൊതിയുമ്പോൾ ശുദ്ധി ഉണ്ടായിരിക്കൽ നിബന്ധനയില്ല. തന്റെ ഈ പ്രതിബന്ധം നില നിൽക്കുന്നേടത്തോളം ഈ ആനുകൂല്യം ഉപയോഗപ്പെടുത്താം. പ്രതിബന്ധം നീങ്ങിയാൽ കഴുകൽ നിർബന്ധവുമായി.

*****************

بعض الفتاوى الخاصة بالمسح على الجبيرة

**ബാൻഡേജിന്മേൽ തടവൽ :**

**<u>ചില ഫത്‌വകൾ</u>**

? ബാൻഡേജിന്മേൽ തടവുന്നതിന് നിബന്ധനകൾ വല്ലതുമുണ്ടോ? ഉദാഹരണമായി ബാൻഡേജ് ആവശ്യത്തിൽ കവിഞ്ഞ് ഉണ്ടെങ്കിൽ എന്ത് ചെയ്യണം?

ആവശ്യമുള്ള അത്ര പ്രദേശം മാത്രമേ ബാൻഡേജായി ഉപയോഗിക്കുകയും തടവുകയും ചെയ്യാൻ പാടുള്ളൂ.അതിനാൽത്തന്നെ അതിന് അതിന്റേതായ നിശ്ചിത പരിധി പരിഗണിക്കേണ്ടതുണ്ട്.ആവശ്യം എന്നതു കൊണ്ട് മുറിവിന്റെ ഭാഗം, അല്ലെങ്കിൽ വേദനയുള്ള സ്ഥലം മാത്രം എന്ന് അർത്ഥമാക്കേണ്ടതില്ല. മറിച്ച് ബാൻഡേജ്, അല്ലെങ്കിൽ സ്റ്റിക്കർ പോലെയുള്ളവ ഉറപ്പിച്ചുനിറുത്തു

ന്നതിനാവശ്യമായ പ്രദേശമത്രയും ആവശ്യത്തിൽപ്പെട്ടതാണ്.

? നേർത്ത തുണി പോലെയുള്ള ചുറ്റിക്കെട്ടുന്നവയും മറ്റും ബാൻഡേജിന്റെ ഇനത്തിൽപ്പെടുമോ?

അതേ, ഉൾപ്പെടുന്നതാണ്. അതുപോലെത്തന്നെ ഇവിടെ നാം അറിഞ്ഞിരിക്കേണ്ട ഒരു പ്രധാന കാര്യം ബാൻഡേജിന്മേൽ തടവുക എന്നത് ഖുഫ്ഫകളിൽ തടവുന്നതുപോലെ ഒരു നിശ്ചിത സമയപരിധിയുള്ളതല്ല. മറിച്ച് ഇതിന്റെ ആവശ്യം നിലനിൽക്കുന്നേടത്തോളം അതിന്മേൽ തടവാവുന്നതാണ്. അതു പോലെത്തന്നെ ഖുഫ്ഫകളിൽ തടവുന്ന സ്വഭാവത്തിൽ നിന്ന് വിഭിന്നമായി ചെറിയ അശുദ്ധിക്കും വലിയ അശുദ്ധിക്കും (പകരമായുള്ള ശുദ്ധീകരണത്തിൽ) അതിന്മേൽ തടവാവുന്നതാണ്. അതിനാൽ കുളി നിർബന്ധമായവൻ വുദ്വുവിൽ തടവുന്നതുപോലെത്തന്നെ അതിന്മേൽ തടവിയാൽ മതി.'*

? ബാൻഡേജിന്മേൽ തടവുന്ന രൂപം എങ്ങ

* ( فتاوى المسح على الخفين للشيخ / محمد بن صالح العثيمين ، صفحة : ٢٦ )

നെ? അത് മുഴുവനും തടവേണ്ടതുണ്ടോ? അതോ ചില പ്രത്യേക ഭാഗങ്ങൾ തടവിയാൽ മതിയാവുമോ?

അതെ, മുഴുവൻ ഭാഗവും തടവണം. കാരണം ഏതൊന്നിന് പകരമായാണോ ഒരു കാര്യം ചെയ്യുന്നത് അതിന്റെ വിധി തന്നെയായിരിക്കും പകരം ചെയ്യപ്പെടുന്ന കാര്യത്തിന്റെയും വിധി എന്നതാണിവിടെ അടിസ്ഥാനം. ഇവിടെ കഴുകുന്നതിന് പകരമായാണ് തടവുന്നത്. കഴുകേണ്ടത് അവയവം മുഴുവനുമാണ്. അതിനാൽ (അതിന് പകരമായി ചെയ്യുന്ന കാര്യമെന്ന നിലക്ക്) ബാൻഡേജിന്മേൽ തടവലും മുഴുവനായിരിക്കണം.എന്നാൽ ഖുഫ്ഫകളിന്മേൽ തടവൽ (വ്യത്യസ്തമായൊരു) ആനുകൂല്യമാണ്.അതിന്റെ അൽപ്പം ഭാഗം തടവിയാൽ മതിയെന്നുള്ളത് നബിചര്യയിൽ സ്ഥിരപ്പെട്ടു വന്നതാണ്. *

*****************

* ( فتاوى المسح على الخفين للشيخ محمد بن صالح العثيمين ، صفحة :٢٧ )

# كيف يتطهر المريض*

## **<u>രോഗി ശുദ്ധീകരിക്കേണ്ടതെങ്ങനെ</u>**

❖ വെള്ളം കൊണ്ട് ശുദ്ധീകരിക്കൽ രോഗിക്കും നിർബന്ധമാണ്. അതിനാൽ ചെറിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ വുദ്വു എടുക്കുകയും വലിയ അശുദ്ധിയിൽ നിന്ന് ശുദ്ധിയാവാൻ കുളിക്കുകയും വേണം.

❖ ശുദ്ധിയാക്കാൻ രോഗിക്ക് സാധിക്കാതെ വരികയോ,രോഗം മൂർച്ഛിക്കുമെന്നോ, ശമനം വൈകുമെന്നോ, വേദന അധികരിക്കുമെന്നോ ഭയപ്പെടുകയോ ചെയ്താൽ അയാൾ തയമ്മും ചെയ്യണം.

❖ വെള്ളം കൊണ്ട് ശുദ്ധിയാക്കാൻ രോഗിക്ക് സാധിക്കാതിരിക്കുകയോ, രോഗം മൂർച്ഛിക്കുമെന്നോ, ശമനം വൈകുമെന്നോ ഭയപ്പെടുകയോ ചെയ്താൽ അയാൾ തയമ്മും ചെയ്യണം.

❖ സ്വന്തമായിക്കൊണ്ട് ശുദ്ധി ചെയ്യാൻ രോഗിക്ക് സാധ്യമല്ലെങ്കിൽ മറ്റൊരാൾ അയാൾക്ക് വു

---

* (الشيخ/محمد بن صالح العثيمين ، كتاب فتاوى إسلامية لمجموعة من العلماء، صفحة :١٧٣/١)

ദ്വു ചെയ്ത് കൊടുക്കുകയോ തയമ്മും ചെയ്യിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

❖ ശുദ്ധി ചെയ്യുന്ന അവയവങ്ങളിലേതിലെങ്കിലും മുറിവുണ്ടെങ്കിൽ അത് വെള്ളം കൊണ്ട് കഴുകണം. എന്നാൽ കഴുകൽ അയാൾക്ക് വിഷമങ്ങളുണ്ടാക്കുമെങ്കിൽ കൈയിൽ വെള്ളം നനച്ച് അതിന്മേൽ കൂടി തടവണം. ആ തടവലും അയാൾക്ക് വിഷമം സൃഷ്ടിക്കുമെങ്കിൽ തയമ്മും ചെയ്താൽ മതി.

❖ രോഗിയുടെ വല്ല അവയവത്തിലും ഒടിവോ മറ്റോ ഉണ്ടായതിനാൽ അതിന് മാവ്(പ്ലാസ്റ്റർ) ഇട്ടിരിക്കുകയോ തുണി കെട്ടുകയോ ചെയ്തിരിക്കുന്നുവെങ്കിൽ അത് കഴുകുന്നതിന്പകരമായി കൈയിൽ വെള്ളം നനച്ച് അതിന്മേൽ തടവിയാൽ മതി. തയമ്മും ചെയ്യേണ്ടതില്ല. കാരണം കഴുകുന്നതിന് പകരമായാണല്ലൊ തടവുന്നത്.

❖ ചുമരിന്മേലോ അതുപോലെ പൊടിയുള്ള, ശുദ്ധമായ മറ്റു വല്ല വസ്തുക്കളിന്മേലോ തയമ്മും ചെയ്യുന്നത് അനുവദനീയമാണ്. എന്നാൽ ചുമരിൽ പെയിന്റ് പോലെ മണ്ണിന്റെ ഇനത്തിൽപ്പെട്ടത

ല്ലാത്ത മറ്റു വല്ല വസ്തുക്കളും കൊണ്ട് പൂശിയിട്ടുണ്ടെങ്കിൽ അതിന്മേൽ പൊടിയുണ്ടെങ്കിലല്ലാതെ തയമ്മും ചെയ്യാൻ പാടില്ല.

❖ നിലത്തോ ചുമരിലോ, പൊടിയുള്ള ശുദ്ധമായ മറ്റു വല്ല വസ്തുക്കളിലോ തയമ്മും ചെയ്യാൻ സാധ്യമായില്ലെങ്കിൽ, ഒരു പാത്രത്തിലോ ഒരു ടിഷ്യൂവിലോ മറ്റോ മണ്ണ് കൊണ്ടുവന്ന് അതിന്മേൽ തടവുന്നതിന് വിരോധമില്ല.

❖ ഒരു നമസ്കാരത്തിനായി തയമ്മും ചെയ്ത ശേഷം അത് ദുർബ്ബലപ്പെട്ടിട്ടില്ലെങ്കിൽ ആ തയമ്മും കൊണ്ട് അടുത്ത നമസ്കാരവും നിർവ്വഹിക്കാം. രണ്ടാം നമസ്കാരത്തിന് വേണ്ടി വീണ്ടും തയമ്മും മടക്കേണ്ടതില്ല. കാരണം അപ്പോഴും അവൻ ശുദ്ധിയിൽ തന്നെയാണ്. അതിനെ ദുർബ്ബലപ്പെടുത്തുന്ന ഒന്നും ഉണ്ടായിട്ടുമില്ല.

❖ എല്ലാവിധ മാലിന്യങ്ങളിൽ നിന്നും തന്റെ ശരീരത്തെ ശുദ്ധിയാക്കൽ രോഗിയുടെയും ബാധ്യതയാണ്. എന്നാൽ അയാൾക്കതിന് സാധിച്ചില്ലെങ്കിൽ തന്റെ അതേ അവസ്ഥയിൽത്തന്നെ നമസ്കരിച്ചാൽ മതി, അയാളുടെ നമസ്കാരം ശരിയാ

ണ്, അത് മടക്കി നിർവ്വഹിക്കേണ്ടതില്ല.

❖ ശുദ്ധിയുള്ള വസ്ത്രം ഉടുത്ത് നമസ്കരിക്കൽ രോഗിക്കും നിർബന്ധമാണ്. തന്റെ വസ്ത്രം മലിനമായാൽ നിർബന്ധമായും അത് കഴുകുകയോ അല്ലെങ്കിൽ അത് മാറ്റി ശുദ്ധിയുള്ളത് ഉടുക്കുകയോ വേണം. അതിന് സാധ്യമായില്ലെങ്കിൽ ആ അവസ്ഥയിൽത്തന്നെ അയാൾക്ക്നമസ്കരിക്കാം. അയാളുടെ നമസ്കാരം ശരിയാണ്, അത് മടക്കി നിർവ്വഹിക്കേണ്ടതില്ല.

❖ ശുദ്ധിയുള്ള വസ്തുവിന്മേലാണ് (നമസ്കാര സ്ഥലം) രോഗിയും നമസ്കരിക്കേണ്ടത്.നമസ്കാര സ്ഥലം മലിനമായാൽ അത് കഴുകുകയോ, അശുദ്ധിയുള്ളത് മാറ്റി ശുദ്ധിയുള്ളത് പകരം വെക്കുകയോ, അതിന്മേൽ ശുദ്ധിയുള്ള വല്ലതും വിരിക്കുകയോ ചെയ്യൽ നിർബന്ധമാണ്. അതിന് സാധ്യമായില്ലെങ്കിൽ തന്റെ ആ അവസ്ഥയിൽത്തന്നെ അയാൾ നമസ്കരിക്കട്ടെ. അയാളുടെ നമസ്കാരം ശരിയാണ്, മടക്കി നിർവ്വഹിക്കേണ്ടതില്ല.

❖ ശുദ്ധിയാക്കാൻ സാധിക്കാത്തത് കാരണം നമസ്കാരം അതിന്റെ സമയത്തെത്തൊട്ട് പിന്തിക്കു

വാൻ രോഗിക്കും പാടുള്ളതല്ല. മറിച്ച് കഴിയുന്ന രൂപത്തിൽ ശുദ്ധിയാക്കുകയും ശേഷം നമസ്കാരം അതിന്റെ സമയത്ത് തന്നെ നിർവ്വഹിക്കുകയും വേണം. തന്റെ ശരീരത്തിലോ വസ്ത്രത്തിലോ നമസ്കാരസ്ഥലത്തോ തനിക്ക് ശുദ്ധിയാക്കാൻ കഴിയാത്ത മാലിന്യങ്ങളുണ്ടെങ്കിലും ശരി.

❖ പ്രതിവിധിയേറെ ചെയ്തിട്ടും പ്രയോജനപ്പെടാത്ത മൂത്രവാർച്ചയുള്ള രോഗി ഓരോ നമസ്കാരത്തിനും അതിന്റെ വഖ്ത് പ്രവേശിച്ചതിന് ശേഷം തന്റെ ശരീരത്തിൽ ആയിട്ടുള്ള നജസ് കഴുകിക്കളഞ്ഞ് ശേഷം വുദ്വു എടുക്കുകയും, സാധിക്കുമെങ്കിൽ നമസ്കാരത്തിനായി ശുദ്ധിയുള്ള വസ്ത്രം ധരിക്കുകയും വേണം. അസാധ്യമാണെങ്കിൽ അയാൾക്കത് മാപ്പാക്കപ്പെടും. അല്ലാഹു പറയുന്നു: ﴿وما جعل عليكم في الدين من حرج﴾ 'മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെമേൽ അവൻ ചുമത്തിയിട്ടില്ല' (ഹജ്ജ്: 78). വീണ്ടും അവൻ പറയുന്നു:

﴿يريد الله بكم اليسر ولا يريد بكم العسر﴾ 'നിങ്ങൾക്ക് ആശ്വാസം വരുത്താനാണ് അല്ലാഹു ഉദ്ദേശിക്കുന്നത്

നിങ്ങൾക്ക് ഞെരുക്കം ഉണ്ടാക്കാൻ അവൻ ഉദ്ദേശിക്കുന്നില്ല' (ബഖറ: 185). നബി(ﷺ) പറഞ്ഞു: ( إذا أمرتكم بأمر فأتوا منه ماستطعتم ) 'ഞാൻ നിങ്ങളോട് വല്ലതും കൽപ്പിച്ചാൽ നിങ്ങൾക്ക് അതിൽ നിന്നും സാധ്യമായത്ര നിങ്ങൾ നിർവ്വഹിക്കുക'. തന്റെ ശരീരത്തിലോ വസ്ത്രത്തിലോ നമസ്കാരസ്ഥലത്തോ മൂത്രം പരക്കാതിരിക്കാൻ ആവശ്യമായ മുൻകരുതലുകളും അയാൾ സ്വീകരിക്കേണ്ടതാണ്.*

وصل الله على نبينا محمد

* ( الشيخ / ابن باز رحمه الله – فتاوى إسلامية لمجموعة من العلماء . صفحة : ١٧٣/١ )